Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മേയ് 9—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മേടം 27 | ലക്കം 38

## വ്യക്തിസ്വാതന്ത്ര്യവും രാഷ്ട്രീയാധികാരവും

[എൻ. ജി. തോമസ് ബി. എ. ഓണേഴ്സ്]

അറനൂററാണ്ടു് മുൻപുവരെ പൊതുവെയുണ്ടായിരുന്ന ഒരഭിപ്രായമാണു് വ്യക്തി സമുദായത്തിൽനിന്നും തീകച്ചും വിഭിന്നനാണെന്നു്. എന്നാൽ പുരോഗമനത്തിന്റെ വേലിയേററത്തിൽ വ്യക്തി സമുദായത്തിൽ ലയിച്ചിരിക്കുകയാണു്. കമ്മ്യൂണിസം തുടങ്ങിയ ഇസ്സങ്ങളുടെ സിദ്ധാന്തമനുസരിച്ചു്, സമുദായമാകുന്ന മഹാസൗധത്തിന്റെ ഒരു കല്ലു് എന്നതിൽ കൂടുതലായി അവനു് ഒരു വിലയുമില്ല. സമുദായത്തിന്റെ ഭാവിനന്മയ്ക്കായി അവൻ എന്തും സഹിച്ചുകൊള്ളണം. എന്നാൽ അതിന്റെ അംഗമെന്ന നിലയിൽ തനിക്കു് അതിന്റെമേൽ എന്തെങ്കിലും അവകാശമുണ്ടെന്നോ, അതിന്റെ സൗഭാഗ്യത്തിൽ തനിക്കും പങ്കുണ്ടായിരിക്കുമെന്നോ ഒരു മനുഷ്യനും വ്യാമോഹിച്ചുപോകരുതു്. വ്യക്തിക്കു് സമുദായത്തോടു് കടമകളല്ലാതെ അതിന്റെമേൽ അവകാശമൊന്നുമില്ല

എന്നാൽ കത്തോലിക്കാസഭയുടെ പ്രബോധനം വ്യക്തി നശിക്കുകയില്ലെന്നാണു്. സർവ്വാധിപത്യസിദ്ധാന്തം പറയുന്നു, രാഷ്ട്രം അഥവാ സമുദായമാണു് നശിക്കാതെ നിലനില്ക്കുന്നതെന്നു്. വ്യക്തി അഴിഞ്ഞു് രാഷ്ട്രത്തിനു് വളമായിത്തീരണം. ആത്മബോധവും, വികാരശക്തിയും, ചിന്താശക്തിയുമുള്ള ഒരു മനുഷ്യനെക്കൊണ്ടു് അവന്റെ മനുഷ്യത്വം ഒന്നാകെ ഉപേക്ഷിപ്പിക്കയാണു്. സാമാന്യബോധമുള്ള ഒരു മനുഷ്യനും ഒരു നിർജ്ജീവവസ്തുവായി കണക്കാക്കപ്പെടുവാൻ സമ്മതിക്കുകയില്ല. അതുകൊണ്ടാണു് വ്യക്തിത്വം നശിച്ചെങ്കിലേ രാഷ്ട്രത്തിനു് മനുഷ്യരെക്കൊണ്ടു് എന്തെങ്കിലും പ്രയോജനം ഉണ്ടാകുകയുള്ളുവെന്ന കെട്ടുകഥ കണ്ടുപിടിച്ചു് പ്രയോഗിക്കുവാൻ രാഷ്ട്രസിദ്ധാന്തം പ്രേരിതമായതു്.

രാഷ്ട്രസിദ്ധാന്തമാകുന്ന ഈ കെട്ടുകഥ വെറും അബദ്ധമാണു്. എന്താണിതു് ചെയ്യുന്നതു്? മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തെ അതു് അവഗണിക്കുന്നു. അതിന്റെ ഫലമെന്താണു്? സ്വാതന്ത്ര്യത്തിനു് കോട്ടംതട്ടുന്നു. യഥാർത്ഥസ്വാതന്ത്ര്യം മനുഷ്യന്റെ വ്യക്തിഗതമായ അവകാശങ്ങളുടെ അംഗീകരണത്തിൽനിന്നു് മുളയെടുക്കുകയും, അവന്റെ സാമൂഹികചുമതലകളുടെ അംഗീകരണത്തിൽ തഴച്ചുവളരുകയും ചെയ്യുന്നു.

മനുഷ്യൻ ഒരു വ്യക്തിയും അതേയവസരത്തിൽ ഒരു സാമൂഹികജീവിയുമാണു്. അവനു് വ്യക്തിത്വവും പൗരത്വവുമുണ്ടു്. അവന്റെ വ്യക്തിവികാസം പരിപൂർണ്ണമായി വികസിപ്പിക്കുവാൻ സമുദായത്തെ ആശ്രയിക്കുകയെന്നതു് അനുപേക്ഷണീയമാണു്. തന്മൂലം, സമുദായത്തിന്റെ ഇതരാംഗങ്ങളുമായി അവൻ അവശ്യം ഒത്തുശ്രമിക്കേണ്ടിവരുന്നു. പതിമൂന്നാം ലെയോ മാർപ്പാപ്പ പറയുന്നതുപോലെ "ലൗകികജീവിതത്തിനുപകരിക്കുന്ന കാര്യങ്ങൾ മനുഷ്യനു നേടിക്കൊടുക്കുകയെന്നതാണു് രാഷ്ട്രത്തിന്റെ പ്രഥമവും സ്വാഭാവികവുമായ ഉദ്ദേശം." പരിഷ്കാരം സങ്കീർണ്ണമാകുന്തോറും സമുദായത്തെ നാം കൂടുതൽ കൂടുതൽ ആശ്രയിക്കുന്നു. ഈ അന്യോന്യാശ്രയസ്വഭാവം അവനെ സമുദായത്തിന്റെ ഒരംശവും, മനുഷ്യവർഗ്ഗത്തിന്റെ ഒരംശവും, രാജ്യത്തിലെ ഒരു പൗരനും, പൊതുനന്മയ്ക്കുവേണ്ടി യത്നിക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വ്യക്തിയുമാക്കിത്തീർക്കുന്നു. ചുരുക്കത്തിൽ അവൻ ഒരു വ്യക്തിയാണു്, പലരിലൊരുവനാണു്.


എന്നാൽ ഈ സാമൂഹികജീവിക്കാകട്ടെ ശരീരം മാത്രമല്ല, ആത്മാവുമുണ്ടു്. തന്മൂലം യാതൊരു മനുഷ്യനും മററൊന്നിന്റെ അംശമല്ല. അവൻ അവിഭക്തനാണു്; പൂർണ്ണനാണു്; സ്വന്തമായി ഒരു ലക്ഷ്യവും, ആ ലക്ഷ്യം പ്രാപിക്കുവാൻ വേണ്ട മാർഗ്ഗങ്ങളും സ്വയം തെരഞ്ഞെടുക്കുവാൻ അവനു് കഴിയും. മനുഷ്യൻ ഒരു ധാർമ്മികവ്യക്തിയാണു്.

ഇങ്ങനെ വ്യത്യസ്തങ്ങളായ രണ്ടു ഘടകങ്ങളുടെ സമുച്ചയമാണു് മനുഷ്യൻ. അവൻ രാഷ്ട്രത്തിന്റെ ഒരംഗമാണു്. എന്നാൽ രാഷ്ട്രത്തിൽനിന്നു് ലഭിക്കാത്ത ചില അവകാശങ്ങളും അവനുണ്ടു്. അവനൊരു സാമുദായികജീവിയും, അതേസമയം ഒരാദ്ധ്യാത്മികസൃഷ്ടിയുമാണു്. വ്യക്തിയെന്നനിലയിൽ മനുഷ്യൻ സമുദായത്തിന്റെ ഒരംഗമാണു്. അതിന്റെ സൗഭാഗ്യത്തിനുവേണ്ടി പരിശ്രമിക്കുവാൻ അവനു് ചുമതലയുമുണ്ടു്. ഒരു ധാർമ്മികജീവിയെന്നനിലയിൽ അവൻ യാതൊരു ലൗകികശക്തിക്കും അവഗണിക്കുവാൻ കഴിയാത്ത അനേകം അവകാശങ്ങളോടുകൂടിയ ഒരു ഈശ്വരസൃഷ്ടിയാണു്. "സീസറിന്റേതു സീസറിനു് കൊടുക്കുക." കാരണം, നാം സമുദായത്തെ ആശ്രയിച്ചു് ജീവിക്കേണ്ടവരും, സീസറിന്റെ പൊതുനന്മയെ ലാക്കാക്കി പ്രവർത്തിക്കേണ്ടവരുമാണു്. എന്നാൽ "ദൈവത്തിന്റേതു് ദൈവത്തിനും കൊടുക്കുക." എന്തുകൊണ്ടെന്നാൽ അമർത്ത്യമായ ഒരാത്മാവും നമുക്കുണ്ടു്. സമുദായത്തിനും, രാഷ്ട്രത്തിനും അതീതമായ ഒരു മണ്ഡലത്തിലേക്കു് അതു നമ്മെ ഉയർത്തുന്നു. വിശാലമായ ഈ ദൃശ്യപ്രപഞ്ചത്തിനപ്പുറത്തു് നമുക്കു് മറെറാരു ലക്ഷ്യമുണ്ടു്. അവിടെയാണു് നാം ചെന്നുചേരേണ്ടതു്.

മേൽപ്രസ്താവിച്ചവയിൽനിന്നു രണ്ടു കാര്യങ്ങൾ സ്പഷ്ടമാണു്. ഒന്നു് മനുഷ്യൻ സമുദായത്തിൽനിന്നു് അഥവാ രാഷ്ട്രത്തിൽനിന്നു സ്വതന്ത്രനാണു്. രണ്ടു്, എന്നാൽ അവൻ സമുദായത്തെ ആശ്രയിക്കേണ്ടവനാണു്. അതിനാൽ പ്രകൃതിനിയമവും ദൈവികനിയമങ്ങളും മാനുഷികമായ എല്ലാ വ്യതിയാനങ്ങൾക്കും അതീതമാകയാൽ അവയെ ഭേദപ്പെടുത്തുവാൻ രാഷ്ട്രീയനിയമങ്ങൾക്കു അധികാരമോ അവകാശമോ ഇല്ല. നീതിക്കും സദാചാരത്തിനും വിരുദ്ധമല്ലാത്ത ഏതൊന്നിനോടും അവ പരിപൂർണ്ണമായി യോജിക്കുന്നു. മനുഷ്യൻ ഒരു രാജ്യത്തിലാണു ജീവിക്കുന്നതെങ്കിലും രാജ്യത്തിന്റെ സ്വന്തമല്ല. സകല രാഷ്ട്രീയമണ്ഡലങ്ങളേയുംകാൾ ഉന്നതമായ ഒരു ലക്ഷ്യം അവനുണ്ടു്—ആത്മരക്ഷ. ലോകം മുഴുവനെതിർത്താലും, പുരുഷാത്മകമായ തന്റെ പരിപൂർണ്ണതയ്ക്കായി ശ്രമിക്കുവാൻ വ്യക്തിക്കു് അവകാശമുണ്ടു്.

മനുഷ്യർക്കു മുക്തിമാർഗ്ഗമുപദേശിക്കുകയല്ല രാഷ്ട്രത്തിന്റെ മൗലികധർമ്മം. അതു മതത്തിന്റെ ധർമ്മമാണു്. പക്ഷെ ഈശ്വരസന്നിധിയിലേക്കു പ്രയാണംചെയ്യുന്ന വ്യക്തികൾക്കു വേണ്ട ലൗകികസഹായങ്ങൾ നൽകിക്കൊണ്ടു് ലക്ഷ്യപ്രാപ്തിക്കു് അവരെ സഹായിക്കുവാനുള്ള കടമ തീർച്ചയായും രാഷ്ട്രത്തിന്റേതാണു്. മനുഷ്യരെല്ലാവരുംകൂടി തീരുമാനംചെയ്തുണ്ടാക്കിയ ഒരു കൃത്രിമ

(ശേഷം 3-ാംപേജിൽ)



ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണം






(പി ഡി തോമസ്,
വെങ്കിടങ്ങ്)

പ്രപഞ്ചം മുഴുവൻ ഇരുളുമൂടി കിടക്കുകയാണ്. ഉയരം കുറഞ്ഞ ആ മുളംകട്ടിലിൽ കിടന്നുകൊണ്ട് മറിയാമ്മ, ഇറുന്നിട്ട കൊച്ചു ജാലകത്തിലൂടെ പുറത്തേക്കു നോക്കി. അങ്ങകലെ ഒരു രക്തത്തുള്ളിപോലെ ചുവന്നൊരു റെയിൽവെ സിഗ്നൽവിളക്ക് മിന്നിമിന്നി കത്തുന്നുണ്ട്. ഒരു വിളിപ്പാടകലെയുള്ള പൊതുശ്മശാനത്തിൽ, ഇനിയും കെട്ടടങ്ങാത്ത ചിതകളിൽനിന്ന് കാററുള്ളപ്പോൾ തീനാമ്പുകൾ ഉയരുകയും പെട്ടെന്നു കെട്ടടങ്ങുകയും ചെയ്തുകൊണ്ടിരിക്കുന്നു. തീനാമ്പുകൾ താഴ്ന്നാലും, ഇരുട്ടിൽ തിളങ്ങുന്ന അനേകായിരം പുളുക്കന്നുകൾപോലെ തീക്കനലുകൾ ആ ചുടലപ്പറമ്പിൽ മിന്നിമിന്നി കൊണ്ട് ശേഷിക്കുകയാണ്. കാററൂതിത്തുടങ്ങിയാൽ വീണ്ടും തീനാമ്പുകൾ ഉയരുകയുമായി.

ആ കൊച്ചു കളിമൺപുരയ്ക്കു പിന്നിലുള്ള റെയിൽപാളത്തിലൂടെ ആർത്തിരമ്പിക്കൊണ്ട് കടന്നുപോയ വൈദ്യുതതീവണ്ടിയുടെ ആരവം മെല്ലെ മെല്ലെ വിദൂരതയിലേക്കു അകന്നകന്നു പോകുന്നതു മറിയാമ്മ കേട്ടു. ടക്ട്ററ്റ്റ്.... ടക്ട്ററ്റ്...ടക്ട്ററ്...ടക്ടക്... റ്റ്...ടക്...

"ജോണ്യ, അപ്പൻ വന്നില്ലേ മോനേ" ഭയങ്കരമായ ഒരു ചുമയ്ക്കുശേഷം ചോര കലർന്ന ഒരു കട്ട കഫം മണ്ണു നിറച്ച ഒരു ചിരട്ടയിൽ തുപ്പിക്കൊണ്ടു മറിയാമ്മ കട്ടിലിൽ ചാരിയിരുന്നു മയങ്ങുന്ന അവളുടെ കൊച്ചുമകൻ ജോണിയോടു ചോദിച്ചു "ഇല്ല്യ അമ്മേ. ഇന്നപ്പന്റെ ടാക്സീക്കു നല്ല ജോലിയുള്ള ദിവസാവും; മൗണ്ടുറോഡിൻറടുത്തുള്ള ആ വല്ല്യ മൈതാനത്തില് ആനേം പുലീം ഒക്കെയുള്ള സർക്കസ്സു വന്നിട്ടുണ്ടമ്മേ!"

"ഇന്നപ്പൻ എത്രനേരം മണ്ടുംകൊണ്ട് പണിയെടുക്കണാവോ. നാലും മൂന്നാലുമിക്കൊടുക്കേണ്ടും കൊടുത്ത് എന്തെങ്കിലും കൈയിൽ കിട്ട്യാൽ മതിയായിരുന്നു. അപ്പൻ നമ്മക്കുവേണ്ടി എത്രമാത്രം ബുദ്ധിമുട്ടുന്നുണ്ടു മോനെ......" പെട്ടെന്നവൾക്കു ചുമ വന്നുപോയി. ചിരട്ടയിൽ ഒരു കട്ട കഫംകൂടി തുപ്പിയശേഷം അവൾ ചുമരിനോട് ചെരിഞ്ഞുകിടന്നു.

"എന്റെ കുഞ്ഞുമോൻ അമ്മേടെ പുറംമെന്നുഴിഞ്ഞുതന്നേ; അമ്മേടെ നെഞ്ചിനകത്ത് എന്തൊരു വേദനയാമോനെ" മറിയാമ്മ അവളുടെ കീറിപ്പറിഞ്ഞ ബ്ളൗസ് മേലോട്ടു മെറുത്തുകയററിവച്ചുകൊണ്ടു പറഞ്ഞു. ജോണിയുടെ കൊച്ചുകരങ്ങൾ ശോഷിച്ചു ശോഷിച്ചു ഒരു സ്ഥികൂടവും തൊലിയും മാത്രമായിത്തീർന്ന മറിയാമ്മയുടെ പുറത്തു മെല്ലെ മെല്ലെ ചലിച്ചുതുടങ്ങി. വാരിയെല്ലുകൾ നിരനിരയായി പൊങ്ങിനില്ക്കുന്ന മറിയാമ്മയുടെ പുറത്ത് കൈവെച്ചപ്പോൾ ജോണിയുടെ നീലക്കണ്ണുകളിൽനിന്ന് കണ്ണീർക്കണങ്ങൾ അടന്നടന്നു വീണുപോയി. ഭയാനകമായ ഒരു നിശ്ശബ്ദത ആ ഇടുങ്ങിയ മുറിയിൽ തങ്ങിനിന്നു ജോണിയുടെ കൈകൾ അവന്റെ അമ്മയുടെ വാരിയെല്ലുകളിൽ മൃദുവായി തടവിക്കൊണ്ടിരുന്നപ്പോൾ അവന്റെ കൊച്ചുഹൃദയത്തിൽ നീറുന്ന ചിന്തകൾ ഓരോന്നോരോന്നായി ഉയരുകയായിരുന്നു. അമ്മയ്ക്കു സുഖമില്ലാതാകുന്നതിനു മുൻപുള്ള ദിനങ്ങൾ എത്ര മനോഹരങ്ങളായിരുന്നു. നഗരത്തിൽ വന്നിട്ട് ഒന്നു രണ്ടു മാസത്തെ അലഞ്ഞുനടക്കലിനുശേഷം അപ്പനു രാമസ്വാമിമുതലാളിയുടെ ഒരു ടാക്സി കാറിൽ ജോലി കിട്ടുകയും മുതലാളിനഗരത്തിൽനിന്നു ഒഴിഞ്ഞുമാറിയുള്ള ഈ കൊച്ചുവീട് താമസിക്കാൻ നൽകുകയും ചെയ്ത ആ ദിവസം അപ്പനുമമ്മയുമെല്ലാം എത്ര സന്തോഷത്തോടെയാണ ഉറങ്ങാൻ പോയത്.... ഇപ്പോൾ സർക്കസ്സു നടന്നുകൊണ്ടിരിക്കുകയാവും. അമ്മയ്ക്കു സുഖമുണ്ടായിരുന്നെങ്കിൽ തീർച്ചയായും അപ്പൻ എന്നെയും അമ്മയെയും സർക്കസ്സു കാണാൻ കൊണ്ടുപോയിരുന്നേനെ. എന്തുചെയ്യാം, അമ്മ കിടപ്പിലാണ്. "അമ്മ ഇനിയീ കട്ടിലിൽനിന്നെഴുന്നേൽക്കുമോ? അതോ......" ജോണിയുടെ ഹൃദയത്തിനു താങ്ങാനാവാത്ത ഒരു ചിന്തയായിരുന്നു അത്. അവന്റെ ഹൃദയം വിങ്ങിപ്പൊട്ടി. അവൻ മറിയാമ്മയുടെ കട്ടിലിൽ തലചായ്ച്ചുവെച്ചുകൊണ്ടു തേങ്ങി തേങ്ങിക്കരഞ്ഞു. കട്ടിലിൽ വിരിച്ചിരുന്ന കീറപ്പായിൽ കണ്ണുനീർത്തുള്ളികൾ ഇററിററുവീണു. കരഞ്ഞു കരഞ്ഞു ആ കുരുന്നുഹൃദയം താനെ ഉറങ്ങിപ്പോയി. മറിയാമ്മയും മെല്ലെയൊന്നു മയങ്ങുകയായിരുന്നു.

"മറിയാമ്മ ഉറങ്ങിപ്പോയോ; പനിയെങ്ങിനെയിരിക്കുന്നു." ജോലികഴിഞ്ഞു തിരിച്ചുവന്ന ആൻറണി മറിയാമ്മയുടെ നെററിത്തടത്തിൽ കൈവച്ചുകൊണ്ടു ചോദിച്ചപ്പോൾ അവൾ തിരിഞ്ഞുകിടന്നു കണ്ണുതുറന്നു.

"നിങ്ങളു വന്നോ; എന്താണിത്ര താമസിക്കുന്നതെന്നു വിചാരിച്ചിരിക്ക്യായിരുന്നു ഞാൻ. നിങ്ങള നാളെ ജോലിക്കു പോ...കൂ...ന്ന്...ക...ട്ടോ" ചുമച്ചുകൊണ്ടാണ് അവൾ ആ വാക്കുകൾ പൂർത്തിയാക്കിയത്.

"എന്താണ് മറിയാമ്മെ ഇന്നു നിങ്ങളിങ്ങനെ പറയുന്നത്; ഇന്നു അസുഖം വല്ലതും കൂടുതലുണ്ടായോ?"

"എന്റെ നെഞ്ചെല്ലാം പഴുത്തിരിക്ക്യാ ശ്വാസം കഴിക്കുമ്പോൾ നെഞ്ചു മുഴുവൻ പൊളിഞ്ഞുപോകുന്നതു പോലെയാ."

പറഞ്ഞുതീർന്നശേഷം അവൾ കുറേ നേരത്തേക്കു നീട്ടിവലിച്ചുകൊണ്ട് ചുമച്ചു. ആൻറണി നീട്ടിക്കൊടുത്ത ചിരട്ടയിൽ കുറേ കഫം തുപ്പിക്കളഞ്ഞു നീട്ടിവലിച്ചൊരു ശ്വാസം വിട്ടുകൊണ്ടു അവൾ തുടർന്നു. "വെറുതെ കിടക്കുമ്പോൾ കരച്ചില് വരികയാണ്. എന്റെ കുഞ്ഞുമോനെപ്പററി ആലോചിക്കുമ്പോൾ..." മറിയാമ്മ ആൻറണിയുടെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കി. ആൻറണി അവളുടെ കണ്ണുകളിലേക്കും. വേദനനിറഞ്ഞ ഒരായിരം ചോദ്യങ്ങൾ ആ കണ്ണുകൾ പരസ്പരം കൈമാറി. ആ നാലു കണ്ണുകൾ നിറയുകയായിരുന്നു.

"എന്റെ ജോണി മാത്രമില്ലാത്തൊന്നാ....ഞാനു" മറിയാമ്മ അവളുടെ നീണ്ടുശോഷിച്ച കരങ്ങൾകൊണ്ടു കണ്ണുനീർ തുടച്ചുകളഞ്ഞുകൊണ്ടു പറഞ്ഞു ആൻറണി ഒന്നും മിണ്ടിയില്ല. കട്ടിലിൽ തലവെച്ചുകൊണ്ട് തളർന്നുറങ്ങുന്ന ജോണിയെ അയാൾ താങ്ങിയെടുത്ത്, മുറിയുടെ മറെറാരു വശത്തു വിരിച്ചിട്ട ഒരു കീറപ്പായിൽ മെല്ലെ കിടത്തി. ആൻറണിയുടെ തോളിൽ തളർന്നുകിടന്ന ജോണിയുടെ ഓമനശിരസ്സു കീറപ്പായിൽ മെല്ലെ വയ്ക്കുമ്പോൾ, കണ്ണീരു ഉണങ്ങിപ്പററിയിരുന്ന ആ കൊച്ചു മുഖകമലത്തിൽ അയാൾ മൃദുവായൊന്നു ചുംബിച്ചു. രണ്ടു കണ്ണുനീർത്തുള്ളികൾ അയാളുടെ കണ്ണുകളിൽനിന്നു ആ കുരുന്നുമുഖത്തിൽ അടന്നു വീണു.

ആൻറണി അന്നു വാങ്ങിക്കൊണ്ടുവന്ന പുതിയ മരുന്ന് മറിയാമ്മയുടെ വായിൽ ഒഴിച്ചുകൊടുത്തു. ഒഴിച്ചുകൊടുത്ത മരുന്നിൽ പകുതിയിലധികവും അവളുടെ ഒട്ടിയ കവിളിലൂടെ ഒലിച്ചുപോകുകയാണുണ്ടായത്. വിശാലമായ കണ്ണുകൾ തുറന്നുവച്ചുകൊണ്ട് അവളുടെ മനസ്സ് ഏതോ സ്വപ്നമണ്ഡലത്തിൽ വിഹരിക്കുന്നതുപോലെ കാണപ്പെട്ട ആൻറണി മറിയാമ്മയുടെ കവിളിലൊലിച്ച മരുന്നു തുടച്ചുകളഞ്ഞശേഷം, ജോണി കിടന്നിരുന്ന കീറപ്പായയിൽ തന്നെ ചുരുണ്ടുകൂടി. അയാൾക്ക് അതിയായ ക്ഷീണമുണ്ടായിരുന്നു.

ആൻറണിയുടെ വയറു മുളുകയായിരുന്നു നാലുമണിക്കു കഴിച്ച ഒരു ദോശയും ഒരുകപ്പ കാപ്പിയുംമാത്രമേ അയാളുടെ വയററിൽ വിശപ്പിന്റെ വിളിയെ തടുക്കുവാനായുണ്ടായിരുന്നുള്ളു. എന്തു ചെയ്യാം, കൈയിൽകിട്ടിയ ഒരു ചെറിയ സംഖ്യ മുഴുവൻ മറിയാമ്മയുടെ മരുന്നിനു ചിലവായിക്കഴിഞ്ഞു ജോണി ഇന്നു പട്ടിണിയായിരിക്കും. അയാൾ ജോണിയെ മാറോടുചേർത്തണച്ചുകൊണ്ടു ചിന്തിച്ചു. അവൻ ഇന്നു കാലത്തു അത്താഴത്തിനുവേണ്ടി സൂക്ഷിച്ചുവച്ചിരുന്ന ആ രണ്ടു റൊട്ടിക്കഷണങ്ങൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളു ആ കൊച്ചുവയററിൽ. പാവം! നിർഭാഗ്യവാനായ കുട്ടി! ജീവിതത്തിന്റെ പുലരിയിൽതന്നെ കണ്ണീരുകുടിച്ചുവളരേണ്ടിവന്ന ഒരു സാധു ടാക്സിക്ലീനറുടെ മകൻ. ഇതുവരെയും ജീവിതം കയ്പുമാത്രമായനുഭവപ്പെട്ട ആ കൊച്ചുഹൃദയത്തിന് ജീവിതം തളിർക്കുകയും പൂക്കുകയും ഫലമണിയുകയും ചെയ്യുന്ന മാധുര്യകാലത്തെപ്പററി എന്തെങ്കിലും പ്രതീക്ഷകളുണ്ടോ ആവോ. അമ്മയുടെ പരിലാളനങ്ങളേററുകൊണ്ട് ആനന്ദസംപൂർണ്ണമായി ബാല്യം കഴിക്കേണ്ട അവൻ, അമ്മ മരണവുമായി പടപൊരുതുന്ന ഭീകരരംഗം അനുദിനം കണ്ടുകൊണ്ട് കണ്ണീരിൽ കുളിച്ചുകഴിയാനാണ് വിധി. പാവംകുട്ടി! അവന്റെ ജീവിതം ആരംഭിക്കുന്നതുതന്നെ അതിന്റെ കറുത്തിരുണ്ട വശങ്ങളിൽക്കൂടിയാണ്......അങ്ങനെ അങ്ങനെ ഹൃദയത്തിൽ ചുടുപിടിച്ച ചിന്തകൾ മുളിക്കൊണ്ടിരിക്കെ തന്നെ ആൻറണി ഉറങ്ങിപ്പോയി.

മറിയാമ്മ പെട്ടെന്നു മയക്കത്തിൽനിന്നുണർന്നു. അവൾ പുറത്തേക്കു നോക്കി. ആകാശത്തിൽ നക്ഷത്രങ്ങൾ മിന്നിത്തിളങ്ങുന്നുണ്ട്. അപ്പോഴും അങ്ങകലെ ആ സിഗ്നൽലൈററ് രക്തത്തുള്ളിപോലെ പ്രകാശിക്കുകയാണ്. വിദൂരതയിൽ ഒരു ഗുഡ്സ്‌വണ്ടി ഭയാനകമായി നീട്ടിനീട്ടി കൂവുന്നതു കേട്ടപ്പോൾ മറിയാമ്മയ്ക്കു കരയാൻതോന്നി. അവൾ ചങ്കുപറിഞ്ഞൊന്നു ചുമച്ചപ്പോൾ അവളുടെ വായിൽനിന്ന് ഒരു കട്ട രക്തം ആ കീറപ്പായയിൽ തെറിച്ചുവീണു. പെട്ടെന്നു അവളുടെ ഉദരത്തിൽനിന്നു ഒരഗ്നികുണ്ഡം നെഞ്ചിലേക്കു തള്ളിക്കയറുന്നതുപോലെ അവൾക്കു തോന്നി. നെഞ്ചിനകത്ത് ഒരായിരം ആണികൾ കുത്തിത്തറയുന്നതുപോലുള്ള ഒരു വേദനയും. രണ്ടു കൈയും പുറകിൽകുത്തി എഴുന്നേററിരുന്നുകൊണ്ട് മറിയാമ്മ ഉച്ചത്തിൽ ശ്വസിക്കാൻ തുടങ്ങി. ആ അഗ്നികുണ്ഡം അവളുടെ നെഞ്ചിലിരുന്നു വികസിച്ച് അവളുടെ മാറിടം പൊളിക്കാൻ തുടങ്ങുന്നതുപോലെ അവൾക്കു തോന്നി. "ഈശോ...ശോ..." അവൾ ഉച്ചത്തിൽ കരഞ്ഞുപോയി. ആൻറണി ഭയസംഭ്രാന്തനായി ഞെട്ടിയെഴുന്നേററു മറിയാമ്മയുടെ കട്ടിലിൽ വന്നിരുന്ന് അവളുടെ പുറം തടവിക്കൊണ്ട് അയാൾ വിളിച്ചു: "മറിയാമ്മ"

"ഹാവൂ എനിക്കു വയ്യാ. എന്റെ കു... ഞ്ഞുമോ....ൻ" മറിയാമ്മയുടെ വേദനകളും സംഭ്രമവും വർദ്ധിക്കുകയായിരുന്നു. അവൾ ആൻറണിയുടെ മടിയിലേക്കു തളർന്നുവീണു. അയാൾ അവളെ ഒരു പഴന്തുണിയെടുത്തുവീശി. മറിയാമ്മയുടെ മാറിടം അപ്പോഴും ഭയാനകമായി പൊങ്ങുകയും താഴുകയും ചെയ്തുകൊണ്ടിരുന്നെങ്കിലും, കണ്ണടച്ച് അവൾ ശാന്തമായുറങ്ങുന്നതുപോലെ കാണപ്പെട്ടു. ആൻറണി വിശറുമ്പോഴുണ്ടാകുന്ന നേരിയ കാററിൽ അവളുടെ എണ്ണയില്ലാത്ത ചുരുണ്ട മുടിയിഴകൾ ആ വിളറിയ മുഖത്തു പാറിവീണുകൊണ്ടിരുന്നു.

മുറിയിൽ വിളക്കു കത്തിയിരുന്നതുകൊണ്ട് ജോണി കണ്ണുതുറന്നു. അവൻ കട്ടിലിലേക്കു നോക്കി. അമ്മ അപ്പന്റെ മടിയിൽ കിടന്ന് ഉച്ചത്തിൽ നീട്ടിവലിച്ചുകൊണ്ട് ശ്വസിക്കുകയാണ്. അപ്പന്റെ കണ്ണുകളിൽനിന്ന് കണ്ണുനീർത്തുള്ളികൾ ഇററിററുവീണുകൊണ്ടിരുന്നു. അവൻ പിടഞ്ഞെഴുന്നേററു മറിയാമ്മയുടെ കട്ടിലിന്നരികത്തു വന്നുനിന്നു. അവളുടെ മുഖത്തേക്ക് സൂക്ഷിച്ചു നോക്കിക്കൊണ്ട് അവൻ നിശ്ചലനായിനിന്നു. അവന്റെ ഹൃദയത്തുടിപ്പുകൾക്ക് വേഗത കൂടിക്കൂടിവരികയായിരുന്നു; കണ്ണുകൾ നിറഞ്ഞുതേട്ടുകയായിരുന്നു.

പെട്ടെന്ന് മറിയാമ്മ ഞെട്ടിയുണർന്നു അവൾ ആൻറണിയുടെ കൈകളിൽ മുറുകെ പിടിച്ചു. ഭയങ്കരമായ ചേഷ്ടകളോടെ അവളൊന്നു ചുമച്ചപ്പോൾ അവളുടെ വായിൽനിന്നു കറുത്തിരുണ്ട ഒരു കട്ടച്ചോര പുറത്തുവന്നു. ആൻറണി ഒരു കീറത്തുണികൊണ്ട് അതു തുടച്ചുമാററി. അസാധാരണമായി വികസിച്ച അവളുടെ കണ്ണുകൾ വ്യഗ്രതയിൽ എന്തോ ഒന്നിനെ തിരയുന്നതുപോലെ തോന്നി. "എന്റെ... കു...ഞ്ഞു ...മോൻ" മറിയാമ്മ പെട്ടെന്നെഴുന്നേററിരുന്ന് ജോണിയെ അവളുടെ മാറുഹൃദയത്തോടു ചേർത്തമ

(ശേഷം 11-ാംപേജിൽ)

കാഞ്ഞ പലിശയ്ക്ക്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടംകൊടുക്കുന്നതാകുന്നു.
ബാങ്ക് ഓഫ്
കൊച്ചിൻ
ലിമിറ്റഡ്
എറണാകുളം, തൃശ്ശൂർ, മട്ടാഞ്ചേരി,
ചാലക്കുടി, വില്ലിംഗ്ഡൺദ്വീപ്



EXCUSE DELAY
M. Isaac, Bekaner

(1-ാംപേജ് തുടർച്ച)

സൃഷ്ടിയല്ല രാഷ്ട്രം. അതു മനുഷ്യപ്രകൃതിയിൽനിന്നുതന്നെ മുളയെടുത്തിട്ടുള്ള ഒരു സ്ഥാപനമാണ്. അങ്ങനെയെങ്കിൽ രാഷ്ട്രത്തിന്റെ ലക്ഷ്യമെന്താണ്? പൊതുജനക്ഷേമം പുലർത്തുക അഥവാ നന്നായി ജീവിക്കുവാൻ മനുഷ്യനെ ശക്തനാക്കുക. പക്ഷേ എന്താണീ പൊതുജനക്ഷേമമെന്നു പറയുന്നതു്? ഒന്ന്, യാതൊരു വ്യത്യാസവും കൂടാതെ രാജ്യത്തിലുള്ള സകല മനുഷ്യരുടേയും ശ്രേയസ്സിനുവേണ്ടിയായിരിക്കണം രാഷ്ട്രം പ്രവർത്തിക്കുന്നതു്. രണ്ട് പൊതുജനശ്രേയസ്സിനുവേണ്ടിയുള്ള ഈ ശ്രമത്തിൽ വ്യക്തികളുടെ നന്മ പുറംതള്ളപ്പെടുവാൻ ഇടയാകരുതു്.

വ്യക്തിയും സമുദായവും തമ്മിലുള്ള ബന്ധത്തിൽ രണ്ടു കുഴപ്പങ്ങളുണ്ടാകാവുന്നതു്. വ്യക്തി സമുദായത്തിൽനിന്നു മാറി ഒററതിരിഞ്ഞു നിന്നേക്കാം. അല്ലെങ്കിൽ അതിൽ ലയിച്ചെന്നുവരാം. ഇവയിൽ ഒന്നാമത്തേതിനു് ലിബറലിസം അഥവാ വ്യക്തിമാത്രവാദമെന്നും, രണ്ടാമത്തേതിനു് കളക്ടിവിസം അഥവാ രാഷ്ട്രമാത്രവാദമെന്നും പേർപറയുന്നു. ഒരു പൗരനെന്ന നിലയ്ക്കു മനുഷ്യൻ രാഷ്ട്രത്തിനുവേണ്ടിയാണെന്നു പറയാം. എന്നാൽ ഒരു ധാർമ്മികവ്യക്തിയെന്ന നിലയിൽ രാഷ്ട്രം മനുഷ്യനുവേണ്ടിയാണ്. കാരണം, മനുഷ്യനുമാത്രമേ അനശ്വരമായ ഒരു ജീവിതലക്ഷ്യമുള്ളു. അവൻ മാത്രമാണ് മററു സകല ലൗകികമൂല്യങ്ങളുടേയും മാനദണ്ഡം. നീതി, സത്യം, സ്വാതന്ത്ര്യം ഇവയോരോന്നും മനുഷ്യനിൽനിന്നാണ് ഉത്ഭവിക്കുന്നതു്. പരമമായ ആ മൂല്യത്തിന്റെ മുൻപിൽ രാഷ്ട്രം തലകുനിച്ചേ മതിയാവൂ.

ലിബറലിസ്റ്റ് സിദ്ധാന്തമാണ് മുതലാളിത്തത്തിനു വഴിതെളിച്ചതു്. സ്പെൻസറും കാൻറും നിർമ്മിച്ചെടുത്ത ലിബറലിസ്റ്റ് സിദ്ധാന്തം പൊതുജനസൗകര്യത്തിനുവേണ്ടി സ്വകാര്യവ്യക്തികളുടെ അവകാശം നിയന്ത്രിക്കുവാൻ രാഷ്ട്രം ഭാവിക്കുമ്പോഴൊക്കെ അതു അനാവശ്യമായ കൈകടത്തലുകളാണെന്നും വ്യവസ്ഥാപിതാവകാശങ്ങളുടേയും ഉടമസ്ഥാവകാശത്തിന്റേയും വിധ്വംസനമാണെന്നും മുറവിളികൂട്ടുകയാണ്. ചുരുക്കത്തിൽ സാമൂഹികക്ഷേമം ഒരു മാനദണ്ഡമേ അല്ലെന്നുവരുന്നു. സാമ്പത്തികരംഗത്തു് ശക്തന്മാർ അശക്തന്മാരെ ചവുട്ടിമെതിച്ചുതുടങ്ങും. അതു ശരിയല്ലെന്നു ആരെങ്കിലും ശബ്ദിച്ചുപോയാൽ അയാൾ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരമശത്രുവായി മുദ്രയടിക്കപ്പെടും. തോന്നുന്നതു ചെയ്യുവാനുള്ള കഴിവാണത്രെ സ്വാതന്ത്ര്യം. പക്ഷേ ഇത്തരം സ്വാതന്ത്ര്യത്തിനു് തന്നിഷ്ടമെന്ന പേരായിരിക്കും കൂടുതൽ അന്വർത്ഥം.

ലിബറലിസത്തിന്റേയും അതിന്റെ പരിണതഫലമായ മുതലാളിത്തത്തിന്റേയും വേരുകൾ പറിഞ്ഞുതുടങ്ങിയിരിക്കുന്നു. പക്ഷേ അതു വ്യക്തിയുടെ ധാർമ്മികാവകാശങ്ങൾക്കു പുനഃപ്രതിഷ്ഠ ലഭിച്ചുകൊണ്ടോ, യഥാർത്ഥസ്വാതന്ത്ര്യം പുനർജ്ജീവിച്ചുകൊണ്ടോ സംഭവിക്കുന്നതല്ല. ലിബറലിസം ഇന്നു പൊളിയാനുള്ള കാരണം സർവ്വാധിപത്യരാഷ്ട്രത്തിന്റെ ഉദയമാണ്. രാഷ്ട്രം നിർണ്ണയിക്കുന്ന സദാചാരമാണ് യഥാർത്ഥ സദാചാരം. രാഷ്ട്രീയമനസ്സാക്ഷിമാത്രമാണ് യഥാർത്ഥ മനസ്സാക്ഷി. രാഷ്ട്രത്തിന്റെ അഥവാ പാർട്ടിയുടെ ഉന്നമനമായിരിക്കണം മനുഷ്യന്റെ ഏകലക്ഷ്യം. മനുഷ്യനല്ല രാഷ്ട്രമാണ് സ്വാതന്ത്ര്യത്തിന്റെ ഉത്ഭവസ്ഥാനം. വർഗ്ഗത്തിനുമാത്രമേ അവകാശങ്ങളുള്ളു. സാമുദായികജീവിതം നയിക്കുന്ന ഒരു ധാർമ്മികവ്യക്തിയല്ല മനുഷ്യൻ. അവൻ ഒരു വസ്തുവിന്റെ അംശവും ഒരു പ്രത്യേകലക്ഷ്യം പ്രാപിക്കുവാനുള്ള ഉപകരണവും മാത്രമാണ്.

ഇപ്പറഞ്ഞ രണ്ടു അമിതവാദങ്ങൾക്കുമിടയ്ക്കു സുവർണ്ണസുന്ദരമായ ഒരു മദ്ധ്യമമാർഗ്ഗമുണ്ടു്. സാമൂഹികവ്യവസ്ഥിതിയുടെ പരിധിക്കുള്ളിൽനിന്നുകൊണ്ടു് ആത്മരക്ഷയ്ക്കും, വ്യക്തിമഹിമയുടെ സമ്പൂർണ്ണതയ്ക്കും ആവശ്യകമായ നന്മയെ തിരഞ്ഞെടുക്കുവാനുള്ള കഴിവാണ് യഥാർത്ഥസ്വാതന്ത്ര്യം. പ്രസ്തുത വ്യവസ്ഥിതിയനുസരിച്ചു് ഒരു പൗരനെന്ന നിലയിൽ ഓരോ വ്യക്തിക്കും നിശ്ചിതമായ ചില ധർമ്മങ്ങളും സാമാന്യക്ഷേമത്തെ മുൻനിർത്തി നിർവ്വഹിക്കുവാനുള്ള ചില സാമൂഹികചുമതലകളുമുണ്ടായിരിക്കും. രാഷ്ട്രത്തിനു അതുപോലെ വ്യക്തികളോടും അവരുടെ ധാർമ്മികാവകാശങ്ങളെ അംഗീകരിച്ചു് സംരക്ഷിക്കുവാനും, അവരുടെ സാന്മാർഗ്ഗികജീവിതത്തെ സഹായിക്കുവാനും ചുമതലയുണ്ടായിരിക്കും. ഓരോ വ്യക്തിയും ഇങ്ങനെ നന്നാകുമ്പോൾ രാജ്യം മുഴുവൻ നന്നാകുകയും, സ്വതന്ത്രപൗരന്മാരെക്കൊണ്ടു് ദൈവരാജ്യം നിറയുകയും ചെയ്യും. ഇഷ്ടമുള്ളതെല്ലാം ചെയ്യുന്നതോ ഒരേകാധിപതിയുടെ അടിമയായിത്തീരുന്നതോ അല്ല സ്വാതന്ത്ര്യമെന്നും പ്രത്യുത ചെയ്യേണ്ടതു് ചെയ്യുന്നതിലാണ് യഥാർത്ഥസ്വാതന്ത്ര്യം അന്തർഭവിച്ചിരിക്കുന്നതെന്നും നാം മനസ്സിലാക്കും. അതുതന്നെയായിരിക്കും സാക്ഷാത്തായ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണോദയവും.

# ദൈവമഹത്വമോ, ലോകപ്രശസ്തിയോ?—ഏതാണു ലക്ഷ്യം?

[ഫാദർ എം. നടയ്ക്കൽ]

ഏതൊരു സത്പ്രവൃത്തിയോടും "പ്രശസ്തിക്കുവേണ്ടി" എന്നൊരാരോപണം കൂട്ടിച്ചേർക്കാവുന്നതാണ്. നന്മ ചെയ്യുവാൻ യത്നിക്കുന്നവനു് വേറേയും ആരോപണങ്ങളും പ്രതികൂലസാഹചര്യങ്ങളും തരണംചെയ്യേണ്ടതായിവന്നേക്കാം.

കാണുവാൻ ആളില്ലെങ്കിൽ നന്മചെയ്യുന്നവർ വിരളമായിരിക്കും എന്നുള്ളതു മറെറാരു വസ്തുതയാണ്. ഈ വസ്തുതയ്ക്കു അപവാദങ്ങളുണ്ടെന്നുള്ളതും വിസ്മരിക്കരുതു്. പക്ഷേ എന്തിനു നാം ഒരു നല്ല പ്രവൃത്തി ചെയ്യുന്നവന്റെ സദുദ്ദേശ്യത്തെ ചോദ്യംചെയ്യുവാൻ പോകുന്നു? ഒരു ഗുണൈകഗ്രാഹിയായിരിക്കുക എന്നതു ഹൃദയവിശാലതയുടേയും സംസ്കാരത്തിന്റേയും ലക്ഷണവും കൂടിയാണല്ലോ.

കുറവുകളെ കണ്ടു പരിഹരിക്കണമെന്നതു വേറൊരു സംഗതി. പ്രവൃത്തികളിൽനിന്നും അവയുടെ സാഹചര്യങ്ങളിൽനിന്നും പ്രവൃത്തി ചെയ്യുന്നവന്റെ ഉദ്ദേശ്യശുദ്ധിയെ നിഗമനം ചെയ്യേണ്ടുന്നതിനുള്ള പൊതുജനങ്ങളുടെ കഴിവിനെ അവഗണിക്കുന്നതു് ഉചിതമല്ല. ഫലത്തിൽനിന്നു വൃക്ഷത്തെ മനസ്സിലാക്കണമെന്നു ദിവ്യരക്ഷകൻതന്നെ അരുൾചെയ്തിരിക്കുന്നു. പൊതുവായിപ്പറഞ്ഞാൽ ഇന്നത്തെ ഭക്തകൃത്യങ്ങളുടേയും സംഘടനാപ്രവർത്തനങ്ങളുടേയും ഒരു പ്രധാനലക്ഷ്യം പ്രശസ്തിയാണെന്നു ധരിച്ചിരിക്കുന്ന പ്രേക്ഷകരുടെ സംഖ്യ വർദ്ധിച്ചുവരുന്നതായിട്ടാണു കാണുന്നതു്. ഉദാഹരണങ്ങൾ കൊണ്ടുവരുന്നതു് അത്ര സുഖപ്രദമല്ലായിരിക്കാം.

പെരുന്നാളുകളുടെ വിവരം പത്രങ്ങളിൽ പ്രസിദ്ധംചെയ്യുന്നവിധം കാണുമ്പോൾ യാഥാസ്ഥിതികന്മാർ വിചാരിച്ചുപോകും ഇതെന്തൊരു കാലമാണെന്നു്. പെരുന്നാൾ പരസ്യങ്ങളുടേയും നോട്ടീസുകളുടേയും വിശദാംശങ്ങൾ സുവിദിതങ്ങളും സുപരിചിതങ്ങളുമാണല്ലോ.

പെരുന്നാളിന്റെ തീയതിയും മററു പ്രധാനപരിപാടികളും പത്രദ്വാരാ പൊതുജനങ്ങളെ അറിയിക്കുന്നതിനെപ്പററി ആക്ഷേപമുണ്ടാകുമെന്നു തോന്നുന്നില്ല. പക്ഷേ വിശദാംശങ്ങൾ പ്രസിദ്ധം ചെയ്യുന്നതിന്റെ ഉദ്ദേശ്യശുദ്ധിയെപ്പററി പലപ്പോഴും സംശയിക്കാൻ ഇടനൽകുന്നുണ്ടു്.

പെരുന്നാൾദിനം ആഘോഷമായ പാട്ടുകുർബാന ചൊല്ലുന്ന കാർമ്മികന്റെ പേരും അദ്ദേഹത്തിനു ബിരുദങ്ങളുണ്ടെങ്കിൽ അതുംകൂടി പരസ്യങ്ങളിൽ ചേർക്കുന്നതു പെരുന്നാളിന്റെ പ്രൗഢിയെ വർദ്ധിപ്പിക്കുമായിരിക്കാം. ഉച്ചഭാഷിണിയന്ത്രങ്ങൾ സർവ്വസാധാരണങ്ങളായിത്തീർന്നതുകൊണ്ടാണെന്നു തോന്നുന്നു "പരിപാടികൾ ഉച്ചഭാഷിണിയിൽക്കൂടി പ്രക്ഷേപണം ചെയ്യുന്നതായിരിക്കും" എന്നുള്ള പ്രസിദ്ധീകരണസമ്പ്രദായത്തിനു പ്രചാരം വന്നുകൊണ്ടിരിക്കുന്നതു്.

പക്ഷേ ഒരു കാര്യം ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്. ദൈവാലയത്തോടു് അനുബന്ധിച്ചു ഉച്ചഭാഷിണികളിൽക്കൂടി സിനിമാഗാനങ്ങളും മതഭക്തിയോടു ബന്ധമില്ലാത്ത മററു ഗാനങ്ങളും പ്രക്ഷേപണംചെയ്യുന്നതിൽ സന്തുഷ്ടരല്ലാത്ത യാഥാസ്ഥിതികന്മാരായിരിക്കാം ഏതിടവകയിലേയും ഭൂരിപക്ഷം. ഈ സമ്പ്രദായത്തിനു് ഒരു വിരാമംവരണമെന്നു അവർ ആഗ്രഹിക്കുന്നുമുണ്ടു്. ദിവ്യബലിക്കു ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന്റെ ഔചിത്യത്തെപ്പററി സംശയിക്കുന്നവരും ഇല്ലാതില്ല. എന്നാൽ കുർബാനസമയത്തു് ഉച്ചഭാഷിണി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ചിലപ്പോഴല്ല പലപ്പോഴും നേരിട്ടേക്കാം.

പെരുന്നാൾചടങ്ങുകളോടുകൂടി നാടകം, കഥാകാലക്ഷേപം മുതലായ കലാപരിപാടികൾ ഘടിപ്പിക്കുന്നതു ഭക്തിവർദ്ധിപ്പിക്കുന്നതിനോ, ആളുകൾ തടിച്ചുകൂടുന്നതിനോ, അല്ലെങ്കിൽ ഇവരണ്ടിനുംകൂടിയോ എന്നു മനസ്സിലാക്കുന്നതിനു പ്രയാസം അനുഭവപ്പെടുന്നുണ്ടു്. നിർദ്ദോഷങ്ങളോ, അതുമല്ല പ്രോത്സാഹനാർഹങ്ങളോ ആയ കലാപരിപാടികൾ തിരുനാൾപരിപാടികളോടു ചേർക്കുമ്പോൾ തിരുകർമ്മങ്ങൾക്കുള്ള പൂജ്യതയ്ക്കു ക്ഷതം സംഭവിക്കുന്നുണ്ടോ എന്നുകൂടി നാം ചിന്തിക്കണം. എന്തുകൊണ്ടെന്നാൽ പരിശുദ്ധമായിട്ടുള്ളവയെ പരിശുദ്ധമായിത്തന്നെ കൈകാര്യം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ പെരുന്നാൾ പരിപാടികളോടനുബന്ധിച്ചു് കലാപ്രകടനങ്ങൾ നടത്തുന്നതു് അഭിലഷണീയമല്ലെന്നുള്ള അഭിപ്രായത്തിനു അതർഹിക്കുന്ന പ്രചരണം നൽകണം.

കലാപരിപാടികളേയും സഭ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ? എന്നൊരു ചോദ്യം ഇവിടെ ഉന്നയിക്കാൻ പാടുണ്ടു്. തീർച്ചയായും. വളരെ അധികം പ്രോത്സാഹിപ്പിക്കുന്നുമുണ്ടു്. സംഗീതം, സാഹിത്യം തുടങ്ങിയ കലാപരമായ പരിപാടികൾ മാനവസമുദായത്തിനു എക്കാലവും ആവശ്യകങ്ങളായിരിക്കും. അദ്ധ്വാനംകൊണ്ടു ജീവിക്കുന്ന മനുഷ്യനു വിശ്രമവും വേണമല്ലോ. എന്നാൽ തിരുസ്സഭ തന്റെ സന്താനങ്ങൾ അസന്മാർഗ്ഗികങ്ങളായ സിനിമാനാടകാദികളിൽ സംബന്ധിക്കരുതെന്നു കർശനമായി നിർബന്ധിക്കുന്നുണ്ടു്. അതേസമയംതന്നെ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും പരിപോഷിപ്പിക്കുന്ന കലാപരിപാടികൾ പ്രത്യേകം ആസൂത്രണംചെയ്തു് അവയിൽ സംബന്ധിക്കുന്നതിനുള്ള സൗകര്യങ്ങൾ വിശ്വാസികൾക്കു നൽകണമെന്നു ആഗ്രഹിക്കുകയുംചെയ്യുന്നു. ഈ ലക്ഷ്യംപ്രാപിക്കുന്നതിനു വളരെ പ്രയാസങ്ങൾ നേരിടാമെങ്കിലും ഇതിനുവേണ്ടി നാം യത്നിച്ചുകൊണ്ടിരിക്കേണ്ടതാണ്.


ഇടവക ഒരു കുടുംബമാണ്. ഈ കുടുംബത്തിലുള്ള അംഗങ്ങൾക്കു ഉല്ലാസകരങ്ങളും ഉപകാരപ്രദങ്ങളുമായ കലാപരിപാടികൾ ഇടവകയുടെ ആഭിമുഖ്യത്തിൽ ആസൂത്രണംചെയ്യണം. ആണ്ടുവട്ടത്തിലെ ഒരു വാരം പ്രത്യേകം ഇതിനായി നിർദ്ദേശിക്കുന്നതും ഉത്തമമായിരിക്കും. സാമൂഹികപ്രശ്നങ്ങളേയും മിഷൻപ്രവർത്തനങ്ങളേയും മററും സംബന്ധിച്ചുള്ള പ്രസംഗപരമ്പരകളും ഈ അവസരത്തിൽ നടത്താവുന്നതാണല്ലോ. ഇങ്ങനെ വരുമ്പോൾ പെരുന്നാളുകളെ പെരുന്നാളുകളായും കലാപരിപാടികളെ കലാപരിപാടികളായും കൊണ്ടാടുന്നതിനു നമുക്കു കഴിയും.

തിരുനാളുകൾ നടത്തുന്ന രീതിയെപ്പററി സന്ദർഭവശാൽ ഇത്രയുംകാര്യങ്ങൾ ഇവിടെ പ്രസ്താവിച്ചുവെന്നു മാത്രമേയുള്ളു. ഒന്നു നല്ലതോ ചീത്തയോ, സ്വീകാര്യമോ അസ്വീകാര്യമോ എന്ന ചോദ്യത്തിനു് ഉത്തരം പറയുവാൻ പ്രായോഗികജീവിതത്തിൽ അതിന്റെ വിവിധവശങ്ങളെപ്പററി പരിചിന്തനം ചെയ്യേണ്ടതായിവരും. എങ്കിലും ഒരു സംഗതി അടിയന്തിരമായ ശ്രദ്ധയെ ആകർഷിക്കേണ്ടതാണ്. അതായതു് ഇന്നത്തെ ഭക്തിപ്രകടനങ്ങളുടെ പ്രധാനലക്ഷ്യം പ്രശസ്തിയോ അഥവാ ദൈവമഹത്വമോ എന്നു്. പ്രശസ്തിക്കുവേണ്ടി എന്നതു കൂടുതൽ പ്രാബല്യം പ്രാപിക്കുന്നെങ്കിൽ ആദ്ധ്യാത്മികാപകർഷം അതിന്റെ അനന്തരഫലമായിരിക്കും.

ആദ്ധ്യാത്മികമായി ചിന്തിക്കുമ്പോൾ അതിമാത്രം പ്രാധാന്യമർഹിക്കുന്ന ഒരു വിഷയത്തെപ്പററിയാണു ഇവിടെ പ്രതിപാദിച്ചുകൊണ്ടിരിക്കുന്നതു്. "ചിതലും പുഴുവും നശിപ്പിക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കരുതു്. എന്നാൽ ചിതലാകട്ടെ പുഴുവാകട്ടെ നശിപ്പിക്കാത്തതേയും കള്ളന്മാർ തുരന്നു മോഷ്ടിക്കാത്തതേയുമുള്ള സ്ഥലമായ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ സൂക്ഷിച്ചുവയ്ക്കുവിൻ" (മത്താ: 6: 19—20) എന്നു ദിവ്യരക്ഷകൻ അരുൾചെയ്തിരിക്കുന്നു. പരത്തിലെ നിക്ഷേപം എന്നു പറയുന്നതു് ഇഹത്തിൽ സമ്പാദിക്കുന്ന പുണ്യയോഗ്യതകളാണല്ലോ. ഇങ്ങനെ വരുമ്പോൾ മനുഷ്യജീവിതത്തിന്റെ വലിപ്പച്ചെറുപ്പങ്ങളുടെ മാനദണ്ഡം പുണ്യയോഗ്യതയുടെ അളവാണെന്നും സിദ്ധിക്കുന്നു. ഇനി പുണ്യയോഗ്യതയും പ്രശസ്തിക്കുവേണ്ടിയുള്ള അഭിവാഞ്ഛയും തമ്മിലുള്ള പൊരുത്തക്കുറവു് എത്രമാത്രമെന്നു മനസ്സിലാക്കണം. കുററകരമല്ലാത്ത ഏതും ദൈവത്തെപ്രതി ചെയ്യുമ്പോൾ പുണ്യയോഗ്യതയുള്ള മുത്തുമണികളായി രൂപാന്തരപ്പെടുമെന്നു ദൈവശാസ്ത്രം നമ്മെ പഠിപ്പിക്കുന്നുണ്ടു്. "ദൈവത്തെപ്രതി" എന്നുള്ളതു് ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. "ദൈവത്തെപ്രതി" എന്നതിലാണ് മിശിഹായുടെ പ്രമാണത്തിലുള്ള നവീനത്വമെന്നു വി. അഗുസ്തീനോസ് മല്പാൻ പഠിപ്പിക്കുന്നു.

വി. പൗലോസ് ശ്ലീഹാ കൂടുതൽ ഉത്തേജകമായ വിധത്തിലാണ് ഈ വിഷയത്തെപ്പററി പ്രതിപാദിക്കുന്നതു്. "ദരിദ്രന്മാരുടെ ഭക്ഷണത്തിനായി എന്റെ വസ്തുക്കളെ മുഴുവനും ഞാൻ വിഭജിച്ചാലും എന്റെ ശരീരത്തെ ദഹിപ്പിക്കുമാറു ഏല്പിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ യാതൊരു

അഴകിനും
ആരോഗ്യത്തിനും
പ്യാരി
ഔഷധസോപ്പ്
ചർമ്മരോഗങ്ങളെ മാററി ത്വക്സൗന്ദര്യത്തെ വർദ്ധിപ്പിക്കുന്നു. ചുണങ്ങ്, താരൻ, മുഖക്കുരു, പുഴുക്കടി, നീറാമേദങ്ങൾ മുതലായവയ്ക്കു സിദ്ധൗഷധം. തലയിൽ താരൻ കൊണ്ടുണ്ടാകുന്ന ചൊറിച്ചിലും തന്മൂലമുണ്ടാകുന്ന മുടികൊഴിച്ചിലും പ്യാരി ഔഷധസോപ്പ് പെട്ടെന്നു സുഖപ്പെടുത്തുന്നു. ശുദ്ധി ചെയ്യപ്പെട്ട മരോട്ടിഎണ്ണയിൽ പ്രത്യേക മരുന്നുകൾ ചേർത്തു ശാസ്ത്രീയമായി തയ്യാർചെയ്യപ്പെട്ടതു്. വിവിധ ഡോക്ടർമാരും ത്വക്രോഗവിദഗ്ദ്ധന്മാരും പരിശോധിച്ചു ഏററവും ഫലപ്രദമെന്നു ശുപാർശ ചെയ്യപ്പെട്ടതു്. എല്ലാം പ്രധാന കടകളിലും കിട്ടുന്നതാണ്.


നിങ്ങളുടെ ഇടപാടുകളുടെ കണക്ക്
ശരിയായി സൂക്ഷിക്കുന്നതിനു് എളുപ്പമുള്ള
ഈ മാർഗ്ഗം സ്വീകരിക്കുക
വിവേകമതികളായ വ്യവസായികൾക്ക് പാലാ ബാങ്കിൽ ഒരു കറൻറ് കണക്കുള്ളതുകൊണ്ടുള്ള പ്രയോജനം അറിയാം. നിങ്ങളുടെ പണം സുരക്ഷിതമായിരിക്കും. കൊടുക്കൽ വാങ്ങലുകൾ ചെക്കുകൾ മുഖേന നിർവ്വഹിക്കാം. ബാങ്കിൽ നിന്നും ലഭിക്കുന്ന പാസ്സ് ബുക്കിൽ നിങ്ങൾ നടത്തിയിട്ടുള്ള സകല പണമിടപാടുകളുടേയും രഹസ്യമായ ഒരു കണക്കുണ്ടായിരിക്കും.
"ആധുനിക വ്യവസായികൾക്ക് ബാങ്കുകൾ ചെയ്യുന്ന സേവനങ്ങൾ" എന്ന ഞങ്ങളുടെ ലഘു ഗ്രന്ഥത്തിന്റെ ഒരു പ്രതി സൌജന്യമായി ആവശ്യപ്പെടുക.
പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം
ഹെഡാഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2198

പ്രയോജനവുമില്ല." ഒരുവൻ തനിക്കുള്ളതെല്ലാം വിററു ദരിദ്രർക്കു കൊടുക്കുന്നെങ്കിൽ അവൻെറ പ്രവൃത്തിയെ ആരുതന്നെ പ്രശംസിക്കാതിരിക്കുകയില്ല? ഇതിലും ഉപരിയായ ഒരു പരിത്യാഗം ലോകത്തിൽ അവനിൽനിന്നു പ്രതീക്ഷിക്കുവാൻ കഴിയുമോ? പക്ഷേ അവനു് ഉപവിയില്ലെങ്കിൽ, ദൈവത്തെപ്രതി അല്ലാ അപ്രകാരം അവൻ ചെയ്യുന്നതെങ്കിൽ യാതൊരു പ്രയോജനവുമില്ലെന്നു് വി. ശ്ലീഹാ അനുസ്മരിപ്പിക്കുന്നു.

ഒരു ക്രൈസ്തവൻെറ ജീവിതവ്യാപാരങ്ങളിലെല്ലാം ദൈവത്തെപ്രതി എന്ന വിശേഷണം എള്ളിനകത്തു് എണ്ണ എന്നതുപോലെ കലർന്നിരിക്കേണ്ടതാണു്. ഒരു സൽകൃത്യം എത്രകണ്ടു പ്രശസ്തിയെപ്രതിയായിരിക്കും അത്രകണ്ടു് അതു ദൈവത്തെപ്രതി അല്ലായിരിക്കുമെന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല.

ക്രിസ്തുനാഥൻ ഈ ആശയത്തെ ഗിരിപ്രഭാഷണവേളയിൽ സമഗ്രവും ലളിതവും സംശയരഹിതവുമായ രീതിയിൽ പ്രഖ്യാപനം ചെയ്തിട്ടുണ്ടു്. "മനുഷ്യരാൽ കാണപ്പെടുവാൻവേണ്ടി അവരുടെ മുമ്പിൽ നിങ്ങൾ ധർമ്മം ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ അടുക്കൽ നിങ്ങൾക്കു പ്രതിഫലമില്ല." "ആകയാൽ നീ ഭിക്ഷകൊടുക്കുമ്പോൾ മനുഷ്യരാൽ സ്തുതിക്കപ്പെടുവാൻ സംഘങ്ങളിലും തെരുവീഥികളിലും കപടഭക്തർ ചെയ്യുന്നതുപോലെ നിൻെറ മുമ്പിൽ കാഹളം ഊതരുതു്. അവരുടെ പ്രതിഫലം അവർക്കു കിട്ടിക്കഴിഞ്ഞുവെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു." "നീ ഭിക്ഷ കൊടുക്കുമ്പോൾ നിൻെറ വലതുകൈ ചെയ്യുന്നതെന്തെന്നു നിൻെറ ഇടതുകൈ അറിയരുതു്." ധർമ്മപ്രവൃത്തികളുടെ നിയോഗം സംബന്ധിച്ചു് ഏററം ഖണ്ഡിതമായ ഒരു പ്രമാണമാണു് ഈ വാചകങ്ങൾവഴി ക്രിസ്തുനാഥൻ നമുക്കു നൽകിയിരിക്കുന്നതു്. ക്രിസ്തുവിൻെറ തിരുവാക്യങ്ങൾ ഒരു ക്രൈസ്തവൻെറ പ്രവർത്തനങ്ങളുടെ അചഞ്ചലമായ മാനദണ്ഡമായിരിക്കണം. സ്വന്തപ്രശസ്തിക്കുവേണ്ടി നന്മ പ്രവർത്തിക്കുന്നവൻ, ആ നന്മപ്രവൃത്തിയുടെ അതിസ്വാഭാവികങ്ങളായ യോഗ്യതകളെ നഷ്ടപ്പെടുത്തുന്നുവെന്നു ദൃഢമായി വിശ്വസിക്കേണ്ടിയിരിക്കുന്നു. സഹനവും ക്ലേശവും സഹിച്ചു ചെയ്യുന്ന പ്രേഷിതപ്രവർത്തനങ്ങളുടെ പുണ്യയോഗ്യതകളെ ശുദ്ധനിയോഗത്തിൻെറ അഭാവംവഴി ഇല്ലാതാക്കിത്തീർക്കുന്നതു് ഏററം വലിയ ഒരു നഷ്ടമായി പരിഗണിക്കണം.

ഇത്രയും പറഞ്ഞതിൽ ബാഹ്യപ്രകടനങ്ങൾ വർജ്ജ്യങ്ങളാണെന്നു വിവക്ഷിക്കുന്നതായി നിഗമനം ചെയ്യേണ്ടതില്ല. അവ വർജ്ജ്യങ്ങളല്ലെന്നു മാത്രമല്ല ആവശ്യവുമാകുന്നു. രഹസ്യത്തിൽ പ്രാർത്ഥിക്കണമെന്നും ധർമ്മം ചെയ്യണമെന്നും ഉപദേശിച്ചിരിക്കുന്ന ക്രിസ്തുനാഥൻതന്നെ മാതൃകാപരങ്ങളായ ബാഹ്യപ്രകടനങ്ങൾ അനുഷ്ഠിക്കുന്നതിനു് അനുശാസിക്കുകയുംചെയ്തിരിക്കുന്നു. "മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾകണ്ടു സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനായി നിങ്ങളുടെ വെളിച്ചം അവരുടെമേൽ പ്രകാശിക്കട്ടെ. മലമേൽ പണിയപ്പെട്ടിരിക്കുന്ന കെട്ടിടത്തിനു മറഞ്ഞിരിക്കുവാൻ സാധിക്കുകയില്ല. കർമ്മോന്മുഖജീവിതത്തെ അന്തർജീവിതത്തോടു ബന്ധപ്പെടുത്താം, ബന്ധപ്പെടുത്തേണ്ടതാണു്", എന്നു മേലുദ്ധരിച്ച വാക്യങ്ങളിൽനിന്നു സ്പഷ്ടമാകുന്നുണ്ടു്. ബാഹ്യപ്രകടനങ്ങളെ ആന്തരികജീവിതത്തോടു പൊരുത്തപ്പെടുത്തുന്നതിലാണു് പ്രേഷിതജീവിതത്തിൻെറ വിജയം അടങ്ങിയിരിക്കുന്നതു്. ബാഹ്യപ്രകടനങ്ങൾ ആന്തരികചൈതന്യത്തിൻെറ ഒരു ബഹിർപ്രകാശനവുമാകുന്നു. യഥാർത്ഥത്തിൽ നന്മയായിരിക്കുന്നതു് അധികം ഒച്ചപ്പാടുണ്ടാക്കുകയില്ലെന്നു ധരിച്ചിരിക്കണം.

"സോൾ ഓഫ് അപ്പൊസ്തലേയിററു്" എന്ന അതിവിശിഷ്ടമായ ഗ്രന്ഥത്തിൽ "സൽപ്രവൃത്തികളുടെ പാഷണ്ഡത" എന്നൊരു പാഷണ്ഡതയെപ്പററി പ്രസ്താവിച്ചിട്ടുണ്ടു്. പ്രേഷിതജീവൻെറ മൂലമായ മിശിഹായെ തിരസ്കരിച്ചുകൊണ്ടു വ്യക്തിപരമായ കഴിവുകളും പ്രവർത്തനങ്ങളും പ്രേഷിതവേലയുടെ പ്രധാനഭാഗമായി സ്വീകരിക്കുന്നതിനെയാണു് സൽപ്രവൃത്തികളുടെ പാഷണ്ഡതയെന്നു പ്രസ്തുത ഗ്രന്ഥത്തിൽ നാമകരണം ചെയ്തിരിക്കുന്നതു്. പാഷണ്ഡത ഒരു വിയോജിപ്പിനെ സൂചിപ്പിക്കുന്നു. ദൈവമഹത്വത്തിനു് എന്നുപറഞ്ഞുകൊണ്ടു് മനുഷ്യമഹത്വത്തിനായി ചെയ്യുന്ന പ്രേഷിതപ്രവർത്തനങ്ങൾ സൽപ്രവൃത്തികളുടെ പാഷണ്ഡതയിൽ ഉൾപ്പെടുകതന്നെ ചെയ്യും.

ആദ്ധ്യാത്മികപ്രവർത്തനങ്ങളിൽ സ്വയം വഞ്ചിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണല്ലോ. പല കത്തോലിക്കാ രാജ്യങ്ങളുടേയും ഭൂതകാലചരിത്രം പഠിക്കുന്നതു് ഈ വിഷയത്തിൽ നമ്മെ സഹായിക്കും. നമ്മുടെ കത്തോലിക്കാ പ്രവർത്തനങ്ങളിൽ ദൈവത്തെപ്രതി എന്ന വിശേഷണത്തിനു അർഹമായ പ്രാധാന്യം കൊടുക്കുന്നകാര്യം വിസ്മരിക്കുവാൻ പാടില്ല.

വേദശാസ്ത്രപംക്തി

# സപ്തസംസ്കാരങ്ങൾ അഥവാ കൂദാശകൾ

(ഫാദർ മാഞ്ഞൂസ് ടി. ഒ. സി. ഡി.)

(തുടർച്ച)

കത്തോലിക്കാ തിരുസഭയിൽ ഏഴു കൂദാശകളുണ്ടു് എന്നുള്ളതും അവയെല്ലാം ക്രിസ്തുവിനാൽ സ്ഥാപിതങ്ങളാണു് എന്നുള്ളതും അനിഷേധ്യമായ വിശ്വാസസത്യങ്ങളാകുന്നു. ഒരു കത്തോലിക്കനു് ഇതിനു വിപരീതമായ ആശയം സ്വീകരിക്കുവാൻ സാധിക്കുകയില്ല. എന്നാൽ കൂദാശകളെപ്പററി പൊതുവെ സുവിശേഷങ്ങളിൽ ഖണ്ഡിതമായി ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. ഏതാനും ചില കൂദാശകളുടെ സ്ഥാപനത്തെക്കുറിച്ചുമാത്രമേ സുവിശേഷങ്ങളിൽ വ്യക്തമായി എന്തെങ്കിലും കാണുവാൻ സാധിക്കുന്നുള്ളു. ജ്ഞാനസ്നാനം, കുമ്പസാരം, വി. കുർബാന തുടങ്ങിയവയെപ്പററി പ്രകടമായി പ്രസ്താവിക്കുന്നുണ്ടെങ്കിലും അന്ത്യലേപനം, വിവാഹം ആദിയായവയെപ്പററി വ്യക്തമായി പ്രസ്താവിച്ചുകാണുന്നില്ല. എന്നിരുന്നാലും അവയും ഏഴു കൂദാശകളിൽ ഉൾപ്പെട്ടവയാണു് എന്നതു് ഒരു അനിഷേധ്യവിശ്വാസസത്യമാണു്. ഇതിനു് ഉപോൽബലകമായി നില്ക്കുന്നതു് വേദപുസ്തകംപോലെതന്നെ പ്രാധാന്യമുള്ള സഭാപാരമ്പര്യമാണു്. അതു് സ്പഷ്ടമായി പാരമ്പര്യത്തിൽ കാണാൻ സാധിക്കുന്ന ഒരു വസ്തുതയാണു്. പല സൂനഹദോസുകളും ഏഴു കൂദാശകളെക്കുറിച്ചു അസന്നിഗ്ദ്ധമായ ഭാഷയിൽ പ്രസ്താവിക്കുന്നുണ്ടെന്നുമാത്രമല്ല, ചിലതിൽ കൃത്യമായി നാമനിർദ്ദേശം കൂടി ചെയ്യുന്നുണ്ടു്. ഏ. ഡി. 1181-ൽ വിയന്നായിൽ സമ്മേളിച്ച സൂനഹദോസു് ജ്ഞാനസ്നാനം, കുമ്പസാരം, കുർബാന, വിവാഹം എന്നിവയെപ്പററി സ്പഷ്ടമായി പ്രസ്താവിക്കുകയും മററുള്ളവയെപ്പററി സൂചിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഏ. ഡി. 1274-ൽ സമ്മേളിച്ച 14-ാം സാർവ്വത്രികസൂനഹദോസു് ഏഴു കൂദാശകൾ സഭയിലുണ്ടു് എന്നു് പ്രസ്താവിക്കുന്നതുകൊണ്ടു് തൃപ്തിപ്പെടാതെ ഓരോന്നിൻേറയും നാമനിർദ്ദേശംകൂടെ ചെയ്യുന്നുണ്ടു്. അപ്രകാരംതന്നെ ഏ. ഡി. 1438-ൽ ഫ്ളോറൻസിൽ (Florence) സമ്മേളിച്ച സൂനഹദോസും പുതിയ നിയമത്തിലെ ഏഴു കൂദാശകളെപ്പററി പ്രസ്താവിക്കുകയിൽ അവ ജ്ഞാനസ്നാനം, സ്ഥൈര്യലേപനം കുമ്പസാരം, കുർബാന, അന്ത്യലേപനം, തിരുപ്പട്ടം, വിവാഹം എന്നു് പ്രത്യേകം എടുത്തു പ്രസ്താവിക്കുകയും അവ പഴയ നിയമകാലത്തുണ്ടായിരുന്ന കർമ്മങ്ങളേക്കാൾ നാനാപ്രകാരേണ ശ്രേഷ്ഠങ്ങളാണെന്നു സമർത്ഥിക്കുകയും ചെയ്തിരിക്കുന്നു. ത്രെന്തോസ് സൂനഹദോസും സ്പഷ്ടമായി പ്രതിപാദിക്കുന്നുണ്ടു് ഇവയെപ്പററി.

നമുക്കു് ഒന്നുകൂടി പുറകോട്ടു പോകാം. ആദ്യശതകങ്ങളിലേക്കു് ഒന്നു് എത്തിനോക്കാം പിതാക്കന്മാരുടെ പ്രസ്താവനകളിലൂടെ. വി. ജസ്റ്റിൻ ജ്ഞാനസ്നാനം വി. കുർബാന എന്നിവയെപ്പററിയും, ശ്ലീഹന്മാരാൽ വിരചിതം എന്നു വിശ്വസിക്കപ്പെടുന്ന ഒരു ഗ്രന്ഥത്തിൽ ജ്ഞാനസ്നാനം വി. കുർബാന, തിരുപ്പട്ടങ്ങൾ എന്നിവയെപ്പററിയും സ്പഷ്ടമായി പ്രസ്താവിക്കുന്നുണ്ടെങ്കിൽ, ഹെർമസ് (Hermes) ജ്ഞാനസ്നാനം, വി. കുർബാന, കുമ്പസാരം എന്നിവയെപ്പററിയും, തെർത്തുല്യൻ അന്ത്യലേപനമൊഴിച്ചുള്ള എല്ലാ കൂദാശകളെ സംബന്ധിച്ചും പ്രസ്താവിക്കുന്നുണ്ടു്. ഇവകളിൽ അന്ത്യലേപനത്തെപ്പററി ഒന്നുംതന്നെ കാണുന്നില്ലെങ്കിലും അഞ്ചാം നൂററാണ്ടിൽ ഇന്നസൻറു് പ്രഥമൻ മാർപ്പാപ്പാ അതിനെ പരാമർശിച്ചു ചെയ്തിട്ടുള്ള ഔദ്യോഗികപ്രസ്താവനകൾ ഇത്തരുണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നവയാണു്. വി. തൈലം ഉണ്ടാക്കുന്നതു് മെത്രാനായിരിക്കണമെന്നും, വൈദികർക്കു് ഈ കൂദാശയുടെ കാർമ്മികരായിരിക്കാമെന്നും, ഇതരകൂദാശകൾ നിഷേധിക്കപ്പെടുന്നവർക്കു് ഇതും നിഷേധിക്കപ്പെടണമെന്നും തുടന്നു് അവിടുന്നു് പ്രസ്താവിക്കുന്നു. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടു വേണം നാം ഏഴു കൂദാശകളെ സംബന്ധിക്കുന്ന സിദ്ധാന്തത്തെ വീക്ഷിക്കുവാൻ. ഇതിൽനിന്നു വിശദമാകുന്നതു് കൂദാശകളെല്ലാം ആരംഭാൽപ്രഭൃതി സഭയിൽ പ്രാബല്യത്തിലിരുന്നുവെന്നാണു്. പ്രസ്താവിതപ്രസ്താവനകൾ എല്ലാംതന്നെ ഏതൽകാലപഴക്കമുള്ള സഭാചരിത്രത്തിൻെറ പ്രാമാണികങ്ങളും വിശ്വാസയോഗ്യങ്ങളുമായ സാക്ഷ്യങ്ങളാണു്.

പിതാക്കന്മാർ പലരും ഏതാനും ചില കൂദാശകളെപ്പററി മാത്രമേ പ്രസ്താവിക്കുന്നുള്ളുവെങ്കിൽ സന്ദർഭാനുസരണവും ആവശ്യംപോലെയും അങ്ങനെ ചെയ്യുന്നുവെന്നല്ലാതെ കൂദാശകൾ അത്രമാത്രമേ ഉള്ളൂ എന്ന നിഗമനത്തിൽ എത്തിച്ചേരുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുമെന്നു തോന്നുന്നില്ല. സഭയിൽ പന്ത്രണ്ടാം നൂററാണ്ടിനു ശേഷം മാത്രമേ ഏഴു കൂദാശകളും ഏകോപിച്ചു് എണ്ണപ്പെടുവാൻ തുടങ്ങിയുള്ളു എന്നുമാത്രം.

ഏഴു കൂദാശകളെ സംബന്ധിച്ച സിദ്ധാന്തത്തിനു് പിന്തുണ നൽകുന്ന ഒരു പ്രധാനസംഗതി കൂടെയുണ്ടു്. ഒൻപതാം നൂററാണ്ടിൽ സഭയിൽനിന്നും വിച്ഛേദിക്കപ്പെട്ടു് ഒരു നൂതനസഭയായി രൂപംപ്രാപിച്ചതാണല്ലോ ഗ്രീക്ക് ശിസ്മസഭ. ഈ സഭയിലും ഏഴു കൂദാശകളുണ്ടു്. അവരുടെ വേർപാടിനുശേഷം സഭയിൽനിന്നു ഈ സിദ്ധാന്തം സ്വീകരിച്ചുവെന്നു വിചാരിക്കാൻ ന്യായമില്ലല്ലോ. ആരംഭത്തിൽതന്നെ ഈ വിശ്വാസം അവർക്കുണ്ടായിരുന്നുവെന്നനുമിക്കുന്നതാണല്ലോ യുക്തിപൂർവ്വം. സത്യസഭയിൽനിന്നും പിരിഞ്ഞുപോയ നെസ്തോറിയൻ, യാക്കോബായ തുടങ്ങിയ മററു സഭകളിലും കാണുന്ന ഈ വസ്തുത സഭയുടെ ആരംഭകാലചരിത്രത്തേയും ആചാരാനുഷ്ഠാനങ്ങളേയും സുതരാം പ്രദ്യോതിപ്പിക്കുകയല്ലയോ ചെയ്യുന്നതു്?

സർവ്വശക്തനായ ദൈവമാണു് കൂദാശകളുടെ സ്ഥാപകൻ. നരദൈവമായ മിശിഹായുടെ മനുഷ്യത്വത്തെ അവിടുന്നു ഉപകരണമായി സ്വീകരിച്ചു ഏതൽകാര്യസാദ്ധ്യാർത്ഥം. ക്രിസ്തു ഒരേസമയം ദൈവവും മനുഷ്യനുമായിരിക്കുന്നതിനാൽ കൂദാശകളുടെ സ്ഥാപകൻ അവിടുന്നാവുക സ്വാഭാവികമാണു്. എന്നാൽ ക്രിസ്തുതന്നെ നേരിട്ടു് ഏഴുകൂദാശകളും സ്ഥാപിച്ചുവോ? അഥവാ മററുള്ളവർമൂലം, അതായതു് ശ്ലീഹന്മാർ മുഖേനയോ സഭവഴിയായോ അവ സ്ഥാപിക്കപ്പെട്ടുവോ എന്നും ആരായാവുന്നതാണു്. ഇതേപ്പററി ത്രെന്തോസ് സൂനഹദോസ് പ്രസ്താവിക്കുന്നതു് ഇത്തരുണത്തിൽ അത്യന്തം ശ്രദ്ധേയമാണു്. "പുതിയ നിയമത്തിലെ കൂദാശകൾ എല്ലാം ക്രിസ്തുവിനാൽ സ്ഥാപിതങ്ങളല്ലായെന്നു ആരെങ്കിലും ജല്പിക്കുന്നുവെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ" എന്നാണു് സൂനഹദോസ് പ്രസ്താവിക്കുന്നതു്. കൂദാശകൾ എല്ലാം ക്രിസ്തുതന്നെ നേരിട്ടു സ്ഥാപിക്കുകയാണോ ചെയ്തതു് എന്നതിനെപ്പററി സൂനഹദോസ് ഒന്നുംതന്നെ പ്രസ്താവിക്കുന്നില്ല. വി. കുർബാനയെക്കുറിച്ചും കുമ്പസാരത്തെക്കുറിച്ചും മാത്രമേ വ്യക്തമായ ഭാഷയിൽ പ്രസ്താവിക്കുന്നുള്ളു. എങ്കിലും സൂനഹദോസിൻെറ മനോഭാവം എന്തെന്നു സൂക്ഷ്മവിശകലനം ചെയ്യുന്നപക്ഷം ഇതരകൂദാശകളേയും ക്രിസ്തുതന്നെ നേരിട്ടാണു സ്ഥാപിച്ചതു് എന്നുൽബോധിപ്പിക്കുന്നതായി കാണാവുന്നതാണു്. പ്രസ്തുത സൂനഹദോസ് തന്നെ കൂദാശകളിൽ സാരാംശപരമായ മാററങ്ങൾവരുത്താൻ സഭയ്ക്കധികാരമില്ലെന്നു സ്പഷ്ടമായി പ്രസ്താവിക്കുന്നതിനാലും, കൊറിന്ത്യക്കുള്ള ഒന്നാംലേഖനം 4, 1-ൽ വി. പൗലോസ്, തന്നേയും ഇതരശിഷ്യരേയും മിശിഹായുടെ ശുശ്രൂഷികളെന്നും കൂദാശകൾ പരികർമ്മം ചെയ്യുന്നവരെന്നും സംബോധനചെയ്യുന്നതിനാലും, പിതാക്കന്മാരായ വി. ജസ്റ്റിൻ, വി. ഇരണേവൂസ്, വി. അഗുസ്തിനോസ് തുടങ്ങിയുള്ളവർ ഈ അഭിപ്രായക്കാരാകയാലും ഈ അഭിപ്രായത്തിനു കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ടു്.

(തുടരും)

## കാർമ്മെൽ അപ്പസ്തോലിക്കു് സ്കൂൾ

എറണാകുളം

കർമ്മലീത്താ നിഷ്പാദുക ഒന്നാംസഭയിൽ ചേർന്നു് പ്രാർത്ഥനാപരവും അനുസരണം ആവശ്യപ്പെടുന്ന പ്രേഷിതവേലകൾ കർത്താവിൻെറ മുന്തിരിത്തോട്ടത്തിൽ ചെയ്തുകൊണ്ടുമുള്ള ജീവിതം നയിക്കുവാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ & കോളേജ് വിദ്യാർത്ഥികൾ നേരത്തെ അപേക്ഷിക്കുക.

The Rev. Fr. Director,
Carmel Ap: School
St. Teresa's Monastery,
Banerji Road, Ernakulam-1




E. C. & Co., JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

## വിദേശവാർത്തകൾ

—ആസ്ത്രേലിയായിൽ മെൽബോണിൽ സമ്മേളിച്ച 300 കത്തോലിക്കായുവജനനേതാക്കന്മാരുടെ സമ്മേളനത്തിൽ, നൃത്തശാലകളിൽ കൂടുതൽ കർക്കശമായ നിയന്ത്രണം ചെലുത്തണമെന്ന ഒരു പ്രമേയം പാസാക്കിയിരിക്കുന്നു. യുവക്രിസ്ത്യൻ വർക്കേഴ്സ്, നാഷനൽ കത്തലിക് ഗേൾസ് മൂവ്മെൻറ് എന്നീ സംഘടനകളുടെ പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു.

—റോമിൽ ഗ്രിഗോറിയൻ സർവകലാശാലാ പ്രൊഫസറായ ഫാദർ എൻജൽബെർട്ട് കിറെഷ്ബോം എസ്. ജെ.ക്കു പശ്ചിമജർമ്മൻ പ്രസിഡൻറ ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മെരിററ് എന്ന ബഹുമതി മുദ്ര പ്രദാനം ചെയ്തിരിക്കുന്നു. വിശുദ്ധ പത്രോസിൻെറ ബസ്സിക്കായുടെ കീഴെ ഇദ്ദേഹം നടത്തിയ ഖനനജോലി ലോകപ്രസിദ്ധിയാർജിച്ചുകഴിഞ്ഞിട്ടുണ്ടല്ലോ.

—1676 മുതൽ 88വരെ തിരുസിംഹാസനത്തെ അലങ്കരിച്ചിരുന്ന പതിനൊന്നാം ഇന്നസെൻറ മാർപ്പാപ്പായെ അനുഗ്രഹീതനെന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു. ഇതു സംബന്ധിച്ച് സെൻറ പിറേറഴ്സിലുള്ള അദ്ദേഹത്തിൻെറ കുഴിമാടം തുറന്നു പരിശോധിക്കുകയുണ്ടായി.

—ജർമ്മനിയിലെ കത്തോലിക്കാ ഭവനനിർമ്മാണസമിതി കഴിഞ്ഞ 11 കൊല്ലത്തിനുള്ളിൽ 88,000 ഭവനങ്ങൾ നിർമ്മിച്ചിരിക്കുന്നു. ഒരൊററ കൊല്ലംതന്നെ 12000 വീടുകളാണു നിർമ്മിച്ചത്. ഈ വീടുകളിൽ 80 ശതമാനത്തിൻെറയും ഉടമസ്ഥത അവിടത്തെ താമസക്കാർക്കുതന്നെയാണ്.

—മോൺ. അഡ്യോഡാട്ട് യുഗ്ബേർ എന്ന ആഫ്രിക്കൻ വൈദികനെ ഫ്റഞ്ചു പശ്ചിമാഫ്രിക്കയിൽ കൊപ്പുലാത്രുപതയുടെ മെത്രാനായി നിയമിച്ചിരിക്കുന്നു. ഫ്റഞ്ചുപശ്ചിമാഫ്രിക്കയിലെ ആഫ്രിക്കൻവർഗ്ഗീയനായ മൂന്നാമത്തെ മെത്രാനാണിദ്ദേഹം.

—ബെൽജിയത്തിലെ ഇൻഡ്യൻ സ്ഥാനപതിയായിരുന്ന മി. കെ. കെ. ചേററൂർ ഹൃദയസ്തംഭനംമൂലം നിര്യാതനായിരിക്കുന്നു.

—പാലാസ്വദേശിയും, രാജസ്ഥാൻ ഗവ: അഗ്രിക്കൾച്ചറൽ കോളേജ് എൻജിനിയറുമായ ശ്രീ എ. എം. മൈക്കളിനെ റംഗൂൺ യൂണിവേഴ്സിററി അഗ്രിക്കൾച്ചറൽ ഫാക്കൽററി മെമ്പറായി തിരഞ്ഞെടുത്തിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

1880-ൽ റവ. ഫാ. അഗസ്റ്റസ് മുള്ളർ എസ്. ജെ. മംഗലാപുരത്തു ആരംഭിച്ച ഹോമിയോപ്പതി ഡിസ്പെൻസറി വികസിച്ച് ഇപ്പോൾ ഒരു ജനറൽ ആശുപത്രിയായിരിക്കുകയാണ്. അതൊരു ഹോമിയോപ്പതി മെഡിക്കൽകോളേജായി ഉയർത്തുന്നതിനു ഭാരവാഹികൾ ഇൻഡ്യാഗവണ്മെൻറിൻെറ അനുവാദത്തിനപേക്ഷിച്ചിരിക്കുന്നു.

—മദ്രാസ് ഗവണ്മെൻറ ഇൻഡിജിനസ് മെഡിസിൻസ് കോളേജ് യൂണിയൻ ദിനാഘോഷത്തിൽ മദ്രാസ് മുഖ്യമന്ത്രിയുടേയും ആരോഗ്യമന്ത്രിയുടേയും സാന്നിദ്ധ്യത്തിൽ, ഡോക്ടർ പി. വരദരാജലുനായിഡു പ്രസ്താവിക്കുകയുണ്ടായി, ഗവണ്മെൻറ് ആശുപത്രികളെക്കാൾ മിഷനറിആശുപത്രികളാണ് ജനങ്ങൾ ഇഷ്ടപ്പെടുന്നതെന്നു.



പരേതയായ
തിരുഹൃദയത്തിൻെറ
അനസ്താസിയാ സഹോദരി

പറവൂർ കോട്ടയ്ക്കാവു കർമ്മലീത്താമഠത്തിൻെറ സ്ഥാപകരിലൊരാളും ആ മഠത്തിൽതന്നെ ആയുരന്തം സുദീർഘമായ സേവനങ്ങൾ നിർവ്വഹിച്ചിട്ടുള്ള ആളുമായ റവ മദർ അനസ്താസിയാ വാർദ്ധക്യസഹജമായ സുഖക്കേടുകൾമൂലം ഏപ്രിൽ 28-ാംനു- ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം പിറേറദിവസം സഭാനിയമപ്രകാരം നിർവ്വഹിക്കപ്പെട്ടു. ഈ സഹോദരി 1874-ൽ എടാട്ട് വടക്കൻചേരികുടുംബത്തിൽ ജനിച്ചു. 1890-ൽ കൂനമ്മാവുമഠത്തിൽ സന്യാസാർത്ഥിനിയായി ചേരുകയും 1897-ൽ നിത്യവ്രതവാഗ്ദാനം നിർവ്വഹിക്കുകയും ചെയ്തു. അനന്തരം പറവൂർമഠം സ്ഥാപിക്കുന്നതിനുവേണ്ടി അവിടേക്കു നിയോഗിക്കപ്പെടുകയും മഠത്തിൻെറയും മഠത്തോടനുബന്ധിച്ച സ്കൂൾ, ബോർഡിംഗ്, അനാഥശാല മുതലായ വിവിധസ്ഥാപനങ്ങളുടേയും പ്രവർത്തനത്തിൽ വ്യാപൃതയായിരിക്കുകയുമാണുണ്ടായത്. മാതൃകാപരമായ ഒരു ഭക്തജീവിതം നയിച്ചുപോന്നിരുന്നതുകൊണ്ട് എല്ലാവർക്കും പരേതയോടു അസാധാരണമായ ഭക്തിബഹുമാനങ്ങളുണ്ടായിരുന്നു.

R. I. P.

ഗവണ്മെൻറ് ആശുപത്രികളിൽ രോഗികൾക്കു ശരിയായ പരിചരണം ലഭിക്കുന്നില്ലെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു

—അമലോത്ഭവസത്യപ്രഖ്യാപനത്തിൻെറ 100-ാം വത്സരപൂർത്തിപ്രമാണിച്ച് മദ്രാസ്പട്ടണത്തിൽ സാധുക്കൾക്കായി 100 വീടു നിർമ്മിക്കുവാൻ മദ്രാസ് മെത്രാപ്പോലീത്താ തിരുമേനി ഒരു പദ്ധതി ഉൽഘാടനം ചെയ്തിരുന്നല്ലോ. ഇററലി, ഫ്റാൻസ്, ബെൽജിയം, വടക്കേ അമേരിക്കാ ഇവിടങ്ങളിൽ തിരുമേനി നടത്തിയ ധനാഭ്യർത്ഥനയുടെ ഫലമായി 150 വീടു നിർമ്മിക്കുന്നതിനുള്ള ഫണ്ടു സിദ്ധിച്ചിരിക്കുന്നു. അതിൽ 50 വീടുകൾ കെട്ടിക്കഴിഞ്ഞിരിക്കുന്നു.

—രാജ്യസഭാമെമ്പർ മി. എം. എം. ഷായെ കേന്ദ്രവ്യവസായവകുപ്പുമന്ത്രിയായും ലോക്സഭാമെമ്പർ ഡോക്ടർ മനോമോഹൻദാസിനെ കേന്ദ്രഡെപ്യൂട്ടിവിദ്യാഭ്യാസമന്ത്രിയായും നിയമിച്ചിരിക്കുന്നു.

—ഇൻഡ്യാഗവണ്മെൻറിൻെറ പുതിയ വ്യവസായനയം പ്രഖ്യാപിതമായിരിക്കുന്നു. വ്യവസായങ്ങളെ മൂന്നു വിഭാഗമായി തിരിക്കുകയും ഒന്നാംവിഭാഗം പൂർണ്ണമായും ഗവണ്മെൻറുടമയിലും രണ്ടാംവിഭാഗം പടിപടിയായി സ്റേറററുടമയിലാക്കത്തക്കവണ്ണം സ്റേററിൻെറയും സ്വകാര്യകക്ഷിയുടെയും ഉടമയിലും മൂന്നാംവിഭാഗം സ്വകാര്യകക്ഷിയുടെ ഉടമയിലും ആക്കിയിരിക്കുന്നു.

—ന്യൂഡൽഹിയിൽ ഒരു അഖിലേന്ത്യാഅടിസ്ഥാനവിദ്യാഭ്യാസപ്രദർശനം പ്രസിഡണ്ട് രാജേന്ദ്രപ്രസാദ് ഉൽഘാടനംചെയ്തിരിക്കുന്നു. കുട്ടികളുടെ കരകൗശലങ്ങൾ, അടിസ്ഥാനവിദ്യാഭ്യാസത്തിൻെറ വിവിധവശങ്ങളെ സംബന്ധിക്കുന്ന ചാർട്ടുകൾ, അദ്ധ്യാപനോപകരണങ്ങൾ മുതലായവയാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്.

—ഇൻഡ്യയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന രണ്ടാമത്തെ കപ്പൽനിർമ്മാണകേന്ദ്രം കൊച്ചിയിൽ സ്ഥാപിക്കുന്നതിനു മിക്കവാറും തീർച്ചയാക്കിയിരിക്കുന്നതായറിയുന്നു.

## തിരുകൊച്ചിവാർത്തകൾ

—തിരുകൊച്ചി ഭരണകാര്യങ്ങളെക്കുറിച്ചു കേന്ദ്രഗവർമ്മെൻറിനു ഉപദേശം നൽകുന്നതിലേക്കു 15 അംഗങ്ങളുടങ്ങിയ ഒരു ഉപദേശകസമിതിയെ നിയമിക്കുന്നതായിരിക്കും. ഇവരിൽ പത്തുപേർ ലോക്സഭയിലെ അംഗങ്ങളും 5പേർ രാജ്യസഭയിലെ അംഗങ്ങളുമായിരിക്കും

—മേയ് 31-ാംതിയതിക്കകം പഴയ ഫയലുകളെല്ലാം തീരുമാനിച്ചുകൊള്ളണമെന്നു കാണിച്ച് അഡ്വൈസർ മി. റാവു ഒരു ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

—തിരുകൊച്ചി അവശക്രൈസ്തവരുടെ ഒരു ഡെപ്യൂട്ടേഷൻ മി. പി. ജെ. സെബാസ്ത്യൻെറ നേതൃത്വത്തിൽ മേയ് 7-ാംതിയതി അഡ്വൈസർ മി പി. എസ്. റാവുവിനെ സന്ദർശിച്ച് അവശക്രൈസ്തവപ്രശ്നം സംബന്ധിച്ച നിവേദനം നടത്തിയിരിക്കുന്നു.

—വിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകർക്ക് വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവർമെൻറ് അംഗീകരിക്കുകയും, അതിലേക്കു 2,38,000ക. അനുവദിക്കുകയും ചെയ്തിരിക്കുന്നു.

—ഒന്നിലധികം ഭാര്യമാരുള്ളവരെ സ്റേററുസർവീസിൽ നിയമിക്കുകയില്ലെന്നു ഉത്തരവായിരിക്കുന്നു

—ചങ്ങനാശേരി അസംപ്ഷൻ കോളേജിൽവെച്ചു സ്ത്രീകൾക്കുവേണ്ടി ഒരു സമ്മർസ്കൂൾ മേയ് 7 മുതൽ 13വരെ തിയതികളിൽ നടത്തപ്പെടുന്നതാണ്.

(8-ാംപേജ് തുടർച്ച)

**ചെമ്മലമററം:** ഈ ഇടവകയിലെ സാധുക്കൾക്കും തൊഴിലാളികൾക്കുമായി ഒരു ധ്യാനം സ്ഥലത്തെ വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ ഏപ്രിൽ 30, മെയ് 1,2 3 തിയതികളിലായി നടത്തപ്പെട്ടിരിക്കുന്നു. ധ്യാനഗുരു റവ ഫാദർ തോമസ് പുത്തൻപറമ്പിൽ അവർകളായിരുന്നു. ധ്യാനദിവസങ്ങളിൽ സാധുക്കൾക്ക് ഉച്ചഭക്ഷണവും ഏതാനും പേർക്ക് വസ്ത്രദാനവും നൽകുകയുണ്ടായി എന്നതും പ്രസ്താവ്യമാണ്.

സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറ ആഭിമുഖ്യത്തിലുള്ള ഒരു സഞ്ചാര ലൈബ്രറിയിൽനിന്നും ഇടവകയിലെ സാധുക്കൾക്കും തൊഴിലാളികൾക്കും പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. അഭിവന്ദ്യമെത്രാനച്ചൻ തിരുമനസ്സിലെ നിർദ്ദേശത്തെ ആദരിച്ച് പള്ളിയിൽനിന്നും ഈ ലൈബ്രറിക്കു ഗ്രാൻറ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള വിവരം സ്മരണീയമാണ്.

**ആഞ്ഞിലികുന്ന്:** സ്ഥലം സെൻറ് പിറേറഴ്സ് ഇടവകയിലെ സി വൈ എം എ, സൺഡേസ്കൂൾ, ലിജിയൻ ഓഫ് മേരി എന്നിവകളുടെ ഏകോപിച്ചുള്ള വാർഷികയോഗം ഏപ്രിൽ 29-ാംനു- ഞായറാഴ്ച റവ ഫാദർ ഗിവർഗീസ് കററിയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം സെൻറ പിറേറഴ്സ് ഹാളിൽവച്ച് ആഡംബരപൂർവ്വം കൊണ്ടാടിയിരിക്കുന്നു.

സെക്രട്ടറിമാർ വാർഷികറിപ്പോർട്ടുകൾ സമർപ്പിച്ചു. മെ ഒകെ എം കുര്യൻ എം എ, എം കെ ജോർജ്ജ് ബി എസ് സി, പി എ ഏബ്രഹാം എന്നിവർ പ്രസംഗങ്ങൾ നടത്തി. കുട്ടികളുടെ സംഗീതവും മിസ്സ് അന്നമ്മ മാമ്മൻ ആൻഡ് പാർട്ടിയുടെ ഭരതനാട്യവും ഉണ്ടായിരുന്നു.

സൺഡേസ്കൂൾ പരീക്ഷയിലും, സി വൈ എം എ യുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രസംഗമത്സരത്തിലും, ഉപന്യാസമത്സരത്തിലും വിജയികളായവർക്കു സമ്മാനങ്ങൾ നൽകി.

**കോതമംഗലം:** സ്ഥലം ചെറുപുഷ്പം ഗ്രന്ഥശാലയുടെ വാർഷികപൊതുയോഗം ഏപ്രിൽ 29-ാംനു- ഞായറാഴ്ച രണ്ടരമണിക്കു വൈസ് പ്രസിഡൻറ ശ്രീ എ ജെ കുര്യാക്കോസിൻെറ അദ്ധ്യക്ഷതയിൽ കൂടി. വാർഷികറിപ്പോർട്ട്, ബഡ്ജററ്, മാതൃകാനിയമാവലിക്കനുരൂപമായി പരിഷ്കരിച്ച നിയമാവലി മുതലായവ യോഗത്തിൽ പാസ്സാക്കപ്പെട്ടു. തുടർന്നു നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ മെ ഡോക്ടർ ററി ഐ ഇട്ടൻ, സി വി കുര്യൻ, എ ജെ കുര്യാക്കോസ്, മിസ് ത്രേസ്യാമ്മ കെ കാക്കപ്പൻ തുടങ്ങി 9 പേർ തിരഞ്ഞെടുക്കപ്പെട്ടു.

**പറപ്പൂക്കര:** സ്ഥലം പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറയും വിൻസെൻറ ഡി പോൾ സഖ്യത്തിൻെറയും സംയുക്തവാർഷികം ഏപ്രിൽ 29-ാംനു- ഉച്ചതിരിഞ്ഞു മൂന്നരമണിക്ക് റവ ഫാദർ റെജനോൾഡ് സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. യോഗാനന്തരം കണ്ണുനീരിൻെറ പുത്രി എന്ന നാടകവും, ജോസഫ് വടക്കേതലയുടെ കോമിക്ക് പ്രകടനങ്ങളും ഉണ്ടായിരുന്നു.

## നവദമ്പതികൾ



വടക്കൻ പറവൂർ ആനത്താഴത്ത് മി. ജോസഫിൻെറ പുത്രി ശ്രീമതി ലില്ലിയും, എളന്തിക്കര മാളിയേക്കൽ മി. ദേവസിയുടെ പുത്രൻ മി. ജോസഫും.

(Inserted by a Benefactor)

**പൊൻകുന്നം:** മുൻപതിവനുസരിച്ച് ഈക്കൊല്ലവും പൊൻകുന്നം കവലയിലുള്ള അമലോത്ഭവകുരിശുപള്ളിയിൽ മെയ് 1 ചൊവ്വാഴ്ചമുതൽ മെയ്മാസവണക്കം നടത്തുന്നതിനാരംഭിച്ചിരിക്കുന്നു. ദിവസവും വൈകുന്നേരം 7മണിക്കു കർമ്മങ്ങൾ ആരംഭിക്കുന്നതും, സുപ്രസിദ്ധവാഗ്മികളുടെ പ്രസംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്.

**കരാഞ്ചിറ:** സ്ഥലത്തെ ശ്രീ എ പി ജോണിൻെറ പുത്രൻ റവ ഫാദർ ഫ്റാൻസിസ് (ആലപ്പാട്ട്) ഒ എഫ് എം (കപ്പൂച്ചിൻ) കോട്ടഗിരിയിൽവച്ചു ഗുരുപ്പട്ടം സ്വീകരിച്ചു ആദ്യമായി ഇടവകയിൽ ഏപ്രിൽ 30-ാം തിയതി കാലത്തു ദിവ്യബലിയർപ്പിച്ചിരിക്കുന്നു. ഇടവകജനങ്ങൾ ഹാർദ്ദമായ ഒരു സ്വീകരണം നവവൈദികനു നൽകുകയുണ്ടായി. കാലത്തു 8മണിക്കു തൃശ്ശൂർ മെത്രാൻ തിരുമേനി ഒരുമിച്ചു അദ്ദേഹം സ്ഥലത്തെത്തിച്ചേർന്നു. ദിവ്യബലി അർപ്പിച്ചശേഷം ലഘു ആഹാരവും മെത്രാൻ തിരുമനസ്സിലെകാർമ്മികത്വത്തിൽ ദിവ്യകാരുണ്യവാഴ്വും നടത്തപ്പെട്ടു. അനന്തരം സ്കൂൾഹാളിൽപൊതുജനങ്ങളുടെവക അനുമോദനയോഗം മെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൽവച്ചു നാട്ടുകാരുടെ വകയും, സെൻറ് വിൻസെൻറ് ഡി പോൾ സംഘം വകയും ഓരോ ജ്ഞാനപുഷ്പമഞ്ജരി സമർപ്പിച്ചു.

## വിവാഹവാർത്ത

**ഉദയമ്പേരൂർ:** ഉദയമ്പേരൂർ പുത്തൻപള്ളി ഇടവക പുളിവൽ പുത്തൻവീട്ടിൽ മാണിക്കനാംപറമ്പിൽ ഔസേപ്പ് മകൾ അന്നക്കുട്ടിയും മുട്ടത്തുപള്ളി ഇടവക പുല്ലുരുത്തിക്കരിജോസഫ് മകൻ ഏബ്രാഹവും തമ്മിലുള്ള വിവാഹം ഈ പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു. വിവാഹകർമ്മം ആശീർവദിച്ചതു റവ ഫാദർ ജോസഫ് മാവുങ്കൽ ആണ്.

## ചരമവാർത്തകൾ

**മണപ്പുറം:** തൈക്കാട്ടുശ്ശേരി ഇടവക ശ്രീ വി ജെ ജോസഫ് വാര്യംപറമ്പിൽ അവർകളുടെ സഹധർമ്മിണി ശ്രീമതി തങ്കമ്മ ജോസഫ് 32-ാമത്തെ വയസ്സിൽ ഉദരസംബന്ധമായ സുഖക്കേടുമൂലം ഏപ്രിൽ 23-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പിറേറദിവസം ഉച്ചതിരിഞ്ഞു റവ. ഫാദർ ജോർജ്ജ് മണ്ണാറ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്കാരചടങ്ങുകൾ നടന്നു. റവ ഫാദർ പുത്തൻവെളിയിൽ ചരമപ്രസംഗം നടത്തി. സംസ്കാരകർമ്മത്തിൽ ഒട്ടുവളരെ വൈദികരും ഉദ്യോഗസ്ഥന്മാരും ഗൃഹസ്ഥന്മാരായ ധാരാളം ജനങ്ങളും സംബന്ധിച്ചിരുന്നു.

**മററൂർ:** സ്ഥലത്തെ കുടിയിരിപ്പിൽ ചാക്കോ അവർകളുടെ ധർമ്മപത്നി ശ്രീമതി എലിസബെത്ത് ഏപ്രിൽ 28-ാംനു- 22-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. ശവസംസ്കാരം 29-ാംനു- പല വൈദികരുടേയും വമ്പിച്ച ഒരു ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ നടത്തപ്പെട്ടു.

R. I. P.

# സത്യദീപം

പത്രാധിപന്മാർ

മോസ്റ്റ് റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 | MAY 9, ERNAKULAM | No. 38


# സത്യമതതത്വങ്ങൾ വസ്തുനിഷ്ഠങ്ങളാണ്


ബാംഗളൂർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ തോമസ് പോത്തക്കാമറി തിരുമനസ്സുകൊണ്ട് ബാംഗളൂരിൽവച്ചു ഈയിടെ കാത്തലിക് സമ്മർസ്കൂൾ ഉൽഘാടനം നിർവ്വഹിച്ചുകൊണ്ടു നടത്തിയ പ്രസംഗത്തിൽ മതസത്യങ്ങൾ അവിഭാജ്യവും വസ്തുനിഷ്ഠവുമായിരിക്കുന്നമെന്നുള്ള തത്വത്തെ അദ്ധ്യേതാക്കളുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാക്കുകയുണ്ടായി. വിവിധമതങ്ങളും മതാവലംബികളുമുള്ള ഭാരതത്തിൽ പ്രത്യേകിച്ചും, മതസത്യങ്ങളെ വിവിധ വീക്ഷണകോണങ്ങളിൽ നിന്നു ദർശിക്കുന്നതുകൊണ്ട് മതവിഷയത്തിൽ വളരെ കുഴഞ്ഞ ആശയങ്ങൾ ജനതാമദ്ധ്യത്തിൽ പ്രചരിച്ചിട്ടുണ്ട്. മതമെന്ന പദത്തിനു സംസ്കൃതത്തിലും മററു ഇന്ത്യൻ ഭാഷകളിലും അഭിപ്രായമെന്നൊരർത്ഥംകൂടിയുള്ളതുകൊണ്ട് ഈ ആശയക്കുഴപ്പം കൂടുതൽ വർദ്ധമാനമാകുന്നതിനും ഇടയായിട്ടുണ്ട്. ആദ്ധ്യാത്മികകാര്യങ്ങളെ സംബന്ധിച്ച് ഓരോരുത്തർക്കും അവരവരുടെ അഭിമതമനുസരിച്ച് ഒരു മതതത്വസംഹിത നിർമ്മിക്കാമെന്നപോലും ചിലർ ഭാവിക്കുന്നപോലെ തോന്നുന്നു. വിവിധമതങ്ങളും മതാനുയായികളും തമ്മിൽ സമാധാനം പാലിക്കുന്നതിനുവേണ്ടി, മതസത്യങ്ങളിൽ അവശ്യം ദീക്ഷിക്കപ്പെടേണ്ട വസ്തുനിഷ്ഠമായ സത്യതയെ അവഗണിച്ച് എല്ലാ മതങ്ങളെയും തുല്യനിലയിൽ പരിഗണിക്കണമെന്നുള്ള ആശയവും ഇതിൽനിന്നുള്ള നിഗമനമായി ചിലർ സ്വീകരിക്കുകയാണ്. ഡോക്ടർ തോമസ് തിരുമനസ്സുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ, അടുത്തുതന്നെ ബാംഗളൂർവച്ചുനടന്ന "ഫെയ്ത്സ് ഫെലോഷിപ്പ്" എന്ന ഒരു സമ്മേളനത്തിൽ പ്രകടിതമായ ഈ അഭിപ്രായഗതിയെ വിമർശിക്കുകയായിരുന്നു.

വിവിധ മതങ്ങൾ തമ്മിലും മതവിശ്വാസികൾ തമ്മിലും സഹിഷ്ണുതയും ആദരവും ആവശ്യമാണ്. പക്ഷെ ആ വിവിധമതങ്ങൾ പഠിപ്പിക്കുന്ന പരസ്പരവിരുദ്ധങ്ങളായ തത്വങ്ങളെല്ലാം യഥാർത്ഥസത്യങ്ങളായിരിക്കുന്നതുകൊണ്ടാണ് എന്നു വിചാരിക്കരുത്. പരസ്പരവിരുദ്ധങ്ങളായ തത്വങ്ങൾ ഒരേസമയത്തു സത്യങ്ങളാകുവാൻ പാടില്ല എന്നു സാധാരണ ബുദ്ധിയുള്ള മനുഷ്യർക്കെല്ലാവർക്കുമറിയാം. ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്ന ആൾ അയാളുടെ ആത്മാർത്ഥതയിൽനിന്നു അങ്ങനെ വിശ്വസിക്കുന്നതുകൊണ്ട് അയാളുടെ വ്യക്തിസ്വാതന്ത്ര്യത്തോടും ആത്മാർത്ഥതയോടും നാം കാണിക്കുന്ന ആദരവിലാണ് മതസഹിഷ്ണുത അടിയുറച്ചിരിക്കുന്നത്. അതല്ലെങ്കിൽ നമ്മുടെ മതബോധംതന്നെ ആത്മാർത്ഥമല്ലാതാകും. അതുകൊണ്ട് എല്ലാ മതങ്ങളും ഒരുപോലെ സത്യങ്ങളാണെന്നോ അഥവാ എല്ലാമതങ്ങളും ഒരുപോലെ അർദ്ധസത്യങ്ങൾമാത്രം ഉൾക്കൊള്ളുന്നവയാണെന്നോ വാദിക്കുന്നതു യുക്തിവിരുദ്ധവും ബാലിശവുമാണ്. മതപ്രശ്നങ്ങളിൽ ഗൗരവമായി ഏർപ്പെടുന്നതിനുള്ള വൈമുഖ്യത്തിൽനിന്നു മുളയെടുക്കുന്ന ഒരു ഒഴികഴിവായി മാത്രമേ ആ വാദഗതിയെ പരിഗണിക്കേണ്ടതുള്ളു.

മതം എന്നതു ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെ കുറിക്കുന്നുവെന്നതു എല്ലാ മതപണ്ഡിതന്മാരും അംഗീകരിക്കുന്നു. ക്രിസ്തീയവേദാന്തികൾ അതിനെ സമ്യക്കായി നിർവ്വചിക്കുന്നതു, സ്രഷ്ടാവായ ദൈവത്തെ സംബന്ധിച്ച് സൃഷ്ടിയായ മനുഷ്യർ അറിയേണ്ട സത്യങ്ങളുടേയും അവിടുത്തെനേർക്കു അനുവർത്തിക്കേണ്ട കടമകളുടേയും ശേഖരമാണ് മതമെന്നത്രെ. ഈ നിർവ്വചനത്തിൽ മതത്തിന്റെ ശരിയായ പൂർണ്ണരൂപം അടങ്ങിയിട്ടുണ്ട്. സ്രഷ്ടാവായ ദൈവത്തെപ്പററി മനുഷ്യൻ അറിയേണ്ട സത്യങ്ങളുടേയും ദൈവത്തിന്റെനേർക്കു അനുവർത്തിക്കപ്പെടേണ്ട കടമകളുടേയും ശേഖരമാണത്. ഇതിൽ പകുതിമാത്രമായാൽ മതബോധം പൂർണ്ണമാവുകയില്ലല്ലോ. എല്ലാ സത്യങ്ങളും എല്ലാ സന്മാർഗ്ഗനിയമങ്ങളും ചേരുമ്പോൾമാത്രമേ മതം പൂർണ്ണവും സത്യമാത്രവുമാവുകയുള്ളു. അങ്ങനെ പൂർണ്ണമായ സത്യമതം ഒന്നുമാത്രമേ ഉണ്ടാകാവൂ എന്നു പറഞ്ഞാൽ അതു മനസ്സിലാക്കുവാൻ ആർക്കാണു സാധിക്കാത്തതു? ഏവംവിധം വസ്തുനിഷ്ഠമായ സത്യങ്ങളെ ഉൾക്കൊള്ളുന്ന സത്യമതം അവിഭാജ്യമാണെന്നു തെളിവാകുന്നു.

ഈ സത്യൈകമതം ഏതാണെന്നും അതിനെ കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗമെന്താണെന്നും ഉള്ളതു വേറെ പ്രശ്നങ്ങളാണ്. അവയെ വിശദീകരിക്കുന്ന പ്രതിപാദനങ്ങളാണ് ക്രിസ്തുമതത്തിലെ തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ളതു. പ്രകൃതിശാസ്ത്രതത്വങ്ങളുടെ അടിസ്ഥാനത്തിൽ തത്വശാസ്ത്രംവഴി ദൈവശാസ്ത്രസിദ്ധാന്തങ്ങളെ യുക്തിയുക്തമായി തെളിയിക്കുകയാണ് അവയുടെ ചർച്ചാരീതി. ദൈവം മാനവസഞ്ചയത്തിനു നൽകിയിട്ടുള്ള വെളിപാടുകളാണ് ദൈവത്തെ സംബന്ധിക്കുന്ന സത്യങ്ങൾ ഗ്രഹിക്കുന്നതിനുള്ള മാർഗ്ഗം. പ്രകൃത്യതീതമായ സത്യങ്ങളെ ഉൾക്കൊള്ളുന്ന ഈ തത്വസംഹിതയെ വിശ്വസിക്കുന്നതിനു അതിന്റെ പ്രകാശനം ദൈവത്തിൽനിന്നുതന്നെ ഉണ്ടായിട്ടുള്ളതാണെന്നു യുക്തിയുക്തം തെളിയിക്കുന്ന ന്യായങ്ങളുണ്ട്. അതായതു് ദൈവവെളിപാടിനെ ചരിത്രത്തിന്റെയും യുക്തിയുടേയും അടിസ്ഥാനത്തിൽ തെളിയിക്കുക. ഇപ്രകാരം ദൈവത്തെ സംബന്ധിക്കുന്നതും ദൈവംതന്നെ പ്രകൃതിയിലൂടേയും ദൈവവെളിപാടുകൾവഴിയും അറിയിച്ചുതന്നിട്ടുള്ളതുമായ, വിശ്വാസസത്യങ്ങളും സദാചാരത്തേയും സംബന്ധിക്കുന്ന സത്യങ്ങളെല്ലാം വിശ്വസിച്ചനുവർത്തിക്കുന്നതിനുള്ള മാർഗ്ഗം സത്യൈകമതത്തിൽ [illegible] ലഭ്യമായിരിക്കുന്നു. ഇ[illegible]തിന്റെ കേടാചാരത്തിലാണ് മനുഷ്യാവതാരം ചെയ്ത ദൈവമായ ക്രിസ്തു ലോകത്തിൽസാധിച്ചതു് അവിടുന്നു അവിടുത്തെ ദിവ്യത്വത്തേയും ദൈവികദൗത്യത്തേയും അനിഷേദ്ധ്യമായവിധത്തിൽ ലോകത്തിനു പ്രകടമാക്കുകയും മതസ്ഥാപനകൃത്യം പരിപൂർത്തിയാക്കുകയും അതിന്റെ ലോകാവസാനത്തോളമുള്ള അപ്രമാദമായ നിലനില്പിനു പ്രത്യേക വരങ്ങളോടുകൂടി തിരുസഭയെ സ്ഥാപിക്കുകയുംചെയ്തു ഇതാണ് ക്രിസ്തീയവേദാന്തം, കത്തോലിക്കാസഭ അതുകൊണ്ടു സത്യസഭ ഒന്നായുള്ളുവെന്നും അതു കത്തോലിക്കാസഭയാണെന്നും യുക്തിയുക്തം ഒരു കത്തോലിക്കൻ അവകാശപ്പെടുമ്പോൾ അതു അന്യമതങ്ങളോടുള്ള അനാദരവാണെന്നോ സഹിഷ്ണുതയില്ലായ്മയാണെന്നോ തെററിദ്ധരിക്കേണ്ട ആവശ്യമില്ല. പ്രായോഗികമായി പറഞ്ഞാൽ ഏററം സഹിഷ്ണുതാബോധമുള്ളവർ കത്തോലിക്കരാണ്. കാരണം സഹോദരഭാവനപ്പററിയും സഹോദരസ്നേഹത്തെപ്പററിയും ഏററം വിശിഷ്ടമായ ആദർശം ലോകത്തിനു നൽകിയിട്ടുള്ളതു കത്തോലിക്കാ സഭാസ്ഥാപകനായ ക്രിസ്തുവാണ്. വിശിഷ്ടമായ ആ ആദർശത്തെ അക്ഷരശ്ശഃ പാലിച്ച്, തന്റെ അയൽക്കാരനെ തന്നെപ്പോലെതന്നെ സ്നേഹിക്ക

## തിരുനാൾമംഗളം



തിരുവല്ലാമെത്രാൻ മൊറാൻ റവ. മാർ അത്തനാസിയോസ് തിരുമനസ്സുകൊണ്ട് (തിരുനാൾ—മേയ് 2)

വാൻ അവൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. മററുള്ളവരും കത്തോലിക്കാസഭയെ ആശ്ലേഷിക്കണമെന്നു ഒരു കത്തോലിക്കൻ അഭിലഷിക്കുന്നതും അതിനുവേണ്ടി പ്രവർത്തിക്കുന്നതും വിശേഷാത്തരമായ ഈ അനുഗ്രഹം അവനെപ്പോലെതന്നെ അവന്റെ സഹോദരനും ലഭിക്കണമെന്നുള്ള നിസ്വാർത്ഥ സ്നേഹംകൊണ്ടാണ്. സത്യത്തെ മുഴുവനായി അറിയാതെയും സത്യൈകസഭയെ ഗ്രഹിക്കാതെയും അർദ്ധസത്യത്തിലും ആശയക്കുഴപ്പത്തിലും അലയുന്ന സഹോദരന്മാർക്കു സഹായഹസ്തം നീട്ടുകയെന്ന അവന്റെ സ്നേഹപ്രകടനത്തെ അനാദരിക്കുകയോ അപലപിക്കുകയോ എതിർക്കുകയോ ചെയ്യുന്നതായാൽ ക്ഷമാപൂർവ്വം അതു സഹിക്കുന്നതിനുള്ള പ്രചോദനം ക്രിസ്തീയപ്രേഷിതത്വത്തിന്റെ ആദർശത്തിൽനിന്ന വനു ലഭ്യമാവുകയും ചെയ്യും.

ഈ ആശയങ്ങളെ സമാഹരിച്ചാണ് മോൺ. തോമസ് തിരുമേനി പ്രസ്താവിച്ചതു: "എല്ലാ മതങ്ങളിലും കുറെയൊക്കെ സത്യമുണ്ടെന്നുള്ളകാര്യം നാം വിസ്മരിക്കുന്നില്ല. എന്നാൽ വിശ്വാസത്തേയും ധാർമ്മികസംഹിതയേയും സംബന്ധിച്ചിടത്തോളം വിവിധമതങ്ങൾ തമ്മിൽ മൗലികമായ ഭിന്നതകളുള്ളതിനാൽ അവയെല്ലാം സത്യമായിരിക്കുക സാദ്ധ്യമല്ല, എങ്കിലും ഒരു മതത്തിന്റെ വിശ്വാസവും അനുഷ്ഠാനങ്ങളും മററുള്ളവർക്ക ശല്യഹേതുകമായിരിക്കണമെന്നല്ല. ക്രിസ്തുമതത്തോടും ക്രിസ്തുമതാനുയായികളോടും ചില വർഗ്ഗീയസംഘടനകൾക്കുള്ളതായിക്കാണുന്ന വിദ്വേഷമനോഭാവത്തിൽ ആരും അസ്വസ്ഥരാകാതിരിക്കുക" എന്നു.

## പ്രസാധകക്കുറിപ്പുകൾ

### വിവിധഗ്രൂപ്പുകൾക്കു മാർപ്പാപ്പായുടെ ഉൽബോധനം

ഈയിടെ വത്തിക്കാനിൽ ലോകത്തിന്റെ നാനാഭാഗത്തുനിന്നും പ്രാധാന്യമർഹിക്കുന്ന പ്രതിനിധിസംഘങ്ങൾ ഇടമുറിയാതെ വന്നുകൊണ്ടിരിക്കുകയാണ്. മാർപ്പാപ്പായെ സന്ദർശിച്ച് അവിടുത്തെ ഉപദേശവും ആശീർവ്വാദവും സ്വീകരിക്കുക എന്നതു അവരുടെ പ്രധാനാഭിലാഷമാണ്. കത്തോലിക്കാവനിതകളുടെ ആലോകഫെഡറേഷൻ കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനു 30 രാജ്യങ്ങളിൽനിന്നു വന്നുകൂടിയിരുന്ന 1400 പ്രതിനിധികളെ അവിടുന്നു ഈയിടെ സ്വീകരിക്കുകയുണ്ടായി. അതുകഴിഞ്ഞു് ഇററലിക്കാരും ഫ്രഞ്ചുകാരും ചേർന്ന റോം-പാരിസ് ഐക്യപ്രസ്ഥാനക്കാരെ സന്ദർശിച്ച് അവരോടു പ്രസംഗിച്ചു. രണ്ടുദിവസംകഴിഞ്ഞു് അവിടുത്തെ സന്ദർശിക്കാൻവന്ന 40000 വരുന്ന ഒരു കർഷകത്തൊഴിലാളി സംഘത്തെ സ്വീകരിച്ച് സുദീർഘമായ ഒരു പ്രഭാഷണം നടത്തി. അടുത്തദിവസം റോമിലെ ഓട്ടോമോബൈയിൽ ക്ലബ് അംഗങ്ങൾക്കു സന്ദർശനം നൽകി. പിറേറദിവസമാണ് 30,000 വരുന്ന ഇററലിയൻ യുദ്ധത്തടവുകാരുടെ ഒരു സംഘത്തെ സ്വീകരിച്ചതു്. അടുത്തദിവസം അന്താരാഷ്ട്രീയകൃഷ്യാരോഗ്യകോൺഗ്രസ്സ് സമ്മേളനത്തിനു 50 രാജ്യങ്ങളിൽനിന്നു വന്നിരുന്ന 200-ൽപ്പരം വിദഗ്ദ്ധവൈദ്യപ്രതിനിധികളെ അവിടുന്നു സ്വീകരിച്ചു. മാർപ്പാപ്പാ തിരുമനസ്സിലെ 80-ാം ജന്മദിനാഘോഷപരിപാടികൾ കഴിഞ്ഞശേഷം ക്ഷീണിതനായിരിക്കുന്ന വയോവൃദ്ധനാണ് ഈ പരിപാടികളെല്ലാം നിർവ്വഹിക്കുന്നതു്. എങ്കിലും ഏതവസരമായ അവസരങ്ങൾ വെറും ഔപചാരികമായ പരിപാടികൾകൊണ്ടു കടത്തിവിടാതെ ലോകത്തിനു ധാർമ്മികനേതൃത്വം നൽകുക എന്നുള്ള അവിടുത്തെ കർത്തവ്യത്തെ വിശേഷമായി നിറവേററുന്നതിനു തക്ക പെരുമാററങ്ങളും ഉൽബോധനങ്ങളും അവിടുന്നു നൽകിക്കൊണ്ടിരിക്കുകയാണ്. ഉദ്ധൃതാവസരങ്ങളിൽതന്നെ ഓരോ വിഭാഗത്തോടും അവിടുന്നു പ്രകടിപ്പിച്ച ഹൃദയാവർജ്ജകമായ പെരുമാററരീതികളും അവരോടു ഉപദേശരൂപേണ കല്പിച്ചരുളിച്ചെയ്ത വാക്കുകളും ഇതിനു തെളിവാണ്. ശ്രദ്ധേയമായ അവിടുത്തെ ഉൽബോധനങ്ങൾ നോക്കുക:- മോട്ടോർ ഡ്രൈവർമാരോടു്— "റോഡുപയോഗിക്കുന്നവരോടു ബഹുമാനംകാണിക്കുവാൻ നിങ്ങൾ മറക്കരുതു്. സഹഡ്രൈവറന്മാരോടും കാൽനടയായിപോകുന്നവരോടും ഉപചാരവും വിശ്വസ്തതയും പ്രദർശിപ്പിക്കുക. സാധാരണമായും സ്വാഭാവികമായും നിങ്ങൾക്കു തോന്നാവുന്ന അക്ഷമതയെ നിയന്ത്രിച്ചുകൊണ്ടു് നിങ്ങളുടെ മാന്യമായ സംസ്കാരത്തെ നിങ്ങൾ പ്രത്യക്ഷമാക്കുക." കർഷകത്തൊഴിലാളികളോടു്—"നിങ്ങളുടെ വയലുകളിൽ പ്രകൃതിയാണ് എല്ലാം ചെയ്യുന്നതെന്നു സാധാരണ പറയാറുണ്ടു്. എന്നാൽ പ്രകൃതി അതിന്റെ ധാരാളമായ കഴിവുകളെ പ്രകടമാക്കുന്നതിനു മനുഷ്യന്റെ ബുദ്ധിയുടേയും കൈവേലയുടേയും സഹായവും നിയന്ത്രണവും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഭൂമിയിൽ ജോലിചെയ്യുന്ന മനുഷ്യൻ ദൈവത്തിന്റെ പ്രവർത്തനത്തിൽ ഏറാക്കുറെ നേരിട്ടു സഹകരിക്കുകയാണ് ചെയ്യുന്നതു്. അവരുടെ സ്ഥാനം ബഹുമാന്യമാണ്. ഇന്നത്തെ കർഷകർ പഴയ മാമൂലുകൾമാത്രംകൊണ്ടു തൃപ്തിപ്പെട്ടിരിക്കരുതു്. ശാസ്ത്രീയമായ പഠനം അവർക്കാവശ്യമുണ്ടു്. കൃഷിസംബന്ധമായി ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനം നൽകുന്നവരെ അവർ വിശ്വസിക്കണം. ഒരു കർഷകന്റെ ജീവിതം ഓറപ്പെട്ട ഒരു സാമൂഹ്യത്തിലായതുകൊണ്ടു് നിങ്ങൾ വിചാരിച്ചപോയേക്കാം അതു മററുള്ള പൗരന്മാരുടെ ജീവിതത്തേക്കാൾ താണപടിയിലുള്ള ഒന്നാണെന്നു്. ഇതു പരമാബദ്ധമാണ്. ഓരോ രാജ്യത്തിലും—ഈ ഇററലിയിൽ പ്രത്യേകിച്ചും—രാഷ്ട്രജീവിതത്തിന്റെ അസ്ഥിവാരം അവിടത്തെ കർഷകജനതയാണ്. ഗ്രാമീണകർഷകരുടെ കുടുംബങ്ങളാണ് രാജ്യത്തിനും തിരുസഭയ്ക്കും നിരവധി വിശുദ്ധാത്മാക്കളേയും, വിഖ്യാതരായ ശാസ്ത്രപടുക്കളേയും രാജ്യതന്ത്രജ്ഞന്മാരേയും പ്രദാനം ചെയ്തിട്ടുള്ളതു്."

യുവജനങ്ങളോടു്— "പ്രസിദ്ധീകരണങ്ങൾവഴിയും, റേഡിയോ, ടെലവിഷൻ, സിനിമ മുതലായവവഴിയും വലിയ പട്ടണങ്ങളിൽനിന്നും നിങ്ങൾ ഗ്രഹിക്കുന്ന പലതും യഥാർത്ഥങ്ങളല്ല. കലാകാരന്മാരും വിശ്രമത്തിനായും ചിത്രീകരിക്കപ്പെടുന്ന ജീവിതം യഥാർത്ഥമായ അനുദിനജീവിതത്തിൽനിന്നു വളരെ വ്യത്യസ്തമാണ്. പട്ടണത്തിൽ ലഭ്യമാകുന്ന ധാരാളങ്ങളായ ആനുകൂല്യങ്ങൾ അവയെ ദുരുപയോഗിക്കാവുന്ന കൂടുതൽ സാഹചര്യങ്ങൾകൊണ്ടു് നശിപ്പിക്കപ്പെടുകയാണ്. വിശ്രമാർത്ഥമുള്ള യാതൊരു പ്രകടനവും ഒരു കുടുംബത്തിന്റെ പ്രശാന്തതയിൽ അനുഭവപ്പെടുന്ന സുഖത്തെ പ്രദാനം ചെയ്യുകയില്ല. മാത്രമല്ല സ്വാതന്ത്ര്യത്തേയും ആരോഗ്യത്തേയും ഭാവി സുരക്ഷിതത്വത്തേയും ബലികഴിച്ചു നേടത്തക്ക വണ്ണം വിലയുള്ളതല്ല ആ സുഖസൗകര്യങ്ങളൊന്നും. ശോഭായമാനമെങ്കിലും പൊള്ളയായ പുറം പൂച്ചുകൊണ്ടു വഴിതെററിപ്പോകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക."

വ്യവസായപ്രവർത്തകരോടു്— "വൈദഗ്ദ്ധ്യപൂർവ്വം ആസൂത്രണം ചെയ്യപ്പെട്ടതും സ്വതന്ത്രവുമായ സ്വകാര്യവ്യവസായങ്ങൾ രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെ മെച്ചപ്പെടുത്തുകയും, ജനങ്ങളുടെ ആശങ്കകൾ ഇല്ലാതാക്കുകയും, ഉല്പാദനം വർദ്ധിപ്പിക്കുകയും, ഉല്പാദനച്ചിലവുകൾ കുറയ്ക്കുകയും, വിഭജനം സുകരമാക്കുകയുംചെയ്യും. ഇതുകൊണ്ടാണ് ചില രാഷ്ട്രങ്ങൾ അവയ്ക്കു അർഹതയില്ലാത്ത അധികാരങ്ങളും കർത്തവ്യങ്ങളും കൈയടക്കുന്നതിനു ചെയ്യപ്പോരുന്ന പരിശ്രമങ്ങളെ സഭ എന്നും എതിർത്തിട്ടുള്ളതും എതിർത്തുകൊണ്ടിരിക്കുന്നതും. സഭാസ്ഥാപകനായ ക്രിസ്തുവിനെ അനുഗമിച്ച് തിരുസഭ സീസറിനുള്ളതു സീസറിനു കൊടുക്കുന്നു. എന്നാൽ സഭയുടെ ദൗത്യത്തെ വ്യഭിചരിക്കാതെയോ ക്രിസ്തുവിന്റെ ആജ്ഞയെ ലംഘിക്കാതെയോ സീസറിനു കൂടുതലായൊന്നും കൊടുക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ്, രാഷ്ട്രാധികാരികൾ യുവലോകത്തിന്റെ വിദ്യാഭ്യാസത്തെ കൈയടക്കുന്നതിനു

# ചോദിച്ചാൽ പറയാം

ചോ: ഇവിടെ രാത്രിയായാൽ കുറെ ചെറുപ്പക്കാരുടെ തൊഴിൽ കാശുവെച്ചു ചീട്ടുകളിയാണ്. ഉല്ലാസത്തിന്റെ പേരിലാണ് അവരിങ്ങനെ ചെയ്യുന്നതു്. സഭ ഇത്തരം നടപടികളെ അനുകൂലിക്കുന്നുണ്ടോ? V. M. M.

ഉ: തിന്മകളിൽ ഏററവും ഭയങ്കരമായതു പാപമാണെന്നാണു കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. എല്ലാ കത്തോലിക്കരും പാപത്തെ എന്നതുപോലെ പാപത്തിന്റെ ഹേതുക്കളെയും ഉപേക്ഷിക്കണമെന്നു സഭ അനുശാസിക്കുന്നു. പാപം ചെയ്യുന്നതിനു ഒരുവനു പ്രേരണനൽകുന്നതോ അവസരം നൽകുന്നതോ, ക്രമേണ പാപത്തിലേക്കു കൊണ്ടെത്തിക്കുന്നതോ ആയ സന്ദർഭങ്ങളെയാണു "പാപത്തിന്റെ ഹേതുക്കൾ" എന്ന പദങ്ങൾകൊണ്ടു് ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്. അത്തരം സന്ദർഭങ്ങളെ ഉപേക്ഷിക്കുവാൻ കത്തോലിക്കർ ബാദ്ധ്യസ്ഥരാകുന്നു. അങ്ങനെ ഉപേക്ഷിക്കാതിരിക്കുന്നതു്, പാപത്തിൽ പതിക്കുവാൻ മനസ്സറിവോടുകൂടി സമ്മതിക്കുന്നതിനു തുല്യമാകയാൽ, പാപകരംതന്നെയായിരിക്കുന്നു.

തന്റെ മക്കൾ നിരുപദ്രവകരമായ രീതിയിൽ ഉല്ലസിക്കുകയും ആനന്ദിക്കുകയും ചെയ്യുന്നതിൽ സഭയ്ക്കു സന്തോഷമേയുള്ളു. നൃത്തം, നാടകം, സംഗീതം തുടങ്ങി ഉല്ലാസദായകങ്ങളായ പ്രസ്ഥാനങ്ങളെ സഭതന്നെ എപ്പോഴും പ്രോത്സാഹിപ്പിച്ചു കൊണ്ടാണിരുന്നിട്ടുള്ളതു്. ചീട്ട്, ചതുരംഗം മുതലായ കളികളും, തത്തുല്യങ്ങളായ മററുകളികളും, അതിൽതന്നെ പാപമാണെന്നു സഭ പഠിപ്പിക്കുന്നില്ല. കായികോല്ലാസത്തിനുപകരിക്കുന്ന ഫുട്ട്ബോൾ, ബാഡ്മിൻറൺ, ക്രിക്കററ് മുതലായ കളികളെപ്പോലെതന്നെ, മാനസോല്ലാസത്തിനുപകരിക്കുന്ന ചീട്ടുകളി, ചതുരംഗക്കളി മുതലായവയും നിരുപദ്രവമായി നടത്താവുന്നതാണ്.

അതുപോലെതന്നെ വാതുകെട്ടുന്നതോ, പണംവെച്ചു കളിക്കുന്നതോ അതിൽതന്നെ കുററകരമായിരിക്കണമെന്നില്ല പക്ഷേ ഇരുകക്ഷികളും പരിപൂർണ്ണസ്വാതന്ത്ര്യത്തിലും പൂർണ്ണമനസ്സോടെയും ചെയ്യുന്നതും, ഇതിലേക്കുപയോഗിക്കുന്നപണം പൂർണ്ണമായും അവരവരുടേതുമായിരിക്കണം. മാത്രമല്ല, തന്റെയും തന്നെ ആശ്രയിച്ചുകഴിയുന്നവരുടെയും ന്യായമായ ഇതരാവശ്യങ്ങൾ നിർവ്വഹിച്ചുകഴിഞ്ഞു മിച്ചമുള്ളതുമായിരിക്കണം പണം. തങ്ങളുടെ പ്രവൃത്തി അയൽക്കാർക്കു ഉപദ്രവമുണ്ടാകാത്തതും ഇടർച്ചനൽകാത്തതുംകൂടിയായിരിക്കണം.

ഈ വ്യവസ്ഥകൾ എല്ലാം പാലിക്കപ്പെടുവാൻ പലപ്പോഴും സാധിച്ചെന്നുവരികയില്ല. അതുകൊണ്ടാണു ചൂതുകളിയും വാതുകെട്ടും പാപത്തിന്റെ ഹേതുക്കളായിത്തീരുമെന്നു കത്തോലിക്കാ സന്മാർഗ്ഗശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. ഇത്തരം കളികൾ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നതിനു പുറമേ, പലപ്പോഴും ആത്മീയവും ശാരീരികവുമായ തിന്മകളിലേക്കു നയിക്കുകയും ചെയ്യുന്നു. പാപഹേതുക്കളാകാവുന്ന കളികളെ സഭ നിരോധിച്ചിരിക്കുകയാണെന്നു ഇതിൽനിന്നു വ്യക്തമാണല്ലോ. പാപഹേതുവാകുമോ ഇല്ലയോയെന്നു വിധിക്കുവാൻ പററിയ ആൾ സ്ഥലത്തെ വികാരിയോ സന്മാർഗ്ഗശാസ്ത്രം വേണ്ടവിധത്തിൽ പഠിച്ചിട്ടുള്ളവരോ ആണ്. സഭയുടെ നാമത്തിൽ അവർ നൽകുന്ന ഉപദേശം സ്വീകരിക്കുവാൻ എല്ലാ കത്തോലിക്കരും ബാദ്ധ്യസ്ഥരായിരിക്കുന്നു.

ചോ: പാപിയുടെ മാനസാന്തരത്തിനും അവന്റെ ആത്മരക്ഷാസാദ്ധ്യതയ്ക്കുംവേണ്ടി പരിശ്രമിക്കുന്ന കത്തോലിക്കർ എന്തുകൊണ്ടു്, മാനസാന്തരത്തിനുള്ള അവസരം എന്നെന്നേക്കുമായി ഇല്ലാതാക്കുന്ന വധശിക്ഷയ്ക്കെതിരായി സമരമുയർത്തുന്നില്ല? K. V.

ഉ: ഈ ചോദ്യത്തിനു് അടിസ്ഥാനമായ ആശയത്തിൽതന്നെ ഒരു ചിന്താക്കുഴപ്പമുണ്ട്. ഒരു പാപി കൂടുതൽ കാലം ജീവിച്ചിരുന്നാൽ അയാൾ മാനസാന്തരപ്പെട്ടേക്കുമെന്നും അയാളുടെ ആത്മരക്ഷയ്ക്കു കൂടുതൽ സാദ്ധ്യതയുണ്ടാകുമെന്നുമുള്ള ധാരണയാണതു്. പാപിയുടെ മാനസാന്തരവും ജീവിതത്തിന്റെ ദൈർഘ്യവും തമ്മിൽ വല്ല ബന്ധമുണ്ടെങ്കിൽതന്നെ, മരണം ഇന്നതീയതിയിൽ സംഭവിക്കുമെന്നു ക്ലിപ്തമായി അറിഞ്ഞിരിക്കുന്നതുകൊണ്ടാണു പ്രയോജനമുള്ളതു്. മരണം അനിശ്ചിതമായിരിക്കുമ്പോൾ, മാനസാന്തരം നീട്ടിക്കൊണ്ടുപോകുവാനുള്ള ഒരു പ്രവണതയാണു പാപികൾക്കുണ്ടാകുന്നതു്. നേരെമറിച്ചു മരണത്തീയതി നിശ്ചിതമായിക്കഴിഞ്ഞാൽ അതിനുമുമ്പു മാനസാന്തരപ്പെടുവാൻ നല്ല ഒരു സന്ദർഭം പാപിക്കു ലഭിക്കുന്നു. മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ, മരണത്തിനുമുമ്പു മാനസാന്തരപ്പെട്ടിട്ടുള്ള അനുഭവങ്ങൾ അനവധിയാണ്.

ആകയാൽ ആത്മരക്ഷാസാദ്ധ്യതയും വധശിക്ഷയുമായി ചോദ്യകർത്താവുദ്ദേശിക്കുന്ന ബന്ധമൊന്നുമില്ല. എന്നാലും വധശിക്ഷയ്ക്കെതിരായി സമരമുയർത്തേണ്ടതല്ലേയെന്ന ചോദ്യമുണ്ടാകാം. ഇവിടെ ഒരു സംഗതി പ്രത്യേകം ഗ്രഹിക്കേണ്ടതു്, ശരീരത്തിനു നാശം ചെയ്യുന്ന വധത്തേക്കാൾ ആത്മാവിനു നാശം ചെയ്യുന്ന വധത്തെ—പാപത്തെ—കത്തോലിക്കർ കൂടുതൽ ഭയപ്പെടുന്നു എന്നതാണ്. ആത്മാവിനെ നശിപ്പിക്കുന്ന പാപങ്ങളെയും തിന്മകളെയും കത്തോലിക്കർ വെറുക്കുന്നു. വധശിക്ഷയിലുള്ള ഭയം വ്യക്തികളെ പാപത്തിൽനിന്നും തിന്മകളിൽനിന്നും തടയുമെങ്കിൽ ആ ശിക്ഷ നിലവിലിരിക്കുന്നതു നല്ലതാണെന്നു പറയാം. ശിക്ഷയെ ഭയന്നു പല മനുഷ്യരും കുററങ്ങളിൽനിന്നു് ഒഴിഞ്ഞുനില്ക്കുക സാധാരണമാണല്ലോ.

വധശിക്ഷ, അതിൽതന്നെ ഒരു തിന്മയല്ല. അനർഹമായോ അന്യായമായോ അതു പ്രയോഗിക്കുമ്പോഴാണു അപലപനീയമാകുന്നതു്. എന്നാൽ നിയമപ്രകാരം അധികാരമുള്ള ഒരു കോടതി എല്ലാവശങ്ങളെയും നല്ലവണ്ണം പര്യാലോചിച്ചശേഷം, കുററത്തിനുതക്ക ശിക്ഷയെന്ന നിലയിൽ അങ്ങനെ തീരുമാനിച്ചാൽ അതു് അനീതിയാണെന്നു പറഞ്ഞുകൂടാ. എന്നാൽ നിയമസംഹിതയിൽനിന്നു വധശിക്ഷാവകുപ്പു എടുത്തുകളയണമെന്നാണു പൊതുജനാഭിപ്രായമെങ്കിൽ അങ്ങനെ വാദിക്കുന്നതിനു പൗരന്മാരെന്ന നിലയിൽ കത്തോലിക്കർക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ട്.

—o—

ശ്രമിക്കുമ്പോൾ തിരുസഭ അതിനെതിരായി അനുസ്യൂതം സമരം ചെയ്യുന്നതും, സ്റ്റേററിന്റെ നീതിവിരുദ്ധമായ ഇടപെടലുകൾക്കുള്ള പ്രവണതകളെ ധാർമ്മികനിയമത്തിന്റെ പേരിൽ എതിർക്കുന്നതും."

കുഷ്ഠരോഗവിരോധഭോട്ട്—ലോകത്തുള്ള 50 ലക്ഷം കുഷ്ഠരോഗികളെ "ശാസ്ത്രത്തിന്റെയും ക്രിസ്തീയസ്നേഹത്തിന്റെയും സംയുക്തപ്രയത്നം"കൊണ്ടു് സമാശ്വസിപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടു് ഇപ്രകാരം പ്രസ്താവിച്ചു: "ഈ പ്രസ്ഥാനം കുഷ്ഠരോഗത്തിന്റെ പ്രചാരണത്തിനു ഏററം കൂടുതൽ അവസരമാകുന്ന കാരണത്തെ—രോഗത്തെ ഗോപനം ചെയ്യുന്നതിനുള്ള വാസനയെ—ഇല്ലാതാക്കാതിരിക്കയില്ല. ശാന്തതയോടുകൂടി കുഷ്ഠരോഗികളെ ചികിത്സിക്കുന്ന ഒരു ഡോക്ടറുടെ അടുത്തുനിന്നു ഒരു പോലീസുകാരന്റെ അടുത്തുനിന്നെന്നപോലെ അവർ ഓടിപ്പോകുകയില്ല. ഒളിച്ചിരിക്കുന്നതിനുപകരം അവരുടെ അടുത്തുവന്നു മരുന്നുകൾ ഉപയോഗിക്കുന്നതിനുള്ള സന്നദ്ധത അവർക്കുണ്ടാകും. ചരിത്രങ്ങളിൽനിന്നും സാഹിത്യഗ്രന്ഥങ്ങളിൽനിന്നും മനുഷ്യൻ മനസ്സിലാക്കിവച്ചിരിക്കുന്ന വിധത്തിലുള്ള വികാരപരമോ രോഗത്തിന്റെ സ്വഭാവത്തിൽനിന്നുളവാകുന്ന വൈരൂപ്യപരമോ ആയ അരോചകതയ്ക്കു ഇന്നു സ്ഥാനമില്ലാതായിത്തീർന്നിരിക്കുകയാണ്."

ഓരോ വിഷയങ്ങളിലും പരിശുദ്ധ മാർപ്പാപ്പാ നൽകുന്ന നിർദ്ദേശങ്ങളിൽ പൊന്തിനില്ക്കുന്ന അവഗാഹതയുടെ സ്ഫുരണങ്ങളാണു് ഏതൊരു മനുഷ്യനേയും വിസ്മയപരതന്ത്രനാക്കുന്നതു്. അവിടുന്നു എല്ലാ വിഷയങ്ങളെയും ശ്രദ്ധയോടുകൂടി പഠിക്കുകയും യുക്തിയുക്തവും മതപ്രബോധകവുമായ തത്വങ്ങളുടെ ഉരകല്ലിൽ ഉരച്ചു പരിശോധിക്കുകയും ചെയ്തശേഷമാണു് ലോകത്തിന്റെ മുമ്പിൽ വയ്ക്കുന്നതു്. ലോകൈകധാർമ്മികസമ്രാട്ടായ അവിടുന്നു ഈവിധത്തിൽ അവിടുത്തെ കർത്തവ്യനിർവ്വഹണത്തിൽ സമർപ്പിതോത്സുകനായിരിക്കുന്നു. വാർദ്ധക്യമോ കായക്ലേശമോ അവിടുന്നു പരിഗണിക്കുന്നില്ല. "മാർപ്പാപ്പായ്ക്കു വിശ്രമിക്കുവാനുള്ള സമയമില്ല" എന്നു കഴിഞ്ഞകൊല്ലം ഗൗരവമായ ആലസ്യം തിരുമേനിയെ പിടികൂടിയിരുന്ന അവസരത്തിൽപോലും അവിടുന്നു പറയുകയുണ്ടായല്ലോ. അതു അക്ഷരാർത്ഥത്തിൽ ഇന്നു അവിടുന്നു നിറവേററിപ്പോരുകയാണ്. അവിടുത്തെ നേതൃത്വം സ്വീകരിക്കുകയും നിർദ്ദേശങ്ങൾ പ്രായോഗികമാക്കുകയും ചെയ്യുകയാണെങ്കിൽ ലോകസമാധാനത്തിനും മാനവവംശത്തിന്റെ സുസ്ഥിതിക്കും അതു വഴിതെളിക്കുമെന്നുള്ള യാഥാർത്ഥ്യം എല്ലാവരും ഗ്രഹിച്ചിരുന്നെങ്കിൽ!

## അടുത്തയാഴ്ചയിൽ

മേയ്

10 വ്യാ: കർത്താവിന്റെ സ്വർഗ്ഗാരോഹണം
11 വെ: വി. പത്രോസ്
12 ശ: വി. നേരേയൂസും കൂട്ടരും
13 ഞാ: സ്വർഗ്ഗാരോഹണം ഇടഞായർ
14 തി: ബോനിഫാസീസ്
15 ചൊ: വി. യോഹന്നാൻ ലത്തീൻവാതില്ക്കൽ
16 ബു: വി. യോഹന്നാൻ നെപ്പുംസ്യാനോസ്

(10-ാം പേജ് തുടർച്ച)

ക്കന്മാരും പെടുന്നു. 1945-53 കാലങ്ങളിൽ ഇരുന്നൂററൻപതോളം വൈദികർ വധിക്കപ്പെടുകയോ, ജയിലുകളിൽവച്ചു മരണമടയുകയോചെയ്തു. 1951-ലും 54 നുമിടയ്ക്കു 2000 ത്തോളം വൈദികർ ചുവപ്പുചൈനയിൽനിന്നു പുറത്തുവന്നിട്ടുണ്ട്. ഇവരുടെ കൂട്ടത്തിൽ ശാസ്ത്രജ്ഞന്മാരും ഭാഷാപണ്ഡിതന്മാരും സെമിനാരിപ്രൊഫസർമാരുമുണ്ട്. "ചൈനയിലെ ക്രിസ്ത്യാനികൾ അത്ഭുതജീവികളാണ്; യാതൊരു ശക്തിക്കും അവരെ വഴിതെററിക്കാൻ കഴിയില്ല. വിശ്വാസത്തിനുവേണ്ടി ജീവത്യാഗം ചെയ്യാനും അവർ തയ്യാറാണ്." ചൈനയിൽനിന്നു പുറത്തുവന്ന വൈദികരുടെ വാക്കുകളാണിവ. ജയിലിൽനിന്നു പുറത്തുവന്നവരിൽ പലർക്കും അനുദിനസംഭവങ്ങളെപ്പററി യാതൊരു വിവരവുമുണ്ടായിരുന്നില്ല. സ്റ്റാലിനും ജോർജ് ആറാമനും നിര്യാതരായ വിവരമോ കൊറിയയിൽ യുദ്ധം നടന്ന കാര്യമോ അവർക്കറിവുണ്ടായിരുന്നില്ല. രണ്ടുവർഷത്തെ ജയിൽവാസമനുഭവിച്ച ഒരു മെത്രാൻ വിമോചിതനായപ്പോൾ മാത്രമാണു് തന്റെ വന്ദ്യമാതാവു് ഏതാനും കൊല്ലങ്ങൾക്കുമുമ്പു നിര്യാതയായ വിവരമറിഞ്ഞതു്.

ഇവരുടെമേൽ ആരോപിക്കപ്പെട്ടിരുന്ന കുററങ്ങളാണു് ഏററം രസകരമായിട്ടുള്ളതു്. ഗവർമെൻറിനെതിരായി ഗൂഢാലോചന നടത്തി, നാഷണലിസ്റ്റുകളെ സഹായിച്ചു, കമ്മ്യൂ: ഓഫീസറന്മാരുടെ വധത്തിനു കൂട്ടുനിന്നു, യുദ്ധക്കൊതിയന്മാരായിരുന്നു, കമ്മ്യൂ: പാർട്ടിയിൽ ചേരുന്നതിൽനിന്നു ചെറുപ്പക്കാരെ പിന്തിരിപ്പിച്ചു, കിണറുകളിൽ വിഷംകലർത്തി, ഭൂപടങ്ങൾ നിർമ്മിച്ചു തുടങ്ങിയവയാണു് ചാർജ്ജുകളിൽ ചിലതു്. വാസ്തവത്തിൽ ഇവർ ചെയ്ത "തെററു" ഇതൊന്നുമായിരുന്നില്ല. ആശുപത്രികളും അനാഥമന്ദിരങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചുനടത്തി എന്നതുമാത്രമായിരുന്നു. ചൈനയിലെ പാവപ്പെട്ടവരുടെയിടയിൽ, അനേകവർഷങ്ങളായി അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടു് അവരുടെ അഭ്യുന്നതിയെമാത്രം ലാക്കാക്കി നിസ്വാർത്ഥസേവനമനുഷ്ഠിച്ച മിഷണറിമാർക്കു് "ജനങ്ങളുടെ" പുത്തൻഭരണം നൽകിയ സ്വീകരണം!

കമ്മ്യൂ: കൾക്കു് ഈ മാർഗ്ഗങ്ങളിൽനിന്നു വ്യതിചലിക്കുക സാദ്ധ്യമല്ല. "പുള്ളിപ്പുലിക്കു" അതിന്റെ പുള്ളികൾ ഉപേക്ഷിക്കാൻ സാധിക്കുമോ? പാർലമെൻററി ഡെമോക്രസിയുടെ ദൃശ്യവശങ്ങളെപ്പററി ഗിരിപ്രഭാഷണങ്ങൾ നടത്തുന്നവർ സർവ്വാധിപത്യത്തിന്റെ ഭീകരങ്ങളും ഇരുളടഞ്ഞവയുമായ വശങ്ങളെ നിഷ്പക്ഷബുദ്ധിയോടെ നിരീക്ഷിക്കാൻ തയ്യാറാവണം. എങ്കിൽ മാത്രമേ ഇവ തമ്മിലുള്ള അന്തരം എത്രയുണ്ടെന്നു ഗ്രഹിക്കാൻ സാധിക്കൂ.

അദ്ധ്വാനിക്കുന്നവന്റെ പാർട്ടിയിൽതന്നെ ഭരിക്കേണ്ടവരെ തിരഞ്ഞെടുക്കാൻ അവനു കഴിയുകയില്ല. പാർട്ടി നിർദ്ദേശിക്കുന്ന സ്ഥാനാർത്ഥികളിലാരെയെങ്കിലും വോട്ടുചെയ്തു ജയിപ്പിക്കുകയേ അവനു നിർവ്വാഹമുള്ളൂ. വേണമെങ്കിൽ ആർക്കും സമ്മതിദാനം ചെയ്യാതിരിക്കാൻ സ്വാതന്ത്ര്യമുണ്ട്. ഈ മന്ത്രി മിരട്ടുവിദ്യകൾകൊണ്ടു് ഒരു ജനതയെ എത്രകാലത്തേക്കു സമാധാനിപ്പിച്ചുനിറുത്താൻ കഴിയും?

കൊള്ളരുതായ്മകൾക്കെതിരായി ജനഹൃദയങ്ങളിൽ പ്രതിഷേധം നാമ്പെടുക്കുക സ്വാഭാവികം മാത്രമാണ്. ആ പ്രതിഷേധം വളരുന്നതോടെ അതിനെ വളർത്തുന്ന ചുററുപാടുകൾ മാറാതെ നിവൃത്തിയില്ല. ബലപ്രയോഗവും പ്രചരണവുംകൊണ്ടു തടയാൻകഴിയുന്ന ഒന്നല്ല അതിന്റെ വളർച്ച. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതു മറെറാന്നുമല്ല.

ആയുധശക്തിയും സംഖ്യാബലവുമുണ്ടെങ്കിൽ സാമ്രാജ്യങ്ങൾ സ്ഥാപിക്കാൻകഴിയും. എന്നാൽ അവയുടെ നിലനില്പ് ജനങ്ങളുടെ സ്വാതന്ത്ര്യാഭിലാഷത്തെ ആശ്രയിച്ചാണിരിക്കുന്നതു്. മർദ്ദിതവർഗ്ഗത്തിനു് എതിർക്കാൻ അവസരം ലഭിക്കുന്നതുവരെ ഈ കോട്ടകൾ നിലനിൽക്കും. സ്വാതന്ത്ര്യാഭിലാഷത്തിനു് ഏതു നശീകരണായുധത്തേയും അതിശയിക്കുന്ന ശക്തിയുണ്ട്. പ്രത്യേകിച്ചും രാജ്യത്തിന്റെ സുസ്ഥിതി നിലനിർത്തേണ്ട അദ്ധ്വാനിക്കുന്നവന്റെ ഹൃദയത്തിലാണു് പ്രതിഷേധം രൂപംകൊള്ളുന്നതെങ്കിൽ. കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലെ കൃഷിക്കാരനും തൊഴിലാളിയും അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തനിനിറം നമുക്കറിയാം. പഴുത്തുവീഴുന്ന ഈ "പരു" പൊട്ടാതെ നിവൃത്തിയില്ല. ആ പൊട്ടലോടുകൂടി ലോകം ശാന്തിയുടേയും സമാധാനത്തിന്റേയും വഴിത്തിരിവിലേക്കു നീങ്ങാൻ തുടങ്ങും.

—o—

# വിവിധവൃത്താന്തങ്ങൾ

## സോവ്യററ് നേതാക്കൾ മടങ്ങി

ബ്രിട്ടൻസന്ദർശനത്തിനു എത്തിയിരുന്ന സോവ്യററ്നേതാക്കന്മാരായ ബുൾഗാനിനും ക്രൂഷ്ചേവും റഷ്യയിലേക്കു മടങ്ങി. സന്ദർശനത്തിനുമുമ്പ് അവർക്കുണ്ടായിരുന്ന പ്രതീക്ഷകളൊന്നും തന്നെ ഫലമണിഞ്ഞില്ലെന്നാണു പത്രറിപ്പോർട്ടുകളിൽനിന്നു കാണുന്നതു്. എന്നാൽ റഷ്യൻനേതാക്കന്മാരെപ്പററി, റഷ്യ അധീനമാക്കിവച്ചിരിക്കുന്ന രാജ്യങ്ങളിലെ അടിമകളല്ലാത്ത ജനങ്ങൾക്കുള്ള മനോഭാവമെന്തെന്നു മനസ്സിലാക്കുന്നതിനുള്ള സന്ദർഭം ബ്രിട്ടൻപര്യടനം അവർക്കു പ്രദാനംചെയ്തിട്ടുണ്ട്. ബ്രിട്ടനിലെ കത്തോലിക്കർ സോവ്യററുനേതാക്കളുടെ സാന്നിദ്ധ്യകാലം മുഴുവൻ ഒരു പ്രാർത്ഥനാഘട്ടമായിട്ടാണു ചെലവഴിച്ചതു്. ഇരുമ്പുമറയ്ക്കു പിന്നിലെ രാജ്യങ്ങളിൽനിന്നുള്ള അഭയാർത്ഥികൾ ഒരു വിലാപകാലഘട്ടമായും. ഏപ്രിൽ 22-ാംനു ബ്രിട്ടീഷ്ദ്വീപുകളിലെങ്ങും ഒരു പ്രാർത്ഥനാദിനമായിരുന്നു.

## 50000 പേരുടെ ഹർജി

അമ്പതിനായിരം പോളിഷ് അഭയാർത്ഥികൾ ബ്രോംപ്ടൺ ഓററ്ററിയിൽനിന്നും ഒരു മൗനഘോഷയാത്ര അജ്ഞാതഭടസ്മാരകത്തിലേക്കു നയിക്കുകയും, അവിടെ ഒരു റീത്തു സമർപ്പിക്കുകയും, പ്രധാനമന്ത്രിയുടെ വസതിയിലെത്തി ഒരു നിവേദനം സമർപ്പിക്കുകയുംചെയ്തു. ബ്രഡ്ഫോർഡിൽ ആയിരംപേർ ചേർന്നാണു ഘോഷയാത്ര നടത്തിയതു്. കഴിഞ്ഞ മഹായുദ്ധത്തിൽ പോളിഷ്സൈന്യാധിപനായിരുന്ന ജനറൽ ആൻഡേഴ്സ് ആണു് ഏപ്രിൽ 22-ാം തീയതിയിലെ ഘോഷയാത്ര നയിച്ചതു്. എല്ലാവരും ദുഃഖസൂചകമായ കറുത്തകൊടി വഹിച്ചിരുന്നു. 1939 ൽ റഷ്യാക്കാർ തടവുകാരായി പിടിച്ചുകൊണ്ടുപോയ 15000 പോളിഷ്ഭടന്മാരുടെ കാര്യം അവർ സ്മരിച്ചു. ഇവരിൽ 4000 പേരുടെ അസ്ഥികൾ നാലുകൊല്ലത്തിനുശേഷം കാററീൻവനങ്ങളിൽ കണ്ടെത്തുകയുണ്ടായി. റഷ്യാക്കാർ

അവരെ കൂട്ടക്കൊലനടത്തുകയാണുണ്ടായതു്. ബാക്കി 11000 പേരെപ്പററി ഇതേവരെ ഒരറിവുമില്ല. പോളിഷ് അഭയാർത്ഥികൾ പ്രധാനമന്ത്രിക്കു സമർപ്പിച്ച നിവേദനത്തിൽ ഈ 11000 പേരുടെ കാര്യം ഉന്നയിച്ചിട്ടുണ്ടു്. 50,000 പേർ ഒപ്പിട്ട ഈ നിവേദനത്തിൽ, പോളണ്ടിന്റെ സ്വാതന്ത്ര്യകാര്യവും, റഷ്യ ഇപ്പോഴും തടങ്കൽപ്പാളയങ്ങളിൽ സൂക്ഷിക്കുന്ന പതിനായിരക്കണക്കിനു പോളണ്ടുകാരുടെ കാര്യവും റഷ്യൻസന്ദർശകരുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു അഭ്യർത്ഥിച്ചിരുന്നു.

## ലാററ്‌വിയൻ പ്രതിഷേധം

മദ്ധ്യ-പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള അഭയാർത്ഥികൾ ഒരു പ്രകടനം നടത്തുവാൻ തീരുമാനിച്ചെങ്കിലും ഗവർമെൻറു് അതു അനുവദിച്ചില്ല. അതേത്തുടർന്നു ബ്രിട്ടനിലുള്ള 12,000 ലാററ്‌വിയാക്കാർ 10 ദിവസം വിലാപദിനങ്ങളായി ആചരിച്ചിരിക്കുന്നു. അവർ കറുപ്പുവസ്ത്രങ്ങൾ ധരിക്കുകയും, എല്ലാ സാമൂഹ്യചടങ്ങുകളിൽനിന്നും നാടക-സിനിമാശാലകളിൽനിന്നും ഒഴിഞ്ഞിരിക്കുകയും ചെയ്തു. റഷ്യാക്കാർ പിടിച്ചു കൊണ്ടുപോയിരിക്കുന്ന 150,000 ലാററ്‌വിയാക്കാർക്കുവേണ്ടി പ്രാർത്ഥിക്കുവാനാണു് ഈ ദിവസങ്ങൾ അവർ വിനിയോഗിച്ചതു്. ബാൾട്ടിക്ക മുതൽ കരിങ്കടൽവരെയുള്ള പ്രദേശങ്ങളിൽനിന്നു നാടുകടത്തപ്പെട്ടിരിക്കുന്ന 27000 സന്യാസിനീസന്യാസികളുടെ കാര്യവും അനുസ്മരിക്കുകയുണ്ടായി.

## ബ്രിട്ടന്റെ നിവേദനം

ബ്രിട്ടനിലെ രണ്ടരലക്ഷം ജനങ്ങൾ ഒപ്പിട്ട ഒരു ഭീമഹർജി വിദേശകാര്യമന്ത്രി മി. സെൽവിൻ ലോയിഡിനു സമർപ്പിക്കപ്പെട്ടു. റഷ്യൻനേതാക്കന്മാരുമായുള്ള ചർച്ചാവേളകളിൽ, അടിമക്യാമ്പുകളിൽ തടങ്കലിൽ വെച്ചിരിക്കുന്നവരെ മോചിപ്പിക്കുന്നതിനും, റഷ്യയ്ക്കു പുറമേ രാജ്യങ്ങളെ ഭരിക്കുവാൻ റഷ്യ ഭാവിക്കുന്ന അവകാശത്തെ അംഗീകരിക്കാതിരിക്കുന്നതിനും, ബ്രിട്ടീഷ്ഗവർമെൻറിനോടു അഭ്യർത്ഥിക്കുന്നതായിരുന്നു നിവേദനം.

## റഷ്യയുടെ മാനസാന്തരത്തിനു

റഷ്യയുടെയും അധീനരാജ്യങ്ങളുടെയും മാനസാന്തരത്തിനു പരിശ്രമിക്കുന്ന സലേഷ്യൻ സന്യാസികളെ സഹായിക്കുന്നതിനായി അമേരിക്കയിൽ ഇൻഡ്യാനായിൽ ഒരു ജൂനിയർ സെമിനാരി ഉടനെ ആരംഭിക്കുന്നതാണു്. ലിത്വാനിയ, ഉക്രയിൻ മുതലായ സോവ്യററധീനരാജ്യങ്ങളിലെ ജാതികളിൽപെട്ട യുവാക്കന്മാർക്കു വൈദികശിക്ഷണം നൽകുകയെന്നതാണു് ഈ സെമിനാരിയുടെ ലക്ഷ്യം. ഫ്രാൻസിൽ ഇപ്പോൾ ഇതേലക്ഷ്യത്തോടുകൂടിയ ഒരു സെമിനാരിയുണ്ടു്. അവിടെ സലേഷ്യൻസഭയിൽ ചേർന്നിട്ടുള്ള ഉക്രയിൻ വർഗ്ഗീയരായ യുവാക്കന്മാർ വൈദികവിദ്യാഭ്യാസം നടത്തിവരുന്നു.

വാരാന്ത്യവീക്ഷണം

# നാറേറാകൗൺസിൽ സമ്മേളനം

ഇപ്പോൾ പാരീസിൽവെച്ചു "നാറേറാ"കൗൺസിലിന്റെ ഒരു യോഗം നടന്നുകൊണ്ടിരിക്കയാണു്. അമേരിക്കൻ സ്റ്റേററു് സിക്രട്ടറി മി. ഡള്ളസാണു് സമ്മേളനത്തിലെ പ്രമുഖ വ്യക്തി. ഇപ്പോഴത്തെ "നാറേറാ"സമ്മേളനത്തിൽ സുപ്രധാനങ്ങളായ ചില നിർദ്ദേശങ്ങളെപ്പററി ആലോചനകൾ നടക്കുന്നതാണു്. "നാറേറാസഖ്യത്തിന്റെ രൂപത്തിനും ലക്ഷ്യങ്ങൾക്കും ചില പരിവർത്തനങ്ങൾ വരുത്തണമെന്നു് മി. ഡള്ളസിനു ആഗ്രഹമുണ്ടു്. "നാറേറാ" ഇപ്പോൾ ഒരു സൈനികസംഘടനമാത്രമാണു്. റഷ്യയുടെ പുതിയ നയപരിവർത്തനങ്ങളുടെ ഫലമായി സമരഭീതി കുറഞ്ഞേക്കാമെന്നും അപ്പോൾ "നാറേറാ"യുടെ ഉത്സാഹവും ഉറപ്പും തണുത്തുപോയേക്കാമെന്നും ഭയമുള്ളതുകൊണ്ടു് സാമ്പത്തിക സാംസ്കാരികരംഗങ്ങളിൽക്കൂടി "നാറേറാ"യുടെ പ്രവർത്തനങ്ങൾ വികസിപ്പിച്ചു് "നാറേറാ"സഖ്യത്തിന്റെ അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനു് മി. ഡള്ളസിനു ചില നിർദ്ദേശങ്ങളുണ്ടു്. ഇപ്പോൾ 15 രാഷ്ട്രങ്ങളാണു് "നാറേറാ"യിൽ ചേർന്നിട്ടുള്ളതു്. ഈ 15 രാഷ്ട്രങ്ങളുംചേർന്നു സാമ്പത്തിക സാംസ്കാരികപ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിനു ഒരു സംയുക്തസമിതിയും സിക്രട്ടറിയേററും സ്ഥാപിക്കണമെന്നു ആലോചനയുണ്ടു്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സൈനികനേതൃത്വവും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളും അതേപടി തുടരുകയും, അതേസമയം ഒരു "കോൺഫെഡറേഷൻ" അഥവാ സംയുക്തരാഷ്ട്രസംഘടനകൂടി ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണെന്നാണു് പുതിയ നിർദ്ദേശം. പരസ്പരവിരുദ്ധങ്ങളായ ദേശീയതാല്പര്യങ്ങളുള്ള യൂറോപ്യൻരാജ്യങ്ങളെ പൊതുതാല്പര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നതിനു യോജിപ്പിക്കയെന്നുള്ളതു് അത്ര എളുപ്പമുള്ള കാര്യമല്ല. എന്നാൽ ഇതാണത്രെ മി. ഡള്ളസിന്റെ പ്രധാന ജീവിതാഭിലാഷം.

## ആൾജീരിയാ

ആൾജീരിയായിലെ ഫ്രഞ്ചുവിരുദ്ധപ്രക്ഷോഭണം വളരെ രൂക്ഷമായിത്തീർന്നിരിക്കയാണു്. ആഴ്ചതോറും നൂറുകണക്കിനു ആൾജീരിയൻ ദേശീയവാദികളെ ഫ്രഞ്ചുസൈന്യങ്ങൾ കൊന്നൊടുക്കുന്നുണ്ടു്. ഇതുകൊണ്ടൊന്നും പ്രക്ഷോഭണം ശമിക്കുന്നില്ല. ആൾജീരിയായ്ക്കു കിഴക്കും പടിഞ്ഞാറും കിടക്കുന്ന ടൂണീഷ്യായ്ക്കും മൊറോക്കോയ്ക്കും അടുത്തകാലത്തു ഫ്രാൻസു സ്വാതന്ത്ര്യം നൽകി. അതുപോലെതന്നെ ഫ്രഞ്ചു സൈന്യങ്ങൾ ഏതാനും ദിവസങ്ങൾക്കുമുമ്പു ദക്ഷിണവിയററ്നാമിൽനിന്നു പിൻവലിക്കപ്പെടുകയും അങ്ങനെ ഫ്രാൻസിന്റെ ഇൻഡോചൈനാ സാമ്രാജ്യവാഴ്ച അവസാനിക്കയുംചെയ്തു. ഈ രാജ്യങ്ങളിലെല്ലാം യുക്തിപൂർവ്വം പ്രവർത്തിച്ച ഫ്രാൻസ് ആൾജീരിയായിൽമാത്രം പിടിച്ചുനില്ക്കാൻവേണ്ടി കൂട്ടക്കൊല നടത്തുന്നതു് ആൾജീരിയായിൽ സ്ഥാപിതതാല്പര്യങ്ങളുള്ള ഫ്രഞ്ചുപാർലമെൻറു് അംഗങ്ങളുടെ സ്വാധീനംകൊണ്ടാണു്. ആൾജീരിയൻ പ്രശ്നം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുവാൻ ഫ്രാൻസിനു കഴിവില്ല. വലിയ സാമ്പത്തികശക്തിയില്ലാത്ത ഫ്രാൻസ് കോടിക്കണക്കിനു ഫ്രാങ്ക് ആൾജീരിയായിൽ വർഷംതോറും ദുർവ്യയം ചെയ്തുകൊണ്ടിരിക്കയാണു്. ഫ്രഞ്ചുനേതാക്കന്മാർ ആൾജീരിയൻ പ്രശ്നത്തിനു ഒരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ സാമ്പത്തികത്തകർച്ചകൊണ്ടുതന്നെ ഫ്രാൻസിൽ ആഭ്യന്തരഭരണക്കുഴപ്പങ്ങൾ ഉണ്ടാകാതെ തരമില്ല. ഫ്രാൻസ് ആൾജീരിയായിൽ ഭരിക്കണമെന്നു അമേരിക്കയ്ക്കു പ്രത്യേക താല്പര്യങ്ങളൊന്നുമില്ലെങ്കിലും ഫ്രാൻസിന്റെ സൗഹാർദ്ദത്തിനു വിലകല്പിക്കുന്ന അമേരിക്കാ ആൾജീരിയൻപ്രശ്നത്തെ വളരെ കരുതലോടുകൂടിയാണു് സമീപിക്കുന്നതു്. അമേരിക്കയും ഫ്രാൻസുമായി സഹകരിക്കുന്ന മററു "നാറേറാ"ശക്തികളും ആൾജീരിയൻപ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി ഫ്രാൻസിനെ പ്രേരിപ്പിക്കുമെന്നാണു പറയപ്പെടുന്നതു്. പക്ഷെ ആൾജീരിയായ്ക്കു പെട്ടെന്നു സ്വാതന്ത്ര്യം നൽകുവാൻതക്ക രാഷ്ട്രീയശക്തിയുള്ള ഒരു ഗവമ്മെൻറല്ല ഫ്രാൻസിൽ ഇപ്പോൾ ഭരണം നടത്തുന്നതു്.

## ബർമ്മായിലെ പൊതുതിരഞ്ഞെടുപ്പ്

ബർമ്മാ റിപ്പബ്ളിക്കിൽ ഇപ്പോൾ ഒരു പൊതുതിരഞ്ഞെടുപ്പു നടന്നുവരികയാണു്. 250 അംഗങ്ങളുള്ള ബർമ്മായുടെ അധോമണ്ഡലത്തിലെ 187 സീററുകളുടെ ഫലം അറിഞ്ഞതിൽ 126 സീററുകൾ ഇപ്പോൾ ഭരണംനടത്തുന്ന ആൻറി ഫസിസ്റ്റ് പീപ്പിൾസ് ഫ്രീഡം ലീഗിനു ലഭിച്ചിരിക്കുന്നു. പ്രധാനമന്ത്രി ഉനുവിന്റെ ഭരണത്തിന്റെ വിജയമാണല്ലോ ഇതു സൂചിപ്പിക്കുന്നതു്. സിലോണിൽ കഴിഞ്ഞമാസം നടന്ന പൊതുതിരഞ്ഞെടുപ്പിൽ അവിടെ കഴിഞ്ഞ എട്ടുകൊല്ലങ്ങളായി ഭരണംനടത്തിവന്ന യു. എൻ. പി. ദാരുണമായി പരാജയപ്പെട്ടപ്പോൾ ബർമ്മായിൽ സംഭവിച്ചതു് മറ്റൊരു തരത്തിലായതിനു കാരണങ്ങളുണ്ടു്. സർ ജോൺ കൊത്തലവാലായുടെ സിലോണിലെ ഭരണം ബ്രിട്ടീഷ്ഭരണത്തിന്റെ ഒരു തുടർച്ചയെന്നപോലെ നിലവിലുള്ള പാരമ്പര്യങ്ങളിൽ അടിയുറച്ചതായിരുന്നു. ബ്രിട്ടനോടും പശ്ചിമരാഷ്ട്രങ്ങളോടും സർ ജോൺ കൊത്തലവാല വളരെ മമത പ്രദർശിപ്പിച്ചുവന്നു. ബർമ്മായിലെ ഉനുവിന്റെ നയം ഇതിൽനിന്നും വളരെ വിഭിന്നമായിരുന്നു. ക്ഷേമരാഷ്ട്രം, ദേശീയപാരമ്പര്യങ്ങൾ, സ്വതന്ത്രവിദേശനയം, ക്രമാനുഗതമായ സോഷ്യലിസ്റ്റ് പുരോഗതി എന്നിവയായിരുന്നു ഉനുവിന്റെ ലക്ഷ്യങ്ങൾ. ബർമ്മാക്കാരുടെ ദേശീയവസ്ത്രധാരണരീതിയിലും ബുദ്ധമതസംസ്കാരത്തിലും അഭിമാനമുള്ള ഉനുവിനു ബുദ്ധമതസന്യാസികളുടെ പൂർണ്ണപിന്തുണ ലഭിച്ചു. എന്നാൽ യൂറോപ്യൻജീവിതരീതിയിൽ പ്രത്യേക സന്തുഷ്ടിയുള്ള സർ ജോൺ കൊത്തലവാലായുടെ ഭരണത്തെ സിലോണിലെ ബുദ്ധമതസന്യാസികൾ പൊതുവെ ആക്ഷേപിച്ചുകൊണ്ടാണിരുന്നതു്. ബർമ്മായിലും സിലോണിലും ബുദ്ധമതസന്യാസികൾക്കു ഇന്നും വളരെ സ്വാധീനശക്തിയുണ്ടു്. ദേശീയപാരമ്പര്യങ്ങളേയും സോഷ്യലിസ്റ്റ് മാതൃകയിലുള്ള സാമ്പത്തികപുരോഗതിയേയും ലക്ഷ്യമാക്കി പ്രവർത്തിച്ചാണു് ഉനു ബർമ്മയിലെ ജനങ്ങളുടെ പിന്തുണ സമ്പാദിച്ചതു്. സിലോണിലെ പുതിയ പ്രധാനമന്ത്രി മി. ഭണ്ഡാരനായകും ഇതുപോലെയുള്ള ഒരു നയമാണു് സ്വീകരിച്ചുതുടങ്ങിയിരിക്കുന്നതു്. ബർമ്മായിലും സിലോണിലും യഥാർത്ഥത്തിൽ പൊതുജനങ്ങളുടെ പിന്തുണയുള്ള ഉറച്ച ഗവമ്മെൻറുകൾ അധികാരത്തിൽ വന്നിരിക്കയാണു്.

## ബോസ്കോയുടെ പ്രവചനം

സലേഷ്യൻ സഭാസ്ഥാപകനായ വിശുദ്ധ ജോൺബോസ്കോ 1884-ൽ പറയുകയുണ്ടായി: "നമ്മുടെ സഭയ്ക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന ഭാവി എന്റെ കൺമുമ്പിൽ എനിക്കു കാണാം. ദക്ഷിണഅമേരിക്ക മുതൽ ആസ്ത്രിയാ, ഹംഗറി, റഷ്യാവരെ ...ഇൻഡ്യാ, ചൈനാവരെ." ഇതൊരു പ്രവചനമായിരുന്നോ? വിശുദ്ധന്റെ ജീവിതകാലത്തു്, സലേഷ്യൻ സന്യാസസഭയുടെ ആശ്രമങ്ങൾ റഷ്യയിൽ ആരംഭിക്കുന്നതിനു സാർചക്രവർത്തിമാർ അനുവദിച്ചിരുന്നില്ല. എന്നാൽ 1920-ൽ പേപ്പൽ ദുരിതനിവാരണമിഷന്റെ അംഗങ്ങളായി മൂന്നു സലേഷ്യന്മാർ റഷ്യയിലെത്തുകയും, മോസ്കോ കേന്ദ്രമാക്കിക്കൊണ്ടു് പട്ടിണിപ്പാവങ്ങൾക്കു ഭക്ഷ്യപദാർത്ഥങ്ങൾ വിതരണം ചെയ്യുകയുമുണ്ടായി. ഇരുപതിനായിരം കുട്ടികൾക്കു അവർ ഭക്ഷണവും വസ്ത്രവും ദാനം ചെയ്തു.

## കുഷ്ഠരോഗ കോൺഗ്രസ്

സർവ്വരാജ്യകുഷ്ഠരോഗകോൺഗ്രസിന്റെ ഇക്കൊല്ലത്തെ സമ്മേളനം റോമിൽവെച്ചു സമ്മേളിച്ച വിവരം പ്രസ്താവിച്ചിരുന്നല്ലോ. മൂന്നുദിവസം ദീർഘിച്ച ഈ സമ്മേളനത്തിൽ 50 രാജ്യങ്ങളിൽനിന്നുള്ള 200 വിദഗ്ദ്ധന്മാർ സംബന്ധിച്ചിരുന്നു. രോഗവിമുക്തരാകുന്ന കുഷ്ഠരോഗികളെ സമുദായത്തിലേക്കു തിരിച്ചെടുക്കുന്ന പ്രശ്നമായിരുന്നു കോൺഗ്രസിന്റെ പ്രധാന ചർച്ചാവിഷയം. ഒരു മാറാവ്യാധിയെന്നു കരുതപ്പെട്ടിരുന്ന കുഷ്ഠരോഗം സൾഫോൺ, സ്ട്രെപ്റേറാമൈസിൻ മുതലായ ഔഷധങ്ങളുടെ കണ്ടുപിടിത്തത്തോടുകൂടി സുഖപ്പെടുത്താമെന്നുവന്നിട്ടുണ്ടു്. കുഷ്ഠരോഗത്തോടു സമുദായത്തിനുള്ള ഭയംമൂലം കുഷ്ഠരോഗികളെ സമുദായഭ്രഷ്ടരായിട്ടാണു എവിടെയും കണക്കാക്കുന്നതു്. തന്മൂലമാണു അവരെ സമുദായത്തിലേക്കു തിരിച്ചെടുക്കുക ഒരു പ്രശ്നമായിത്തീർന്നിരിക്കുന്നതു്. ലോകത്തിൽ 50 ലക്ഷം കുഷ്ഠരോഗികളുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവരധികവും ഇൻഡ്യാ, ചൈനാ, ആഫ്രിക്കാ മുതലായ പ്രദേശങ്ങളിലാണു്.

## ഇടവകവാർത്തകൾ


**മരിയാപുരം:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റേയും മിഷ്യൻലീഗിന്റേയും സംയുക്തവാർഷികം മിഷ്യൻഹോം അങ്കണത്തിൽവെച്ചു വെരി റവ. ഫാദർ ആൻറണി മാളേക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി റവ. ഫാദർ വടക്കൻ, ശ്രീ എ സി റപ്പായി മുതലായവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ വിനോദപ്രകടനങ്ങളും കലാപരിപാടികളുമുണ്ടായിരുന്നു.

**തിടനാട്:** സൺഡേസ്കൂൾ, സത്യാരാധന, സോഡാലിററി, മിഷൻലീഗ്, മൂന്നാംസഭ, ലീജിയൻ ഓഫ്മേരി മുതലായ സംഘടനകളുടെ സംയുക്തവാർഷികം ഏപ്രിൽ 29-ാംനു- റവ ഡോക്ടർ തിയൊഡോഷ്യസ് സി ഡി എം എ, അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ ഫാദർ അത്തുൾ, കെ സി ചാക്കോ ബി എ, ബി ടി മുതലായവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

**കടവൂർ:** വിശുദ്ധ ഡീവന്നീസ് സഹദായുടെ തിരുനാൾ സ്ഥലത്തെ കത്തോലിക്കാ ദേവാലയത്തിൽ 4 ദിവസങ്ങളിലായി നടത്തപ്പെട്ടിരിക്കുന്നു. കൊല്ലം മെത്രാൻ മൊററു് റവ ഡോക്ടർ ജറോം ഫർണാണ്ടസ് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ വേസ്പരയും പൊന്തിഫിക്കൽ കുർബാനയും ഉണ്ടായിരുന്നു. ശ്രീ കെ മാപാമ്പന്റെ ഭക്തിസംവർദ്ധകമായ കഥാപ്രസംഗവും ഉണ്ടായിരുന്നു.

**അമ്പഴക്കാട്:** സ്ഥലം കർമ്മലീത്താ ആശ്രമത്തിൽ തൊഴിലാളിമദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിന്റെ പ്രഥമതിരുനാൾ മേയ് 1-ാംനു സ്ഥലത്തെ തൊഴിലാളികളുടെ ചെലവിൽ അത്യാഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. തിരുനാളിനു പ്രാരംഭമായി പ്രസംഗപരമ്പരയോടുകൂടിയ ത്രിദിനപ്രാർത്ഥന നടത്തി. തിരുനാൾദിനം ആഘോഷമായ തിരുകർമ്മങ്ങൾക്കുശേഷം ആശ്രമംവകയായി തൊഴിലാളികൾക്കു് വിഭവസമൃദ്ധമായ ഒരു ഡിന്നർ നൽകുകയുണ്ടായി.

(ശേഷം 5-ാംപേജിൽ)



ആത്മകഥാകഥനം

# എന്റെ പുനരൈക്യം

(എ. പീലിപ്പോസ് എം. എ., ബി. എൽ. റിട്ടയർഡ് ജഡ്ജി)

[ഈ പംക്തികളിൽ ഇതരസഭകളിൽനിന്നു കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുന്നവരുടെ അനുഭവങ്ങളെ വിവരിച്ചുള്ള ലേഖനങ്ങൾ ഞങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നുണ്ടല്ലോ. ചില മാന്യവായനക്കാർ അതേപ്പററി ചില കത്തുകൾ ഞങ്ങൾക്കെഴുതി അയക്കുകയും മററു ചിലർ അവയെ ഖണ്ഡിക്കുന്നതിനെന്ന ഭാവേന ലഘുലേഖകൾ പ്രസിദ്ധീകരിച്ചു അവയുടെ കോപ്പികൾ ഞങ്ങൾക്കയച്ചുതരികയും ചെയ്തിട്ടുണ്ട്. ആദ്യമായിത്തന്നെ ഞങ്ങൾക്കു പറയാനുള്ളത്, ഈ പംക്തിയുടെ ഉദ്ദേശ്യം കത്തോലിക്കാസഭയെപ്പററി അറിയുന്നതിനാഗ്രഹിക്കുന്നവർക്ക്, സത്യസമന്വേഷണത്തിൽ ഏർപ്പെട്ടിരുന്നവർ കത്തോലിക്കാസഭയെ എങ്ങിനെ വീക്ഷിച്ചു എന്നും സംശ്ലേഷത്തിൽ എന്തെല്ലാം അനുകൂലപ്രതികൂലപ്രേരണകൾ അവർക്കു നേരിടേണ്ടിവന്നു എന്നും മററും അനുഭവജ്ഞാനത്തിൽനിന്നുള്ള പാഠങ്ങൾ നൽകുന്നതിനാണ്. സഹൃദയന്മാർ ഈ പ്രസ്ഥാനത്തെ വളരെയധികം വിലമതിക്കുന്നുണ്ടെന്നും ഞങ്ങൾക്കറിയാം. ഇതരസഭകളെ അവമതിക്കുന്നതിനോ അപലപിക്കുന്നതിനോ ഞങ്ങൾക്കുദ്ദേശ്യമില്ല. തിരുസഭാതത്വങ്ങളെയോ ചരിത്രത്തെയോ സംബന്ധിക്കുന്ന കാര്യങ്ങളെ വിശദീകരിക്കുന്നതിനും ന്യായമായ എതിർവാദങ്ങളെ യുക്തിയുക്തം ഖണ്ഡിക്കുന്നതിനും ഞങ്ങൾ എപ്പോഴും തയാറാണെന്നുള്ള വസ്തുത സത്യദീപത്തിന്റെ ഇതഃപര്യന്തമുള്ള ചരിത്രം വിശദമാക്കികഴിഞ്ഞിട്ടുള്ളതാണ്. രണ്ടാമതായി ഈ പംക്തിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ അതതിന്റെ ലേഖകന്മാർ ആത്മാർത്ഥതയോടും സദുദ്ദേശ്യത്തോടുംകൂടി എഴുതുന്നവയാണ്. അങ്ങിനെ ഞങ്ങൾക്കു ബോദ്ധ്യപ്പെടുന്നവ മാത്രമേ ഞങ്ങൾ പരസ്യപ്പെടുത്താറുള്ളു. മിക്കവാറും എല്ലാംതന്നെ അവരവരുടെ പൂർണ്ണമായ പേരുവച്ചാണു പ്രസിദ്ധീകരിക്കുക. തക്കതായ കാരണമുണ്ടെന്നു ബോദ്ധ്യപ്പെട്ടാൽ പേരുവയ്ക്കാതെയും പ്രസിദ്ധീകരിക്കും. അതുകൊണ്ടു ലേഖനങ്ങളുടെ സത്യതയേയോ ആത്മാർത്ഥതയേയോപററി ആരും ആശങ്കപ്പെടേണ്ടതില്ലെന്നു സംശയാലുക്കളായ ചില ലിഖിതാക്കളുടെ അറിവിലേക്കായി ഇവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. "സത്യം ജയതെ," അതാണ് ഞങ്ങളുടെ മുദ്രാവാക്യം. പത്രാധിപർ]

കഴിഞ്ഞ ക്രിസ്തുമസ് ദിവസം (1955) തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷൻ മാർ അത്തനാസ്യോസ് തിരുമേനി രണ്ടു വിദേശമിഷ്യനറിമാരോടുകൂടി എന്നെ സന്ദർശിച്ചു. വളരെനേരം സൗഹാർദ്ദമായി മതസംബന്ധമായും, പുനരൈക്യസംബന്ധമായും ഉള്ള സംഗതികളെപ്പററി ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു. അവർ രണ്ടുപേരും പുനരൈക്യപ്രസ്ഥാനത്തിന്റെ അകമഴിഞ്ഞ സ്നേഹിതന്മാരായിരുന്നു. അവരിൽ ഒരാൾ ഈശോസഭക്കാരൻ ഫാദറും മററയാൾ ഒരു സിസ്റ്റേർഷ്യൻ ഫാദറുമായിരുന്നു. ഈശോസഭക്കാരൻ അച്ചൻ കർസിയോങ്ങിലെ സെൻറ് മേരീസ് കോളേജിലെ സഭാചരിത്രപ്രൊഫസർ ആണ്. അദ്ദേഹത്തിന്റെ പേര് Fr. Hambye S. J. എന്നത്രെ. സിസ്റ്റേർഷ്യൻ ഫാദർ ആ സഭ പുത്തനായി തൃശ്ശിനാപ്പിള്ളിയിൽ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള അവരുടെ സമൂഹത്തിൽപെട്ടയാൾ ആകുന്നു. ഞാൻ സിസ്റ്റേർഷ്യൻ ഫാദേഴ്സിനെപ്പററി വായിച്ചിട്ടും കേട്ടിട്ടും ഉണ്ടെങ്കിലും അവരിൽ ആരെയും കണ്ടിട്ടില്ല. ആദ്യം ഒരു സിസ്റ്റേർഷ്യൻ ഫാദറിനെ കാണുന്നതു് അദ്ദേഹത്തെയായിരുന്നതുകൊണ്ടു് അദ്ദേഹത്തെ കണ്ടതു് എനിക്കു വളരെ സന്തോഷകരമായിരുന്നു. അദ്ദേഹത്തിന്റെ പേരു് Fr. Francis Mahieu of Christ എന്നാകുന്നു. അവർ എന്റെയും എന്റെ ഭാര്യയുടെയും യോജിച്ചുള്ള ഒരു ഫോട്ടോയും, എന്റെയും രൂപതാദ്ധ്യക്ഷൻ തിരുമേനിയുടെയും അവരിൽ ഓരോരുത്തരുടെയും യോജിച്ചുള്ള ഓരോ ഫോട്ടോയും എടുത്തുകൊണ്ടുപോയി. അവർ വളരെ സന്തോഷത്തോടുകൂടി തിരികെ പോയശേഷം ഈശോസഭക്കാരൻ അച്ചൻ ഫെബ്രുവരി 17-ാം തിയതി കർസിയോങ്ങിൽനിന്നു ഫോട്ടോ മൂന്നിന്റെയും ഓരോ പ്രതി സഹിതം എനിക്കയച്ച എഴുത്തിന്റെ ഒടുവിൽ ഇങ്ങനെ ഒരു വാചകം ഉണ്ടു: "I have only one wish to express that you write your souvenirs of the early struggles." അതിനെ ഇങ്ങനെ ഉദ്ധരിക്കാം: "പുനരൈക്യത്തിന്റെ ആരംഭദശയിലെ നിങ്ങളുടെ പ്രിയപ്പെട്ട പ്രവർത്തനങ്ങളെ നിങ്ങൾ എഴുതി പരസ്യപ്പെടുത്തണമെന്നുള്ള എന്റെ ഏകആഗ്രഹം മാത്രമേ എനിക്കു പറയാനുള്ളു." ബ. ഈ വന്ദ്യപുരോഹിതശ്രേഷ്ഠനോടുള്ള അതിവമായ ബഹുമാനത്തിന്റെയും നന്ദിയുടേയും ഓർമ്മയായി അദ്ദേഹത്തിന്റെ കാര്യമായ ഈ അഭിലാഷം കഴിവുപോലെ സാധിച്ചുകൊടുക്കാൻ ദൈവം എന്നെ ശക്തിപ്പെടുത്തി ഇതെഴുതിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഞാൻ അതിനായി ഉദ്യമിക്കുന്നു. ദൈവം അനുഗ്രഹിച്ചു സഹായിക്കട്ടെ.

ഞാൻ പുനരൈക്യപ്പെട്ട ദിവസം (19th April 1931) എന്റെ പ്രിയ യേശു ഒരു കുരിശു് എന്റെ കൈയിൽ തന്നുകൊണ്ടു് "ഈ കുരിശിനെ വഹിച്ചു നീ എന്നെ അനുഗമിച്ചു് നിന്റെ നിത്യജീവൻ സമ്പാദിച്ചുകൊൾക" എന്നു് എന്നോടു പറഞ്ഞതായിട്ടാണു് എനിക്കു തോന്നിയതു്. പുനരൈക്യപ്പെടാനായി ഞങ്ങൾ ചെന്ന പള്ളിയിലെ അപ്പോഴത്തെ കാഴ്ചതന്നെയും അത്തരം ഒന്നായിരുന്നു. അവിശ്വാസികളെ വിട്ടു സത്യവിശ്വാസം സ്വീകരിക്കുന്നതിൽ ഒരു കുരിശുണ്ടല്ലോ. അതു ഒരുവിധത്തിൽ രക്തസംബന്ധികളിൽനിന്നും, ബന്ധുമിത്രാദികളിൽനിന്നും ഉള്ള ഒരു വേർപാടാണ്. എന്നോടുകൂടി പുനരൈക്യപ്പെടാനായി എന്റെ മരിച്ചുപോയ ഒരു ജ്യേഷ്ഠന്റെ മൂന്നു ആൺമക്കളിൽ രണ്ടുപേരും അവരുടെ കുടുംബങ്ങളുമേ ഉണ്ടായിരുന്നുള്ളു. അപ്പോൾ ജീവിച്ചിരിപ്പുള്ള എന്റെ ഒരു ജ്യേഷ്ഠനും മററു എന്റെ പല ശാഖാകുടുംബങ്ങളിൽനിന്നും ആരും തന്നെ പുനരൈക്യപ്പെടാൻ ഉണ്ടായിരുന്നില്ല. തന്നെയുമല്ല അവരുടെ മനസ്ഥിതിയും ഒരു അകൽച്ചയെന്നവിധത്തിൽ ആയിരുന്നു. അവരിൽ ഒരു ജ്യേഷ്ഠസഹോദരൻ (an elder cousin brother) പുനരൈക്യത്തിനു ഏതാനും മാസങ്ങൾക്കുമുമ്പ് എന്റെ പേർക്ക് എഴുതിഅയച്ചതും ഇങ്ങനെ ആയിരുന്നു: "നീ കത്തോലിക്കാ സഭയിൽ ചേരരുതു്. ചേരുന്നപക്ഷം നീ മരിക്കുമ്പോൾ നിന്നെ കുഴിച്ചിടാൻ ആരും ഉണ്ടാകുകയില്ല." എന്റെ ജനനസമയത്തും മരണസമയത്തും ദൈവം മാത്രമേ എനിക്കു കൂട്ടുള്ളു. അതുകൊണ്ടു് ആ പറഞ്ഞതിനെ കുറിച്ചു് ഞാൻ വിചാരപ്പെടുന്നില്ല എന്നു ഞാൻ മറുപടി അയച്ചു.

ഈ കുരിശിന്റെ നിഴൽ പുനരൈക്യപ്പെടുന്നതിനു മുമ്പുതന്നെ എനിക്കു കാണാമായിരുന്നു. എന്റെ ആത്മീയപിതാവും അടുത്ത രക്തബന്ധമുള്ള ആളുമായ അന്നത്തെ മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന മാർ ദീവന്നാസ്യോസ് തിരുമേനി എന്റെ പുനരൈക്യത്തിനു് 5 മാസംമുമ്പു്, പുനരൈക്യപ്പെടരുതെന്നും പുനരൈക്യപ്പെടുന്നതു് അദ്ദേഹത്തിനു് വലിയ ദുഃഖമായിരിക്കുമെന്നും എന്റെ പേർക്കു് എഴുതി അയച്ചു. അതു വായിച്ചിട്ടു് അന്നു മുഴുവനും ദുഃഖാബ്ധിയിൽ മുങ്ങിയിരുന്നു എങ്കിലും എന്റെ മനസ്സു് അശേഷം ഇളകിയില്ല. കുറേദിവസങ്ങൾ വിചാരത്തിൽ കഴിച്ചുകൂട്ടിയശേഷം ഞാൻ അദ്ദേഹത്തിനു് മറുപടി അയച്ചു. അതു് എന്റെ പുനരൈക്യചിന്തകൾ എന്ന പുസ്തകം 129-ാം വശത്തു ചേർത്തിട്ടുണ്ടു്.

കൂടാതെയും എന്റെ പുനരൈക്യത്തിൽനിന്നും എന്നെ പിന്തിരിപ്പിക്കാനായി എന്റെ അമ്മാച്ചൻ (ഇമ്പമൺ പുത്തൻവീട്ടിൽ വെ. യാക്കോബു അച്ചൻ) ശ്രമിച്ചു. ഞാൻ മുമ്പു് ഒരിക്കൽ ആലപ്പുഴ വക്കീലായി താമസിച്ചകാലത്തു് ചേന്നങ്കരിയിൽ യാക്കോബായപള്ളിയിൽ പോയി കുർബാന കാണുമായിരുന്നു. ആ പള്ളി നടത്തിയിരുന്നതു് ചേന്നങ്കരിയിൽ നാവള്ളിൽ ബ. സക്കറിയാസച്ചൻ ആയിരുന്നു. അദ്ദേഹവും മേൽപറഞ്ഞ പുത്തൻവീട്ടിൽ അച്ചനുംകൂടി ഒരു ദിവസം നാലുമണിക്കു് ആലപ്പുഴവന്നു് എന്നെ കണ്ടു. രാത്രി ഒരു മണിവരെ ഞങ്ങൾ സംസാരിച്ചു. അപ്പോൾ അവരും കത്തോലിക്കാസഭയിൽ ചേരണം എന്നുള്ള എന്റെ ആഗ്രഹം ഞാൻ അവരെ അറിയിക്കുകയും ദൈവമാതാവിന്റെ അമലോത്ഭവം ഞങ്ങൾക്കു് ഒരു വാദവിഷയമാകുകയും ചെയ്തു. കാലത്തു് അവർ യാത്രപറപ്പെടാൻ ഭാവിച്ചപ്പോൾ ബ. പുത്തൻവീട്ടിലച്ചനെ നോക്കിക്കൊണ്ടു് ഞാൻ ഇങ്ങനെ പറഞ്ഞു: "എന്റെ അച്ചാ ദൈവമാതാവു് ഒരു വിനാഴികനേരം എങ്കിലും പാപത്തിനു് അധീനയായിരുന്നു എന്നു് എന്റെ അച്ചൻ പറയുന്നതു് സൂക്ഷിച്ചുവേണമേ." അവർ എന്നോടു് പറഞ്ഞിരുന്നതു ഗബ്രിയേൽ മാലാഖ വന്നു വചനിച്ചപ്പോൾ ആണു് കന്യകമറിയം പാപരഹിതയായിത്തീർന്നതെന്നും അതിനുമുമ്പു് സാധാരണക്കാരെപ്പോലെ പാപത്തിനു് അധീനയായിരുന്നു എന്നും ആയിരുന്നു. എന്റെ പുനരൈക്യം കഴിഞ്ഞു ഒരു വർഷം ആയില്ല. അതിനകം അവർ രണ്ടുപേരും പുനരൈക്യപ്പെട്ടു. ബ. പുത്തൻവീട്ടിലച്ചൻ പുനരൈക്യപ്പെട്ടശേഷം എന്നോടു് ഇങ്ങനെ പറഞ്ഞു. ദൈവമാതാവിന്റെ അമലോത്ഭവത്തെക്കുറിച്ചു് പീലിപ്പോസച്ചൻ എന്നോടു പറഞ്ഞ ആ വാക്കുകൾ സൂചിപോലെ എന്നിൽ തറച്ചുകൊണ്ടു. അതു സദാ എന്നെ കുത്തിക്കൊണ്ടിരുന്നു. ആ വാക്കുകളാണു് എന്നെ പുനരൈക്യപ്പെടുത്തിയതു്.

എന്റെ പുനരൈക്യത്തിനു് ഏതാനും മാസങ്ങൾക്കുമുമ്പു് എന്നെ നിരുത്സാഹപ്പെടുത്തുന്നതിനായി എന്റെ ജ്യേഷ്ഠസഹോദരപുത്രനായ അബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ ആലപ്പുഴ വന്നു. കുറേനേരം ഞങ്ങൾ ഒരുമിച്ചു വിശ്രമിച്ചു. ഭക്ഷണം കഴിച്ചശേഷം അദ്ദേഹം എന്നോടു് ഇങ്ങനെ പറഞ്ഞു: ഉപ്പാപ്പൻ കത്തോലിക്കാസഭയിൽ ചേരാൻ പോകുന്നു എന്നറിയുന്നതു് ഞങ്ങൾക്കു വളരെ ദുഃഖകരമാണു്. അതിനു ഞാൻ ഇങ്ങനെ മറുപടി പറഞ്ഞു: സ്വാതന്ത്ര്യബുദ്ധിയേയും അവരവരുടെ സ്വാതന്ത്ര്യാഭിപ്രായത്തേയും മാത്രം ബഹുമാനിക്കുന്ന നിങ്ങൾക്കു് എന്റെ സ്വാതന്ത്ര്യബുദ്ധിയിൽ ഞാൻ കത്തോലിക്കാസഭയെ തെരഞ്ഞെടുത്തതിനെ എങ്ങനെ കുററം പറയുവാൻ കഴിയും? പിന്നെ ആ വിഷയത്തെപ്പററി അദ്ദേഹം ഒന്നും സംസാരിച്ചില്ല.

ഞാനും എന്റെ കുടുംബവും പുനരൈക്യത്തിനുശേഷം ദിവ്യബലിയിൽ ദൈവത്തെ ആരാധിക്കാൻ തക്ക സൗകര്യമുണ്ടാക്കിത്തരാൻവേണ്ടി അടുത്തുള്ള തച്ചമത്തു പുരയിടത്തിൽ ഒരു ചെറിയ പള്ളി തല്ക്കാലത്തേക്കു് വയ്ക്കാൻ മാർ ഇവാനിയോസ് തിരുമേനി കുറെ പാഴ്തടി അയച്ചു് ഇട്ടിരുന്നു. ഒരു ദിവസം ആ ഉരുപ്പടികൾ ആരോ തട്ടിക്കൊണ്ടുപോയി. പള്ളി ആ സ്ഥലത്തു് ഉണ്ടാകരുതു് എന്നുള്ള ഉദ്ദേശം ഉണ്ടായിരുന്നവർമൂലമാണു് ആ കളവുനടന്നതു്. ഞങ്ങളെ പുനരൈക്യപ്പെടുത്തിയ ദിവസം സായാഹ്നത്തിൽ പള്ളിമൈതാനത്തു വെച്ചു നടന്ന ഒരു മീററിംഗിൽ ആദ്ധ്യക്ഷം വഹിച്ച മാർ ഇവാനിയോസ് തിരുമേനി ആ സംഭവത്തെക്കുറിച്ചു് ഇങ്ങനെ സൂചിപ്പിച്ചു: "ഒരിക്കൽ ഈ കെട്ടിടത്തിന്റെ ആവശ്യത്തിലേക്കായി അറുത്തിട്ടിരുന്ന തടിയുരുപ്പടികൾ ആരോ ചിലർ എടുത്തുകൊണ്ടുപോയി. അന്വേഷണത്തിൽ ഒരു തുമ്പും കിട്ടിയില്ല. കേസ്സു കൊടുക്കണമെന്നു ചിലർ നമ്മോടു് അഭിപ്രായപ്പെട്ടു. അതു വേണ്ടാ, പണം ഉണ്ടാകുമ്പോൾ വേറെ തടി വാങ്ങാം എന്നു നാം പറഞ്ഞു. അറിവില്ലായ്മനിമിത്തമോ തെററിധാരണകൊണ്ടോ അല്ലാതെ ഒരിക്കലും ബഥനിക്കാരെ ദ്രോഹിക്കാൻ അവർക്കു് കൈയ്യ് കൂട്ടുന്നതേ അല്ലല്ലോ" എന്നു പറഞ്ഞു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കളവുപോയിരുന്ന തടിയുരുപ്പടികൾ ആ കെട്ടിടത്തിന്റെ സമീപത്തായി തിരിച്ചുകൊണ്ടുവന്നു ഇട്ടിരുന്നു. ആററിൽ വെള്ളത്തിനടിയിൽ ആയിരുന്നപോൽ അതു് ഒളിച്ചുവച്ചിരുന്നതു്. കൊണ്ടുപോയതുപോലെതന്നെ രഹസ്യമായി കൊണ്ടുവന്നുതന്നു. കുറെദിവസങ്ങൾ കഴിഞ്ഞു് ആ കെട്ടിടത്തിന്റെ പണി ഏകദേശം ഒരുകോൽ ഉയർന്നപ്പോൾ ഒരു ദിവസം ജനൽ ആരോ വാൾകൊണ്ടു് അറുത്തിരിക്കുന്നതായി കാണപ്പെട്ടു. തിരുമേനി ഇതറിഞ്ഞപ്പോൾ ആ ജനൽ മാററരുതു് എന്നായിരുന്നു കല്പിച്ചതു്. ഇപ്പോഴും അതു് അതേനിലയിൽ ആ കെട്ടിടത്തിൽ ഉണ്ടു്. "ഒരുകാലത്തു് അങ്ങനെ ഉപദ്രവംചെയ്തവർക്കു് പശ്ചാത്താപം ഉണ്ടാകാൻ അതു് ഇടയാക്കും എന്നാണു് നമ്മുടെ പ്രതീക്ഷ." എന്നു് അദ്ദേഹം കല്പിക്കയുണ്ടായി.

ഞങ്ങളെ പുനരൈക്യപ്പെടുത്തിയ ദിവസം മാർ ഇവാനിയോസ് തിരുമേനി തിരുവല്ലായിൽ നിന്നു തച്ചമത്തുപള്ളിയിൽ വന്നു് പള്ളികൂദാശ ചെയ്തു വി. കുർബാനചൊല്ലി. ആ കർമ്മം നടത്തുവാൻ രാവിലെ ഏഴു മണിക്കു് പള്ളിയിൽ വരാമെന്നാണു് തിരുമേനി എന്നെ അറിയിച്ചിരുന്നതു്. ചിരകാലപ്രതീക്ഷയുടെ ഫലമായ ആ സംഭവം നടന്നു് ആനന്ദാനുഗ്രഹങ്ങൾ പ്രാപിപ്പാനായി മാർ ഇവാനിയോസ് തിരുമേനിയേയും പള്ളിയേയും സ്വപ്നം കാണുന്നതുപോലെ കൂടെക്കൂടെ ഓർത്തുകൊണ്ടു് കിടന്നതിനാൽ എനിക്കു് രാത്രി അധികം ഉറക്കം ഉണ്ടായില്ല. നേരം വെളുത്തു ഏഴുമണിയായപ്പോൾ മാർ ഇവാനിയോസ് തിരുമേനി പള്ളിയിൽ വന്നിട്ടു വേണം ഞങ്ങൾ പള്ളിയിൽ ചെല്ലാൻ എന്നു വിചാരിച്ചു. ഏഴുമണിക്കു് പള്ളിയിൽ ആളയച്ചപ്പോൾ അദ്ദേഹം വന്നിട്ടില്ല. അപ്പോൾ മനസ്സിൽ വളരെ ഭീതിയും ഭയവും സംശയവും തുടങ്ങി. 8 മണിയായിട്ടും വന്നില്ല. ഇതിനകം പലപ്രാവശ്യം ഞാൻ പള്ളിയിൽ ആളയച്ചിരുന്നു. ഒൻപതുമണി ആയിട്ടും വന്നില്ല. 9 മണി കഴിഞ്ഞു് അദ്ദേഹം വന്നു ദിവ്യകർമ്മങ്ങൾ എല്ലാം നടത്തിയശേഷം വിശ്രമിക്കുമ്പോൾ താമസത്തിന്റെ കാരണം ചോദിച്ചു. തിരുവല്ലായിലുള്ള ശത്രുക്കളുടെ പ്രേരണമൂലം കാറുകിട്ടാനുണ്ടായ താമസമായിരുന്നു കാരണമെന്നറിഞ്ഞു.

മാർ ഇവാനിയോസിന്റെ പുനരൈക്യശേഷം അദ്ദേഹം തിരുവല്ലായിൽ താമസിച്ചിരുന്നകാലത്തു് പബ്ലിക്കറോഡിൽകൂടി പോകുമ്പോൾ തിരുസഭയുടെ ശത്രുക്കൾ കുറുത്ത കൊടിപിടിച്ചു "ഗോബാക്കു്" പറഞ്ഞു് അദ്ദേഹത്തെ അവഹേളിച്ചകാര്യം കടലാസിൽ വായിച്ചിരുന്നതു് അപ്പോൾ എന്റെ ഓർമ്മയിൽ വന്നു. ഞങ്ങളുടെ പുനരൈക്യത്തിനു



ശേഷം ഒരു ദിവസം മാർ ഈവാനിയോസ് ഞങ്ങളെ സന്ദർശിക്കാൻ വന്നിട്ട് തിരിച്ചുപോകുമ്പോൾ അടുത്തുള്ള റോഡിൽ അദ്ദേഹത്തിൻെറ കാറിലെ യന്ത്രം വിഘ്നം വരുത്താനായി ഒരു തടി കുറുകെ വലിച്ചിട്ടിരുന്നു. ഇങ്ങനെയെല്ലാം പ്രവർത്തിച്ചവർക്കുവേണ്ടി ഇപ്പോൾ അദ്ദേഹം സ്വർഗ്ഗത്തിൽ ഇരുന്നു പ്രാർത്ഥിക്കുകയായിരിക്കുമല്ലോ. അദ്ദേഹത്തിൻെറ പ്രാർത്ഥനകേട്ട് അവർക്കെല്ലാം ദൈവം മാനസാന്തരംകൊടുത്തു് അവരുടെ ആത്മാക്കളെ രക്ഷിക്കട്ടെ എന്നു ഞാനും ആത്മാർത്ഥമായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിൻെറ മരണശേഷം മാനസാന്തരങ്ങൾ വളരെ ത്വരിതമായി രണ്ടു രൂപതകളിലും നടക്കുന്ന കാര്യം ഈ അവസരത്തിൽ പ്രസ്താവ്യമാണു്.

ഞങ്ങളെ പുനരൈക്യപ്പെടുത്തിയ ദിവസം ഇക്കാര്യത്തിലുള്ള സന്തോഷം കാണിക്കുന്നതിനും ഞങ്ങളെ ധൈര്യപ്പെടുത്തുന്നതിനുമായി ചങ്ങനാശ്ശേരിയിൽനിന്നും ആലപ്പുഴനിന്നും മി. എൻ. എക്സ്. കുര്യൻ മുതലായ പല സുഹൃത്തുക്കളും വന്നിരുന്നു. അന്നു സായാഹ്നത്തിൽ അവർ തുമ്പമത്തുപള്ളിമുററത്തു് മാർ ഈവാനിയോസിൻെറ അദ്ധ്യക്ഷതയിൽ ഒരു മഹൽസമ്മേളനം നടത്തിയതും പണ്ഡിതനും വാഗ്മിയും ചങ്ങനാശ്ശേരിരൂപതയിലെ മിഷൻസുപ്പീരിയറും ആയിരുന്ന ബഃ തോട്ടാശ്ശേരിൽ അച്ചൻ ആ സദസ്സിൽ പ്രസംഗിച്ചതും എല്ലാം ഞാനോർക്കുന്നു.

ഞങ്ങളുടെ മാനസാന്തരത്തിനായി ബഹുകാലം പ്രാർത്ഥിച്ച സുറിയാനികത്തോലിക്കാസഭയിലെ ബഹുമാന്യാംഗമായിരുന്നപരേതനായ എസ്തപ്പാനോസച്ചൻ ഒരു ദിവസം ഞങ്ങളുടെ വസതിയിൽ വന്നതും രാത്രി അധികസമയം ഇരുട്ടുന്നതുവരെ ഇരുന്നു് ഞങ്ങൾക്കു പല നല്ല ഉപദേശങ്ങൾ തന്നതും ഞങ്ങളുടെ കുഞ്ഞുങ്ങൾക്കു ഓരോ നല്ല സമ്മാനങ്ങൾ കൊടുത്തതും ഞങ്ങൾക്കു കൊന്ത സമ്മാനിച്ചതും ആ പ്രാർത്ഥനയെപ്പററി വിശദമായി പറഞ്ഞുതന്നതും ആ പ്രാർത്ഥന ചൊല്ലാൻ ഞങ്ങളെ ഉപദേശിച്ചതും ഞങ്ങളുടെ സൽക്കാരം സ്വീകരിച്ചശേഷം തുമ്പമത്തുപള്ളിയിൽപോയി രാത്രി ഉറങ്ങിയശേഷം കാലത്തു് ആ പള്ളിയിൽ കുർബ്ബാനചൊല്ലിയതും അനന്തരം ഞങ്ങളെ ആശീർവ്വദിച്ചിട്ടു പോയതും വളരെ സ്മരണകളെ എൻെറ ഉള്ളിൽ പുനർജ്ജീവിപ്പിക്കുന്നു. (സത്യസമാകാഹളം)

# പുസ്തകാഭിപ്രായം

## സദാചാരശാസ്ത്രം

[ഗ്രന്ഥകർത്താ: ശ്രീ നരിക്കുഴി. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 124+12. വില 10 ണ]

ഒരു കാഥികനും നാടകകൃത്തുമെന്നു പ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ശ്രീ നരിക്കുഴിയുടെ ഒരു പുതിയ കൃതിയാണു് ഈ സദാചാരശാസ്ത്രം. "വ്യക്തി നന്നാകുക. അപ്പോൾ സമൂഹവും അതുവഴി രാഷ്ട്രവും നന്നായിക്കൊള്ളും. നാമിന്നു വിഭാവനംചെയ്യുന്ന ക്ഷേമരാഷ്ട്രം ഒരു യാഥാർത്ഥ്യമാകണമെങ്കിൽ, ആദർശബോധവും സ്വഭാവനൈർമ്മല്യവുമുള്ള ഒരു പുത്തൻതലമുറ ഉയിരെടുത്തേ മതിയാവൂ." എന്ന ഉത്തമബോദ്ധ്യത്തോടെ തദാവശ്യത്തെ മുൻനിർത്തി ഗ്രന്ഥകാരൻ ചെയ്തിരിക്കുന്ന ഈ സാഹിത്യസേവനം അഭിനന്ദനീയമായിട്ടുണ്ടു്. Z. O C. D. ഇംഗ്ലീഷിൽ രചിച്ചിട്ടുള്ള "എത്തോളജി" എന്ന ഗ്രന്ഥത്തെ പ്രധാനമായി ആധാരമാക്കിയാണ് ഇതു തയാറാക്കിയിരിക്കുന്നതു്.

സ്വഭാവം, സൽസ്വഭാവം, പ്രകൃതി, തീക്ഷ്ണപ്രകൃതി, ക്രോധപ്രകൃതി, ഖിന്നപ്രകൃതി, മന്ദപ്രകൃതി, സമ്മിശ്രപ്രകൃതികൾ, അഭിജാത്യം അരങ്ങത്തു് എന്നിങ്ങനെ 9 അദ്ധ്യായങ്ങളിലായി ഗ്രന്ഥകാരൻ പ്രതിപാദ്യവിഷയത്തെ വിശദീകരിക്കുന്നു. സ്വഭാവത്തെ സംബന്ധിച്ച ആദ്യത്തെ രണ്ടദ്ധ്യായങ്ങളിൽ സ്വഭാവത്തിൻെറ പ്രാധാന്യത്തെയും, മനസ്സാക്ഷി, കർത്തവ്യബോധം, സത്യസന്ധത, ദൃഢമനസ്കത, പരസ്നേഹം, കുലീനത്വം മുതലായവയേയും വിവരിക്കുന്നു. പ്രകൃതിയെപ്പററിയുള്ള അനന്തരാദ്ധ്യായങ്ങളിൽ വിവിധ പ്രകൃതികളുടെ മുഖ്യലക്ഷണങ്ങളേയും ഓരോ പ്രകൃതിക്കാരിലും കാണുന്ന ദുർഗ്ഗുണങ്ങളേയും സൽഗ്ഗുണങ്ങളേയും വിവരിക്കുകയും, അവരിൽ ആത്മശിക്ഷണം എങ്ങനെ വളർത്താമെന്നു ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. അവസാനാദ്ധ്യായത്തിൽ, കുടുംബത്തിലും, പൊതുസ്ഥലങ്ങളിലും, സമ്മേളനങ്ങളിലും, യാത്രകളിലും, കത്തിടപാടുകളിലും, സംഭാഷണങ്ങളിലും എങ്ങനെയാണു മര്യാദയോടുകൂടി പെരുമാറേണ്ടതെന്നു വ്യക്തമാക്കിയിരിക്കുന്നു.

മനുഷ്യൻെറ ദുർവാസനകളേയും ദുശ്ശീലങ്ങളേയും അപഗ്രഥനം ചെയ്തു് അവയെ അവനിൽനിന്നു പിഴുതുകളഞ്ഞു്, തൽസ്ഥാനത്തു് നല്ല വാസനകളേയും നല്ല ശീലങ്ങളേയും പുനസ്ഥാപിക്കുന്നതിനു സർവ്വഥാ സഹായിക്കുന്ന ഒരു ഉത്തമകൃതിയാണിതു്. സ്വഭാവരൂപവൽക്കരണം എന്ന സർവ്വപ്രധാനവിഷയത്തിൻെറ എല്ലാ വശങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. ഇത്തരമൊരു ഗ്രന്ഥം മലയാളത്തിൽ ഇതാദ്യമായിട്ടാണെന്നു തോന്നുന്നു. അവതാരികാകാരനായ ഡോക്ടർ പി. ജെ. തോമസ് പറയുന്നതുപോലെ, "എല്ലാ ജാതിയിലും മതത്തിലും വിഭാഗത്തിലുംപെട്ടവർക്കു ഈ കൃതി ഒന്നുപോലെ പ്രയോജനപ്രദമാണു്; പ്രയോജകീഭവിക്കേണ്ടതുമാണു്." ഈ കൃതിയുടെ പ്രണയനത്തിൽ ഗ്രന്ഥകാരനെ അഭിനന്ദിക്കുകയും ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുകയും ചെയ്യുന്നു.

(Jom)

# പരാജയപ്പെടുന്ന കമ്മ്യൂണിസം

(കെ. വി. സെബാസ്റ്റ്യൻ)

(തുടർച്ച)

### ചുവപ്പുചീനയിലെ തൊഴിലാളി

ചൈനയിൽ വ്യവസായങ്ങൾ സർക്കാരിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലായതുകൊണ്ടു് നമ്മൾ കരുതുന്ന അർത്ഥത്തിലുള്ള ട്രെയിഡ്യൂണിയനുകൾ അവിടെയില്ല. "Labour Regulations for State-operated Enterprises" എന്ന പേരിൽ ഒരു നിയമം ചൈനയിൽ നടപ്പാക്കിയിട്ടുണ്ടു്. ഈ നിയമമനുസരിച്ചു് "തൊഴിൽനിയമങ്ങൾ പാലിക്കുക" എന്നതുമാത്രമാണു് വേലക്കാരൻെറ കടമ. പുതിയ ഭരണഘടനയനുസരിച്ചു് തൊഴിൽനിയമങ്ങളുടെ ലംഘനം ജനകീയകോടതി കൈകാര്യംചെയ്യേണ്ട പ്രശ്നമാണു്. ഇപ്പോഴത്തെ പുതിയ നിയമത്തിൽ 24 വകുപ്പുകളുണ്ടു്. സർക്കാർ പ്ലാൻചെയ്യുന്ന പദ്ധതികൾ നടപ്പാക്കാനുള്ള വെറും ഉപകരണങ്ങളായി തൊഴിലാളികളെ കണക്കാക്കുന്ന പോലീസ്സ്റ്റേററിൻെറ ഒന്നാംതരമൊരു ചിത്രം ഈ നിയമത്തിൽ കാണാം.

ഒന്നാംവകുപ്പിൽ നിയമനത്തെസംബന്ധിച്ചാണു പറയുന്നതു്. സർക്കാരിൽനിന്നുകൊടുക്കുന്ന Work Book ഇല്ലാത്ത ഒരുവനു് ജോലിനൽകാൻ പാടില്ല. ഈ ബുക്കിൽ ഉദ്യോഗാർത്ഥിയുടെ മുൻജോലിസ്ഥലം, വിദ്യാഭ്യാസയോഗ്യത, അയാളെ സംബന്ധിച്ചുള്ള പോലീസ്റിക്കാർഡ് തുടങ്ങിയ വിവരങ്ങളുണ്ടായിരിക്കും. ചൈനാവൻകര ജപ്പാൻകാരുടെ കീഴിലായിരുന്ന കാലത്തു് നടപ്പിലാക്കിയ രീതിതന്നെയാണിതു്.

മൂന്നാംവകുപ്പിൻപ്രകാരം തൊഴിലാളിക്കു കൂലിസംബന്ധിച്ചു് വിലപേശാനുള്ള അവകാശം നിഷേധിക്കപ്പെട്ടിരിക്കുന്നു. അധികാരികൾ നിശ്ചയിച്ചിട്ടുള്ള തോതനുസരിച്ചു് ശമ്പളം കിട്ടിക്കൊള്ളും.

ഫാക്ടറിമാനേജരുടെ ശരിയായ സമ്മതം കൂടാതെ തൊഴിലാളി ജോലിക്കു ഹാജരാവാതിരിക്കുകയോ സ്ഥലം മാറുകയോ ചെയ്തുകൂടാ. ഇതിനെതിരായുള്ള പ്രവർത്തനം തൊഴിൽനിയമങ്ങളുടെ ലംഘനമായിരിക്കും. തൊഴിൽനിയമങ്ങളുടെ ലംഘനം ക്രിമിനൽപ്രോസിക്യൂഷനു കാരണമാകും.

തൊഴിലാളിയെ ഇഷ്ടംപോലെ പിരിച്ചുവിടുകയോ സ്ഥലംമാററുകയോ ചെയ്തുകൂടാ. ഫാക്ടറി അധികാരികളുമായി അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ തൊഴിലാളിക്കു അയാൾ അംഗമായുള്ള തൊഴിലാളിയൂണിയനിൽ പരാതിപ്പെടാം. യൂണിയനുകൾ പാർട്ടിനിയന്ത്രണത്തിലാകയാൽ ഈ പരാതികൾകൊണ്ടു് ഫലമുണ്ടാകുകയില്ലെന്നുമാത്രം.

ജോലിക്കാരെ "സംഘടിപ്പിക്കുക" എന്നതാണു് ഫാക്ടറിമേധാവികളുടെ ജോലി. ഉല്പാദനത്തിനു വിഘാതംനേരിടാൻ പാടില്ല. തൊഴിൽനിയമങ്ങളുടെ അനുസരണവും നിശ്ചിത ക്വോട്ടാകളുടെ നിർവ്വഹണവും ഫാക്ടറിമാനേജ്മെൻറിൻെറ ഉത്തരവാദിത്വങ്ങളിൽപെട്ടതാണു്. ഈ നിയമങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെടുന്ന മാനേജ്മെൻറിനെ ജനകീയകോടതി ശിക്ഷിക്കേണ്ടതാണു്.

തൊഴിലാളി ചുമതലാബോധമുള്ളവനായിരിക്കണമെന്നാണു് എട്ടാംവകുപ്പു് അനുശാസിക്കുന്നതു്. അയാൾ നിശ്ചിതസമയം മുഴുവൻ ജോലിചെയ്യണം. ജോലിയിൽ പൂർണ്ണമായി ശ്രദ്ധിക്കണം. ജോലിസമയങ്ങളിൽ സംഭാഷണത്തിലേർപ്പെടുകയോ സമയം വെറുതെ ചിലവഴിക്കുകയോ ചെയ്യാൻപാടില്ല. വഴക്കുണ്ടാക്കുകയോ മററുള്ളവരെ ജോലിക്കു തടസ്സമുണ്ടാക്കുകയോ ചെയ്യരുതു്. വ്യവസായസംബന്ധമായ രഹസ്യങ്ങൾ സൂക്ഷിക്കണം. മാനേജ്മെൻറിനെ അനുസരിക്കണം. ജോലിസമയത്തു പുകവലിക്കുകയോ കൂട്ടുകാരുമായി സംസാരിക്കുകയോ ചെയ്യുന്നതു് ഗൗരവതരമായ കുററമാണു്. കേടുവന്ന ഉപകരണങ്ങളും സാധനങ്ങളും നഷ്ടപ്പെടുത്തിക്കൂടാ. ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവരെ ജനകീയകോടതിയിൽ വിസ്തരിക്കാവുന്നതും പിഴയിട്ടോ, തൊഴിൽശിക്ഷണക്യാമ്പുകളിലയച്ചോ ശിക്ഷിക്കേണ്ടതുമാണു്. രക്ഷാവ്യവസ്ഥകൾ പാലിക്കുകയും ജോലിസ്ഥലം വൃത്തിയാക്കുകയും കൃത്യസമയത്തിനുള്ളിൽ നിശ്ചിതജോലി പൂർത്തിയാക്കുകയും ചെയ്യേണ്ടതു് ജോലിക്കാരൻെറ ചുമതലയാണു്. ഇതിലേതെങ്കിലും ഒന്നിൽ വീഴ്ച വരുത്തുന്നയാളിനു ജയിൽശിക്ഷ നൽകാം.

ജോലിസമയം ക്ലിപ്തപ്പെടുത്തുന്നതു് ഫാക്ടറിമാനേജ്മെൻറായിരിക്കും. കൂട്ടായ വിലപേശൽ അനുവദനീയമല്ല. ജോലി തുടങ്ങുന്നതും അവസാനിക്കുന്നതുമായ സമയങ്ങൾ മണിയടിച്ചോ മററടയാളങ്ങൾ നൽകിയോ അറിയിക്കണം. അടുത്ത ഷിഫ്റ്റിലെ ആൾ എത്തിച്ചേരുന്നതുവരെ ജോലിക്കാരൻ സ്വസ്ഥാനത്തുനിന്നു പോകാൻ പാടില്ല.

നിസ്സാരകുററങ്ങൾക്കു താക്കീതുനൽകുകയോ കുറഞ്ഞശമ്പളമുള്ള മറേറതെങ്കിലും ജോലിയിൽ നിയമിക്കുകയോചെയ്യാം. താമസിച്ചു ജോലിക്കു ഹാജരാവുകയോ നിശ്ചിതസമയത്തിനു മുമ്പായി ജോലിയിൽനിന്നു വിരമിക്കുകയോ ചെയ്യുന്നയാളിനെ ഡിസ്മിസ്ചെയ്യാം. ജോലിക്കാരനു സ്വന്തം നിലപാടു വിശദീകരിക്കാനുള്ള അവസരം നൽകാതെ യാതൊരു വധശിക്ഷയും നൽകരുതു്. കുററക്കാരുടെമേൽ ന്യായമായ നടപടി നടത്താത്ത ഫാക്ടറിമാനേജരെ ജനകീയകോടതിയിൽ വിസ്തരിക്കേണ്ടതാണു്. ശിക്ഷ എപ്പോഴും മാതൃകാപരമായിരിക്കണം. തെററുചെയ്യുന്നയാൾ കൂട്ടജോലിക്കാരുടെ മുമ്പിൽ സ്വന്തതെററു ഏററുപറയണം. ജോലിക്കാരുടെ വിമർശനങ്ങൾ അംഗീകരിക്കാൻ അയാൾ നിർബന്ധിതനാണു്.

ഉപകരണങ്ങൾ കേടുവരുത്തുകയോ നഷ്ടപ്പെടുത്തുകയോ ചെയ്യുന്ന ജോലിക്കാരനിൽനിന്നു് നഷ്ടപരിഹാരം വാങ്ങണം. നഷ്ടം പരിഹരിക്കപ്പെടുന്നതുവരെ അയാളുടെ ശമ്പളത്തിൻെറ മുപ്പതു ശതമാനംവരെ പ്രതിമാസം ഈ ഇനത്തിൽ ഫാക്ടറിമാനേജ്മെൻറിനു വസൂലാക്കാം. ഇതുകൂടാതെ തീരി ശിക്ഷകൾക്കർഹരായിട്ടുള്ളവരെ അപ്പപ്പോൾ ശിക്ഷിക്കാൻ ജോലിക്കാരനു് അവകാശമുണ്ടു്.

മുൻപറഞ്ഞ ഇരുപത്തിനാലു വകുപ്പുകളുടെ രത്നച്ചുരുക്കമാണു് മുകളിൽ കൊടുത്തിരിക്കുന്നതു്. ജോലിക്കാരൻെറ കടമ കഠിനമായി ജോലിചെയ്യുക എന്നതുമാത്രമാണു്. നിയമലംഘനത്തിൻെറ പേരിൽ ഏതു നിമിഷത്തിലും ജനകീയകോടതിയിലേക്കു വലിച്ചിഴയ്ക്കപ്പെട്ടേക്കാം. ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഈ നിയമങ്ങൾ അനുസരിക്കാൻ തൊഴിലാളി ബാദ്ധ്യസ്ഥനാണു്.

ചൈനയിലെ കൃഷിക്കാരനോടു പുതിയ ഗവമ്മെൻറു് അനുവർത്തിക്കുന്ന നയവും കർശനമാണു്. വലിയ ഭൂവുടമകളുടെ കാര്യം പോകട്ടെ. ലക്ഷക്കണക്കിലുള്ള ചെറുകിടക്കാരായ നിലമുടമസ്ഥന്മാരിൽനിന്നും ഭൂമി പിടിച്ചെടുക്കുന്നതിനു് പല വളഞ്ഞ വഴികളും ഗവമ്മെൻറു സ്വീകരിക്കുകയുണ്ടായി. കമ്മ്യൂണിസ്റ്റ്വിരോധികളുടെ നിലവും വസ്തുക്കളും കണ്ടുകെട്ടി. അവരെ "കുഴപ്പ"ക്കാരാക്കി മുദ്രയടിച്ചു. നിലമുടമസ്ഥൻ ചെയ്യാത്ത കുററത്തിനും ഈ ശിക്ഷ അനുഭവിക്കേണ്ടിവന്നു. ഒരുവൻെറ പൂർവ്വികന്മാരിലാരെങ്കിലും "നിയമരഹിതമായി" ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെന്നു തെളിവുണ്ടായാൽ ആ പാവപ്പെട്ടവൻെറ അവകാശം തീർന്നു തന്നെ. കരമൊഴിവായോ മറേറാ ഭൂമി കൈവശം വച്ചുകൊണ്ടിരുന്നവർ കഴിഞ്ഞകാലബാദ്ധ്യതയോടെ നികുതിയടയ്ക്കാൻ നിർബന്ധിതരായി. തൽഫലമായി മുഴുവൻസ്വത്തിൻേറയും അവകാശം പ്രയാസംകൂടാതെ സർക്കാരിനു ലഭിക്കുന്നു. ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ ജനങ്ങളുടെയിടയിൽ ഉണ്ടാക്കിയേക്കാവുന്ന എതിർപ്പിനെ നേരിടാൻ വൻതോതിലുള്ള പ്രചരണപരിപാടി സ്വീകരിക്കുകയാണു് കമ്മ്യൂഃ കാർ ചെയ്തതു്.

### മതവിരുദ്ധസമരം

ചൈനീസ്ഗവമ്മെൻറു് വിദേശമിഷണറിമാരെ സംബന്ധിച്ചിടത്തോളം ക്രൂരമായ ഒരു നയമാണു് കൈക്കൊണ്ടിട്ടുള്ളതു്. വിദേശികളായതുകൊണ്ടു് അവരെ സാമ്രാജ്യത്വകിങ്കരന്മാരായും അഞ്ചാംപത്തികളായും ചിത്രീകരിക്കാൻ കമ്മ്യൂക്കാർക്കു കഴിഞ്ഞു. ഈ പ്രചരണത്തിൻെറ മാദ്ധ്യമമായി പ്രസ്സും, സിനിമയും, റേഡിയോവും ഉപയോഗിക്കപ്പെട്ടു. മതവിരുദ്ധലഘുലേഖകളും വാൾപോസ്റ്ററുകളും പ്രചരണത്തിൻെറ ഒരു നല്ല പങ്കുവഹിച്ചു. അടുത്ത തലമുറയെ മതത്തിൻെറ "അപകടകരമായ" സ്വാധീനശക്തിയിൽനിന്നു രക്ഷിക്കാൻവേണ്ടി പാഠപുസ്തകങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി. ക്രിസ്ത്യൻമാനേജ്മെൻറിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെമേൽ അന്യായനിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടു് അവയുടെ പ്രവർത്തനത്തിനു വിഘാതമുണ്ടാക്കി.

കമ്മ്യൂഃ പാർട്ടി അധികാരത്തിൽ വന്നതിൽപ്പിന്നെയുള്ള ആദ്യത്തെ നാലു വർഷങ്ങൾക്കുള്ളിൽ മൂവായിരത്തോളം വിദേശമിഷണറിമാരെ നാടുകടത്തി. (ചൈനയിൽനിന്നു ഒളിച്ചോടിയ ഒരു മിഷണറിവൈദികനുമായി ഈ ലേഖകനു് അടുത്ത പരിചയമുണ്ടു് എന്നുകൂടി ഇടയ്ക്കു പറഞ്ഞുകൊള്ളട്ടെ) 1952 ആരംഭത്തിൽ 3000 ത്തിൽ ചില്ലാനം വിദേശമിഷണറിമാർ ചൈനയിൽ അവശേഷിച്ചിരുന്നു. 1953 മദ്ധ്യത്തോടുകൂടി അവരുടെ സംഖ്യ വെറും 300-ൽപ്പരമായിതാഴ്ന്നു. അഞ്ചു മെത്രാന്മാർ ഇരുമ്പഴികൾക്കുള്ളിൽക്കിടന്നു അന്ത്യശ്വാസം വലിച്ചു. പത്തുപേർ ഇന്നും ജയിൽവാസമനുഭവിക്കുന്നു. നാടുകടത്തപ്പെട്ടവരിൽ അറുപതിൽപ്പരം മെത്രാന്മാരും വൈദികമേലദ്ധ്യ

(ശേഷം 7-ാംപേജിൽ)



വിമർശനപംക്തി

# മാനസാന്തരപ്പെടാൻ

നമ്മുടെ കർത്താവു ഈശോമിശിഹാ ഒരിക്കൽ അഞ്ചു അപ്പം കൊണ്ടു് അയ്യായിരംപേർക്ക തൃപ്തി ജനകമാംവണ്ണം ഭോജനം നൽകുകയുണ്ടായി. അവർ ഭക്ഷിച്ചു തൃപ്തരായതിനുശേഷം അധികംവന്ന കഷണങ്ങൾ പന്ത്രണ്ടു കൊട്ടകളിൽ ശേഖരിക്കുകയുംചെയ്തു. ഈ അത്ഭുതംകണ്ട ജനങ്ങൾ ഈശോ സുപ്രതീക്ഷിതനായ പ്രവാചകൻതന്നെ എന്നു ഏറ്റുപറഞ്ഞു. എന്നുമാത്രമല്ല, അദ്ദേഹത്തെ പിടിച്ചു രാജാവാക്കിക്കളയാമെന്നും തീരുമാനിച്ചു. അന്നു വൈകുന്നേരം, കൊടുങ്കാററടിച്ചു് ആർത്തിരമ്പിക്കൊണ്ടിരുന്ന കടലിന്മേൽ ഈശോ നടന്നുവരുന്നതു് അവിടുത്തെ ശിഷ്യന്മാർ കണ്ടു്. അത്ഭുതസ്തബ്ധരായി.

പിറേറദിവസം ജനക്കൂട്ടം ഈശോയെ അന്വേഷിച്ചുചെന്നു. തങ്ങൾ കണ്ടു വിശ്വസിക്കുന്നതിനു അവിടുന്നു എന്തടയാളം കാണിക്കുന്നുവെന്നു അവർ ചോദിച്ചു. അവരുമായി അവിടുന്നു സംഭാഷണംനടത്തി. സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പം താനാകുന്നുവെന്നും, തന്നിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടെന്നും, താനാകുന്ന ജീവനുള്ള അപ്പം ഭക്ഷിക്കുന്നവൻ എന്നെന്നേക്കും ജീവിക്കുമെന്നും, താൻ നൽകുവാനിരിക്കുന്ന അപ്പം തന്റെ ശരീരമാകുന്നുവെന്നും,

"സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു; നിങ്ങൾ മനുഷ്യപുത്രന്റെ ശരീരം ഭക്ഷിക്കുകയും അവന്റെ രക്തം പാനംചെയ്യുകയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല" എന്നും അവിടുന്നു അവരോടു പറഞ്ഞു.

ക്രിസ്തുവിന്റെ ഈ അത്ഭുതപ്രവൃത്തികളും ഉപദേശങ്ങളും ഏററവും പരസ്യമായിട്ടുള്ളതും എല്ലാവർക്കും ഒന്നുപോലെ അറിയത്തക്ക തരത്തിലുള്ളതുമായിരുന്നു. എന്നാൽ ഇതിന്റെ ഫലത്തെപ്പററി സുവിശേഷകൻ ഇങ്ങനെയാണു് എഴുതിയിരിക്കുന്നതു്, "ഈ വചനം നിമിത്തം അവന്റെ ശിഷ്യരിൽ പലരും പിന്മാറി പൊയ്ക്കളഞ്ഞു. അവർ പിന്നെ അവനോടുകൂടി നടന്നില്ല. ഈശോ തന്റെ പന്ത്രണ്ടുപേരോടു നിങ്ങളും പോകുവാൻ ഇച്ഛിക്കുന്നുവോ എന്നു ചോദിച്ചു. ശീമയോൻകേപ്പാ ഉത്തരമായി പറഞ്ഞു: "എന്റെ കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിനക്കുണ്ടു്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നുവെന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു." (യോഹ: VI. 67—70)

ക്രിസ്തുവിന്റെ ഒരു പ്രഭാഷണം കേട്ടിട്ടു അതുവരെ അവിടുത്തെ ശിഷ്യന്മാരായി നടന്നിരുന്നവരിൽ ഉണ്ടായ പ്രത്യാഘാതങ്ങളാണു് സുവിശേഷകൻ വിവരിക്കുന്നതു്. ഒരുകൂട്ടർ നിത്യജീവന്റെ വചനങ്ങളാണു് അവിടുത്തെ പക്കൽ ഉള്ളതെന്നു ബോദ്ധ്യപ്പെട്ടു്, അവിടുത്തെ ദൈവത്വത്തിൽ വിശ്വസിക്കുന്നു. അതേ പ്രഭാഷണംകേട്ട മററു ചിലർ ശിഷ്യന്മാരാകട്ടെ, "ഇതു അനുസരിക്കുവാൻ ആർക്കു കഴിയും" എന്നു പറഞ്ഞു് അവിടുത്തെ വിട്ടുപോകുന്നു. വസ്തുതകൾ കൺമുൻപിൽ കണ്ടാലും അതു ഗ്രഹിക്കുന്നതിനു പ്രത്യേക ദൈവാനുഗ്രഹം വേണമെന്നാണു ഈ സംഭവം തെളിയിക്കുന്നതു്. "യാതൊരു മനുഷ്യനും എന്റെ പിതാവിൽനിന്നു വരം നൽകപ്പെട്ടില്ലെങ്കിൽ, എന്റെ അടുക്കൽ വരുവാൻ കഴിയുകയില്ല" (യോഹ: VI, 66) എന്നു ഈശോതന്നെ പറഞ്ഞിരിക്കുന്നതു നോക്കുക.

ക്രിസ്തുവിന്റെകൂടെ അന്നു നടന്നിരുന്നവരുടെ അനുഭവംതന്നെ ഇന്നും ആവർത്തിക്കപ്പെടുന്നു. ക്രിസ്തുവിന്റെ പ്രബോധനങ്ങൾ സ്വീകരിക്കുന്ന ഘട്ടം വരുമ്പോൾ "ഇതു് അനുസരിക്കുവാൻ ആർക്കു കഴിയു"മെന്നു പറഞ്ഞു് ഒരു കൂട്ടർ അത്തരം പ്രബോധനങ്ങൾ നൽകാത്ത ഒരു ക്രിസ്തുവിനെതേടി അലഞ്ഞുതിരിയുന്നു. മററു ചിലരാകട്ടെ, അനുസരിക്കുവാൻ വിഷമമുള്ളതാണു് പ്രബോധനങ്ങളെന്നിരുന്നാൽതന്നെ, നിത്യജീവന്റെ വചനങ്ങൾ അവിടുത്തെ പക്കൽ മാത്രമാണല്ലോയെന്നു കരുതി, അവിടുത്തെ അനുഗമിക്കുന്നു. ഒരേ പരിതസ്ഥിതിയിൽ കഴിയുന്ന ചിലർ മാനസാന്തരപ്പെടുന്നതിനും, ചിലർ മാനസാന്തരപ്പെടാതിരിക്കുന്നതിനും കാരണം ഇതുമാത്രമാണു്. മാനസാന്തരത്തിനുതന്നെയും ദൈവാനുഗ്രഹം ആവശ്യമായിരിക്കുന്നു.

സത്യാന്വേഷികളായ പലരും ദീർഘകാലം പ്രാർത്ഥനയിൽ ചിലവഴിക്കുന്നതായി നാം കാണുന്നതു് അതുകൊണ്ടാണു്. സത്യം കണ്ടെത്തുന്നതിനും, കണ്ടെത്തിയാൽ അതിനെ സ്വീകരിക്കുന്നതിനും ദൈവത്തിന്റെ വരപ്രസാദം ആവശ്യമാണു്. ആ വരപ്രസാദം ലഭിക്കാത്തവർക്ക മാനസാന്തരപ്പെടുവാൻ സാധിക്കുകയില്ലെന്നു മാത്രമല്ല, മററുള്ളവർക്ക മാനസാന്തരമുണ്ടാകുന്നതെങ്ങനെയെന്നു മനസ്സിലാക്കുവാനും സാധിക്കുകയില്ല. ഇങ്ങനെയുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയേ മററുള്ളവർക്ക കരണീയമായിട്ടുള്ളു.


ക്രിസ്തുവിന്റെ ശിഷ്യന്മാരിൽ ഒരു കൂട്ടർ അവിടുത്തെ വിശ്വസിച്ചു അങ്ങയോടുകൂടി സഞ്ചരിക്കുകയും, മറെറാരു കൂട്ടർ അങ്ങയിൽ വിശ്വസിക്കാതെ അവിടുത്തെ പരിത്യജിച്ചുപോകുകയും ചെയ്തതായി പറഞ്ഞുവല്ലോ. മൂന്നാമതൊരു കൂട്ടരുടെ മാതൃകയും ക്രിസ്തുശിഷ്യന്മാരുടെ ഗണത്തിൽ നാം കാണുന്നുണ്ടു്. അവിടുത്തെ പരിത്യജിക്കാതെ, കൂടെ സഞ്ചരിച്ചുകൊണ്ടിരിക്കവെതന്നെ, അങ്ങയിൽ വിശ്വസിക്കാതിരുന്ന യൂദാസാണതു്. നിത്യജീവന്റെ വചനങ്ങളാണു ഗുരുവിന്റെ പക്കലുള്ളതെന്നു് മററു അപ്പസ്തോലന്മാരെപ്പോലെ യൂദാസ് വിശ്വസിച്ചിരുന്നോയെന്നു സംശയമാണു്. എന്നാലും അപ്പസ്തോലന്മാരോടൊപ്പം യൂദാസും ഗുരുവിനെ അനുഗമിച്ചിരുന്നു. ഒടുവിൽ, വിധിനിർണ്ണായകമായ ഘട്ടത്തിൽ ഗുരുവിനെയും സഹശിഷ്യന്മാരെയും ഒററിക്കൊടുക്കുകയും ചെയ്തു.

ഈ ഗണത്തിൽപെട്ട ക്രൈസ്തവശിഷ്യന്മാർ ഇന്നും കുറവല്ല. പുറമേ അവർ ക്രിസ്തുവിന്റെ ശിഷ്യന്മാരാണെന്നു നടിക്കുന്നു. പക്ഷെ ആന്തരികമായി അവിടുത്തെ പ്രബോധനങ്ങൾ അനുസരിക്കുന്നതിനോ, അതനുസരിച്ചു തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കുന്നതിനോ നവീകരിക്കുന്നതിനോ അവർ ഒരുക്കമില്ല. അതിനുപകരം ക്രിസ്തുവിനെ പരിത്യജിച്ചു പിരിഞ്ഞുപോകുന്നവരിൽ കുററം കണ്ടുപിടിക്കുവാനും ഒരു അന്ധതാമിസ്രം സൃഷ്ടിച്ചു്, സത്യാന്വേഷികളെ വഴിതെററിക്കുവാനും അവർ വ്യഗ്രതയുള്ളവരായിരിക്കുന്നു. "നീ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു" എന്നു യൂദാസിനെപ്പററി ക്രിസ്തുനാഥൻ അരുളിച്ചെയ്ത വാക്കുകളാണു് ഇത്തരുണത്തിൽ നാം ഓർത്തുപോകുക.

"കഴിഞ്ഞ ഫെബ്രുവരി 22-ാം തിയതിയിലെ "സത്യദീപ"ത്തിൽ "അങ്ങനെ ഞാനും കത്തോലിക്കനായി" എന്ന തലക്കെട്ടിൽ ശ്രീ കെ. വറുഗീസ് തിരുവല്ലാ, തന്റെ ആത്മകഥാകഥനം എഴുതിയിരുന്നല്ലോ. ഇതുകണ്ടു ക്ഷോഭാകുലനായ ശ്രീ പട്ടശേരിൽ പൗലൂസ്മാപ്പിള (തൃപ്പൂണിത്തുറ) അതിനെ വിമർശിച്ചുകൊണ്ടു "കഴിയുമെങ്കിൽ അങ്ങനെ എന്നോടും കത്തോലിക്കനാകുക" എന്ന തലക്കെട്ടിൽ ഒരു ലഘുലേഖ പ്രസിദ്ധം ചെയ്തിരിക്കുന്നു. കഴിയുമെങ്കിൽ അദ്ദേഹത്തെയും കത്തോലിക്കനാക്കുവാൻ. ഇതൊരു വെല്ലുവിളിയാണല്ലോ. ആരോടാണീ വെല്ലുവിളി? പിതാവിൽനിന്നുള്ള വരം ലഭിക്കാതെ യാതൊരുത്തനും തന്റെ അടുക്കൽ വരുവാൻ സാധിക്കയില്ല എന്നു ക്രിസ്തുതന്നെ ഖണ്ഡിതമായി പറഞ്ഞിട്ടുണ്ടു്. അപ്പോൾ ഈ വെല്ലുവിളി ദൈവത്തോടായിരിക്കണം. പണ്ടു് ആ മരുഭൂവിൽ കാൽവരിക്കുന്നിൽ... ഭേദമായതിൽ വലിച്ചെറിഞ്ഞശേഷം ഒരു കഷണം കയറുമായി ഓടിപ്പോയ യൂദാസും ഇങ്ങനെയൊരു വെല്ലുവിളി നടത്തിയിരിക്കണം. "കഴിയുമെങ്കിൽ അങ്ങനെ എന്നെയും തന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നവനാക്കുക."

എന്നാൽ യൂദാസിന്റെ വെല്ലുവിളിയെ ഈശോ സ്വീകരിച്ചതായി കാണുന്നില്ല. പക്ഷേ വേറൊരു വെല്ലുവിളി അവിടുന്നു

For favours received




I K. Kora. Pulincunnoo

സ്വീകരിച്ചു. "നാം ന്യായമായിട്ടു് അർഹിച്ചതുപോലെയും പ്രവർത്തിച്ചതുപോലെയും ശിക്ഷിക്കപ്പെട്ടിരിക്കുന്നു. ഇവനോ തിന്മയൊന്നും പ്രവർത്തിച്ചിട്ടില്ല......എന്റെ കർത്താവേ, നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ എന്നെ ഓർക്കേണമേ". ക്രിസ്തുവിനോടുകൂടി ഗാഗുൽത്തായിൽ, വലത്തുഭാഗത്തു കുരിശിൽ തറയ്ക്കപ്പെട്ടിരുന്ന കള്ളന്റെ വിലാപമാണിതു്. വാസ്തവത്തിൽ അവിടെ സന്നിഹിതരായിരുന്ന എല്ലാവരോടുമുള്ള ഒരു വെല്ലുവിളിയായിരുന്നു ഇതു്. ക്രിസ്തു ഉടൻതന്നെ അതു സ്വീകരിച്ചു. "സത്യമായി ഞാൻ നിന്നോടു പറയുന്നു, നീ ഇന്നു എന്നോടുകൂടി പറുദീസായിലായിരിക്കും." അതേ ക്രിസ്തുവിനോടുകൂടി പറുദീസായിലായിരിക്കുവാൻ, ക്രിസ്തുവിനോടുകൂടി അവിടുത്തെ സഭയിലായിരിക്കുവാൻ, സത്യസഭയിലേക്കു മാനസാന്തരപ്പെടുവാൻ, ഇടതുവശത്തെ കള്ളൻ പോയ വഴിയേ അല്ലാ ചരിക്കേണ്ടതു്.

ശ്രീ വറുഗീസ് യാക്കോബായ സഭ ഉപേക്ഷിച്ചു കത്തോലിക്കനാകുവാനുണ്ടായ സാഹചര്യങ്ങളെയും കാരണങ്ങളെയുമാണു തന്റെ ആത്മകഥാകഥനത്തിൽ വിവരിച്ചിരിക്കുന്നതു്. അതിനെ ഖണ്ഡിക്കുവാനാണു ശ്രീ പട്ടശേരിൽ പൗലൂസ്മാപ്പിളയുടെ ശ്രമം. ആ ശ്രമം എത്രത്തോളം ഫലിക്കുന്നു എന്നു് ഒന്നു നോക്കുന്നതു രസകരമായിരിക്കുമല്ലോ. (തുടരും)


## സാക്ഷാൽ "കാളൻ"

സ്ഥാപനംവക 3 സിദ്ധൌഷധങ്ങൾ

കാളൻ'സ്

**നിംബാസവം** ശീതവീര്യമുള്ളതും രൂക്ഷം, ലഘു എന്നീ ഗുണങ്ങളുള്ളതുമായ ഒരു ദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന പിത്തത്തേയും കഫത്തേയും മേദസ്സിനേയും (അമിതമായ ചൂടിനേയും അമിതമായ പുഷ്ടിപ്പിനേയും) നശിപ്പിക്കയും കഫത്തേയും സപ്തധാതുക്കളേയും ശുദ്ധീകരിക്കയും, ജാഠരാഗ്നിയേയും രുചിയേയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

20 ഔൺസ് കുപ്പി 1 ക്ക് വില 2—0—0

കാളൻ'സ്

**ദ്രാക്ഷാഘൃതം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കയും (ദേഹത്തെ പുഷ്ടിപ്പെടുത്തുകയും), തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം, ആർത്തവരക്തം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കയും, രക്തത്തെ ശുദ്ധീകരിക്കയും, ജാഠരാഗ്നിയെ ജ്വലിപ്പിക്കുകയും ചെയ്യുന്നു.

5/8 (അരേഅരക്കാൽ) റാ. കുപ്പി 1 ക്ക് വില 4—0—0

കാളൻ'സ്

**ശാരിബാതൈലം** ശീതോഷ്ണമായതും ഗുരുത്വമുള്ളതുമായ ഒരു സ്നേഹദ്രവ്യമായതുകൊണ്ടു് വിധിപ്രകാരം തലയിലും ദേഹത്തിലും തേക്കുമ്പോൾ വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) അകാലത്തിങ്കലുണ്ടാകുന്ന ജരാനരകളേയും നശിപ്പിക്കയും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും ഓജസ്സിനേയും (ശരീരകാന്തിയേയും) വർദ്ധിപ്പിക്കയും, സുഖനിദ്രയെ ഉണ്ടാക്കുകയും, രക്തത്തെ ശുദ്ധീകരിക്കുകയും ചെയ്യുന്നു.

19 ഔൺസ് കുപ്പി 1 ക്ക് വില 3—0—0

ഈ ഔഷധങ്ങൾ പത്ഥ്യമില്ലാതെ ഉപയോഗിക്കാവുന്നവയാണെങ്കിലും, വാതപിത്തങ്ങളുടെ ആധിക്യംകൊണ്ടും കഫത്തിന്റേയും ധാതുക്കളുടേയും ക്ഷയംകൊണ്ടും ഉണ്ടാവുന്നതരം രോഗങ്ങളനുഭവപ്പെടുമ്പോൾ ഉപ്പു്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, മത്സ്യം, മുതിര, തൈരു്, മോരു്, കടല, പയറു്, ചായ, കാപ്പി, മദ്യം മുതലായ ഉഷ്ണവീര്യമുള്ളവയും രൂക്ഷഗുണമുള്ളവയുമായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, പട്ടിണികിടക്കുക, ഉറക്കമൊഴിക്കുക മുതലായ കർമ്മങ്ങളേയും സാധിക്കുന്നത്ര ഉപേക്ഷിക്കുന്നതു് താമസം വിനാ രോഗശമനം സിദ്ധിക്കുന്നതിന്നു് ഏററവും ഉത്തമമാണു്. ഉപയോഗക്രമങ്ങൾ അതാതു് ഔഷധങ്ങളുടെകൂടെ ഉണ്ടായിരിക്കുന്നതാണു്.

### കാളൻ'സ് സെയിൽസ് ഡിപ്പോകൾ

കണ്ണൂർ: കാംബസാർ ഈസ്റ്റ്.
തലശ്ശേരി: മിഷ്യൻ സ്കൂളിന്നുസമീപം.
കോഴിക്കോട്: S. M. സ്ട്രീററ്.
കോയമ്പത്തൂർ: ഒപ്പനക്കാര സ്ട്രീററ്.
പാലക്കാട്: കോട്ട് റോഡ്.
തൃശ്ശൂർ: മൻസിപ്പൽ ആപ്പീസ് റോഡ്.
എറണാകുളം: കാനൻ ഷെഡ് റോഡ്.
കോട്ടയം: പുളിമൂട്ടിൽ കവല.
ആലപ്പുഴ: ബോട്ടുജെട്ടിക്കു് സമീപം.
കൊല്ലം: മെയിൻ റോഡ്.
തിരുവനന്തപുരം: സ്റ്റാച്യു റോഡ്.

### കാളൻ'സ് ഏജൻസികൾ 172.

N. B. ഔഷധങ്ങൾ വാങ്ങിക്കുമ്പോൾ കുപ്പികളുടെ ലേബലുകളിന്മേൽ ഈ മുദ്രയും, KALAN'S എന്നുംകാണുന്നുണ്ടോ എന്നു് പ്രത്യേകം പരിശോധിക്കണം. എന്തുകൊണ്ടെന്നാൽ ഈ അടയാളങ്ങൾ രണ്ടും ഇല്ലാതെ "കാളൻ" എന്ന പേരിൽ കാണപ്പെടുന്ന ഔഷധങ്ങൾ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമാകുന്നു.

TELEGRAM:
KALAN, Alagappanagar.

## കാളൻ, നെല്ലായി.


(2-ാംപേജ് തുടർച്ച)

ത്തികഴിഞ്ഞു. "മോനെ... അമ്മ ...പോ......" അവൾ വീണ്ടും ആൻറണിയുടെ മടിയിലേക്കു് തളർന്നുവീണു. ആ ശുഷ്കിച്ച മാറിടം രണ്ടുമൂന്നു പ്രാവശ്യം ഉയരുകയും താഴുകയും ചെയ്തു. ആ വരണ്ട ചുണ്ടുകൾ പലവുരു വിടരുകയും കൂമ്പുകയും ചെയ്തിട്ടു് അവ സാവധാനമായി വിടർന്നുകൊണ്ടുതന്നെ നിശ്ചലങ്ങളായി. മറിയാമ്മയുടെ ദേഹി അതിന്റെ കൂടുപൊളിച്ചു സ്വതന്ത്രമായി. ആ വിളർത്തു നീണ്ട ശരീരം വാടിക്കരിഞ്ഞ ഒരു തളിരിലപോലെ ആ കീറപ്പായിൽ നിശ്ചലമായി ശയിച്ചു. ജോണി മറിയാമ്മയുടെ തണുത്ത ശരീരത്തിൽ കെട്ടിപ്പിടിച്ചുകൊണ്ടു് പൊട്ടിക്കരഞ്ഞു. അവന്റെ ദീനവിലാപധ്വനി നിശ്ചലവും നിശ്ശബ്ദവുമായ പാതിരായുടെ അന്തരീക്ഷത്തിലൂടെ പാഞ്ഞുചെന്നു കറുത്തിരുണ്ട ചക്രവാളസീമകളിൽ തട്ടി പ്രതിധ്വനിച്ചു. ആൻറണി മുഖം കൈകൊണ്ടു് പൊത്തിപ്പിടിച്ചു തേങ്ങിക്കരഞ്ഞു. പാതിരായുടെ നീണ്ട യാമങ്ങൾ കണ്ണീരും കരച്ചിലും കണ്ടുകൊണ്ടു മുന്നോട്ടുനീങ്ങി.

ഇരുളിന്റെ തിരശ്ശീല മെല്ലെ മെല്ലെ ഉയരുകയായിരുന്നു. അങ്ങകലെനിന്നു് സെൻട്രൽസ്റ്റേഷനിലെ ടവർക്ലോക്കു് 4 അടിക്കുന്നതു കേട്ടപ്പോൾ, ആൻറണി കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞുനില്ക്കെത്തന്നെ അയാളുടെ ചെറിയ ഡയറിയിൽ ഒരു മുറിപ്പെൻസിൽകൊണ്ടു് വിറച്ചുവിറച്ചെഴുതി: "എന്റെ ജീവിതത്തിന്നൊരു താങ്ങും തണലുമായിരുന്ന മറിയാമ്മ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുകഴിഞ്ഞു. വേദനിക്കുന്ന എന്റെ ഹൃദയത്തിൽ ഇന്നു് ആശ്വാസത്തിന്റെ ശീതളതൈലം ലേപനം ചെയ്യുന്നതു് ഒരേ ഒരു ചിന്തമാത്രമാണു്; സർവ്വജ്ഞനായ ദൈവത്തിനു്, മറിയാമ്മയുടെ മരണത്തിൽ എന്റെ നന്മയെ ലാക്കാക്കിക്കൊണ്ടുള്ള എന്തെങ്കിലും പ്രത്യേകോദ്ദേശങ്ങളുണ്ടായിരിക്കാമെന്ന ആ ചിന്തമാത്രം." (തുടരും)

Reg· No· M· 2298

# Sathya Deepam

Vol. 29 Ernakulam May 9 1956 No. 38



## ബാലരംഗം

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ജെമ്മാ അന്നു രാവിലെ ദേവാലയത്തിലേക്കു പോയതു് വിവിധവികാരങ്ങൾ നിറഞ്ഞിരുന്ന ഒരു ഹൃദയത്തോടുകൂടിയായിരുന്നു. അവളുടെ വാത്സല്യംനിറഞ്ഞ അമ്മയുടെ ഗൗരവമായ സുഖക്കേടു്. അമ്മ അവളോടുകൂടിയില്ലാത്തതിലുള്ള സങ്കടം. അവൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു അമ്മ അരികത്തില്ലാത്തതിലുള്ള ഭയം. ഇങ്ങനെ വിവിധതരത്തിലുള്ള ആശങ്കകളും ദുഃഖവിചാരങ്ങളും അവളെ അലട്ടിക്കൊണ്ടിരുന്നു. എന്നാൽ സ്നേഹയീശോയെ അവളുടെ ഹൃദയത്തിൽ സ്വീകരിക്കാം. വൈദികാദ്ധ്യക്ഷന്റെ കൈയിൽനിന്നു മുമ്പിലത്തെ പ്രൈശുദ്ധമാം കൈക്കൊള്ളാം. അനേകമനേകം ദൈവാനുഗ്രഹങ്ങൾ പ്രാപിക്കാം. അവൾക്കാവശ്യമുള്ളതെല്ലാം ഈശോയോടപേക്ഷിക്കാം. അവളുടെ അമ്മയ്ക്കു സൗഖ്യംകൊടുക്കുന്നതിനും അപേക്ഷിക്കാം, അവളുടെ ഹൃദയത്തെ ആനന്ദിപ്പിക്കുന്ന ചിന്തകളായിരുന്നു ഇവ. വാസ്തവത്തിൽ വിശുദ്ധ കുർബാനയിൽ അവൾ സ്വീകരിച്ച ഈശോയോടു അവൾ എല്ലാം തുറന്നുപറഞ്ഞു. ആ സംഭാഷണത്തിൽ ജെമ്മാ അത്യധികം ആനന്ദം അനുഭവിച്ചു. എന്നാൽ ദിവ്യയീശോ ഏഴുവയസ്സുമാത്രം പ്രായമുള്ള ജെമ്മായ്ക്കു ആ അവസരത്തിൽ ഒരു കുരിശു സമ്മാനിച്ചു. അവളെ അങ്ങേയറ്റം വിഷമിപ്പിച്ച ഒരു പ്രശ്നം. അതെന്തായിരുന്നു? "ജെമ്മാ, നിന്റെ അമ്മയെ എനിക്കു തരാമോ?" ജെമ്മാ ഏററമധികം സ്നേഹിക്കുന്ന അമ്മയെ—ആ അമ്മയുടെ അഭാവത്തിൽ എല്ലാം ശൂന്യമായി അവൾക്കനുഭവപ്പെടുന്ന അമ്മയെ—ഈശോയ്ക്കു വേണംപോലും! ജെമ്മാ വിട്ടുകൊടുക്കണംപോലും!!

ഇതാണു് ഈശോയുടെ വഴി. നിങ്ങൾ ചിത്രങ്ങൾ കണ്ടിരിക്കും, ഉണ്ണീശോ യൗസേപ്പിന്റെ പണിപ്പുരയിൽ ഇരുന്നു ചെറിയ കുരിശുകൾ ഉണ്ടാക്കിക്കളിക്കുന്നതായിട്ടു്. അതു കളിയല്ല. ഒരു വലിയ തത്വം അതിനുപുറകിലുണ്ടു്. ഈശോയുടെ സ്നേഹം കുരിശുകളിലൂടെയാണു് മനുഷ്യരിലേക്കു ഒഴുകുന്നതു്. ഈശോ ഒരു വലിയ മരക്കുരിശിൽ തൂങ്ങി മനുഷ്യരെ രക്ഷിച്ചു. അതുകൊണ്ടു് കുരിശു രക്ഷയുടെ അടയാളമായിത്തീർന്നു. കുരിശുവഴി ഈശോ സാധിച്ചതായ രക്ഷ മനുഷ്യർക്കു പ്രയോജനപ്പെടുന്നതിനു അവിടുന്നു ഓരോ കുരിശുകൾ ഓരോരുത്തർക്കും കൊടുക്കുന്നു. നിങ്ങൾ ഓർക്കുന്നില്ലേ ഈശോ പറഞ്ഞ ആ വാക്യം:- "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ അവന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" എന്നു്. ആ കുരിശാണു് നമ്മുടെ ജീവിതത്തിൽ അനുഭവപ്പെടുന്ന കുരിശുകൾ—ഈശോതന്നെ സ്നേഹപൂർവ്വം നമുക്കു തരുന്ന കുരിശുകൾ.

വല്യേട്ടൻ

മുമ്പിലത്തെ പ്രൈശുദ്ധമാം സ്വീകരിച്ചശേഷം
അവൾ ഈശോയുമായി സംഭാഷിച്ചു




## 69-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മരണം

## പ്രശ്നം നമ്പ്ര് 70

(തോമസ് ടി. മണ്ഡപത്തിൽ Reg· No· 1)

എന്നെക്കൂടാതെ ജീവിക്കുവാൻ ലോകത്തിൽ ആർക്കും സാദ്ധ്യമല്ല. എന്നെപ്രതിയുള്ള ബഹളമാണു് ലോകം മുഴുവനും. എന്റെ പേരിനു മൂന്നക്ഷരം. ആദ്യക്ഷരം ആത്മാവിലുണ്ടു്, ശരീരത്തിലില്ല. രണ്ടാമത്തെ അക്ഷരം സഹാറായിലുണ്ടു്, മരുഭൂമിയിലില്ല. മൂന്നാമത്തെ അക്ഷരം പലഹാരത്തിലുണ്ടു്, പായസത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

നിങ്ങൾ അവധിക്കാലം ആസ്വദിക്കയാണല്ലോ. പുസ്തകങ്ങൾ വായിച്ചും കഥകൾ പറഞ്ഞും അങ്ങുമിങ്ങും സഞ്ചരിച്ചും കാഴ്ചകൾ കണ്ടും പാട്ടുകൾ പാടിയും നിങ്ങൾ അവധി ആഘോഷിക്കയായിരിക്കും.

ഈ അവസരത്തിൽ നിങ്ങൾ നിങ്ങളുടെ സ്വഭാവഗുണങ്ങളെക്കുറിച്ചു സ്വയം ഒന്നു പരിക്ഷിച്ചുവെക്കുന്നതു് കൊള്ളാം.

ഒരപ്പനും അമ്മയും അവരുടെ മക്കളായ ബേബിയും കുഞ്ഞൂഞ്ഞും ഒരു വീട്ടിൽ വാസമാണു്. ഒരു ദിവസം മൂത്തവനായ ബേബിക്കു അപ്പൻ 5 രൂപ സമ്മാനം കൊടുത്തു. ബേബി വളരെയേറെ സന്തോഷിച്ചു. അവനോടു് അപ്പനുള്ള സ്നേഹത്തെക്കുറിച്ചും മററും അവനഭിമാനിച്ചു. അവൻ ആ 5 രൂപ കുഞ്ഞൂഞ്ഞിനെ കാണിച്ചു. അനുജൻ ചീത്തക്കുട്ടിയായതുകൊണ്ടാണവനു് ഒന്നും കിട്ടാത്തതു് എന്നെല്ലാം പറഞ്ഞു. അപ്പോൾ കുഞ്ഞൂഞ്ഞു തന്റെ നിക്കറിന്റെ പോക്കററിൽനിന്നും 6 രൂപ എടുത്തു ജ്യേഷ്ഠനെ കാണിച്ചിട്ടു് അപ്പൻ തനിക്കു് 6 രൂപ തന്നിരിക്കുന്നതായി പ്രസ്താവിച്ചു. അനുജന്റെ 6 രൂപ കണ്ടമാത്രയിൽ ബേബിയുടെ മുഖത്തു കരിനിഴൽ വീശി. അവൻ അസൂയകൊണ്ടു വിറയ്ക്കാൻ തുടങ്ങി. അവന്റെ എല്ലാ സന്തോഷവുംപോയി. അനുജനുമായി വഴക്കിടാൻ അവൻ തയാറായി.


നിങ്ങളാരെങ്കിലുമാണെങ്കിൽ ഇങ്ങനെയൊരു പരിതസ്ഥിതിയിൽ എന്തുചെയ്യുമെന്നു് സ്വയം പരിശോധിക്കൂ.

അവനവനു് എന്തെങ്കിലും കിട്ടുന്നതിൽ സന്തോഷിക്കുകയും മററാർക്കു് അതേസാധനം കിട്ടിയാൽ ദുഃഖിക്കയും ചെയ്യുന്ന ശീലം ചിലർക്കുണ്ടു്. അതു കുട്ടിക്കാലത്തുതന്നെ നിക്കംചെയ്യേണ്ട ശീലമാണു്.

പണ്ടു് ഒരു നായാട്ടുകാരൻ വറീതിനു് യാക്കോബെന്നൊരു മകനുണ്ടായിരുന്നു. പിതാവിന്റെ തൊഴിൽ മകനും കുറേശ്ശെ ശീലിച്ചു. കാണുന്ന ജന്തുക്കളെ ഒക്കെ, അതു തിന്നാൻ കൊള്ളാമെങ്കിലും ശരി ഇല്ലെങ്കിലും ശരി കൊല്ലുന്നതിൽ യാക്കോബിനു വലിയ വിനോദമായിരുന്നു. ഈ യാക്കോബു് വളർന്നു് വിദ്യാഭ്യാസമെല്ലാം കഴിഞ്ഞു് ജോലിയായി പെണ്ണുംകെട്ടി സ്വന്തം വീട്ടിൽ താമസമായി. അയാൾ സുഖമായി കുടുംബജീവിതം അനുഷ്ഠിക്കയാണു്. പക്ഷേ സമുദായത്തിൽ എല്ലാവർക്കും യാക്കോബിനോടു് വെറുപ്പാണു്. കാരണം എന്താണെന്നോ. ആരെ ജേക്കബു് കണ്ടാലും അയാളെ കരയിപ്പിക്കാതെ യാക്കോബു് സമ്മതിക്കില്ല. ചിലർ ഉള്ളിൽ കരയും. ചിലർ ഉറക്കെ പുറമെതന്നെ കരയും.

നിങ്ങൾ യാദൃശ്ചികമായി യാക്കോബിനെ കണ്ടെന്നിരിക്കട്ടെ. ഉടനെ മുഖത്തുനോക്കി ചോദിക്കയായി "എന്താടോ തനിക്കു് സുഖമില്ലെന്നു തോന്നണല്ലോ?" "ശരിയാ ചെറിയൊരു രണ്ടു ദിവസമായി ശരീരത്തിനു സുഖമില്ല" നിങ്ങൾ മറുപടി പറയേണ്ടതാമസം. "തനിക്കു് മസൂരിയാണു്, സംശയമില്ല. കഷ്ടം, താനുടനെ മരിച്ചേക്കും. താൻ തന്നെയല്ല വീട്ടിലുള്ളവർക്കെല്ലാം ഈ സുഖക്കേടു് പകരും. അവരും ഒക്കെ ചത്തുപോകും." യാക്കോബിതെല്ലാം ഒററശ്വാസത്തിനു പറഞ്ഞുകഴിയും. കേൾക്കുന്ന ആൾക്കു് വാസ്തവത്തിൽ ദണ്ഡം തോന്നാതിരിക്കുമോ?

ലോകത്തിലെ എല്ലാ സുഖസാധനങ്ങളും യാക്കോബിനുമാത്രമേ പാടുള്ളു എന്ന നിർബന്ധമുള്ളതുപോലെയാണു്. മററാർക്കെങ്കിലും



"അവൻ അസൂയകൊണ്ടു വിറയ്ക്കാൻ തുടങ്ങി"

ഒരു ഗുണം വരുന്നതുകണ്ടാൽ യാക്കോബിനു് പെട്ടെന്നു് ദേഷ്യമായി. അതോടെ അയാളുടെ വീട്ടിലും അയാൾ നരകം നിർമ്മിക്കും.

നിങ്ങളിലാർക്കെങ്കിലും നമ്മുടെ യാക്കോബിന്റെ സ്വഭാവമുണ്ടോ? നിങ്ങളുടെ സാന്നിദ്ധ്യം ഒരു ജീവിയെങ്കിലും വെറുക്കുന്നുണ്ടോ? നിങ്ങൾ എപ്പോഴും നല്ല വാക്കു പറയുക. ആർക്കും വെറുപ്പു തോന്നിക്കാതിരിക്കുക. നിങ്ങളുടെ പ്രവൃത്തിയോ വാക്കുകളോ എപ്പോഴും മററുള്ളവർക്കു് സുഖവും സന്തോഷവും ആശ്വാസവും ഉണ്ടാക്കുന്നതായിരിക്കട്ടെ.

ഒരു വ്യക്തിയുടെ സ്വഭാവഗുണങ്ങളാണു് ആ വ്യക്തിക്കു് സമുദായത്തിൽ സ്ഥാനം ഉണ്ടാക്കിക്കൊടുക്കുന്നതു്. ഒരു വ്യക്തിയുടെ ദുശ്ശീലങ്ങളും ദുശ്ശാഠ്യങ്ങളും അയാൾക്കു് ജനങ്ങളുടെ ഇടയിൽ സ്ഥാനവും വിലയും ഇല്ലാതാക്കുന്നു. കുഞ്ഞുങ്ങൾ ആരുടേയും വെറുപ്പു് സമ്പാദിക്കാൻ ഇടകൊടുക്കാതിരിക്കുക.

കൂട്ടുകാരെ തെരഞ്ഞെടുക്കുന്നതിൽ വളരെ ശ്രദ്ധിക്കേണ്ടതുണ്ടു്. നല്ല കൂട്ടുകാർ നിങ്ങളെ നല്ലവഴിക്കു പോകാൻ പ്രേരിപ്പിക്കുന്നു. ദുഷിച്ച കൂട്ടുകാർ നിങ്ങളെ ചീത്തകാര്യങ്ങളിലേക്കു വലിച്ചിഴയ്ക്കുന്നു.

കഴിഞ്ഞൊരുദിവസം സേവിയർ എന്ന ഒരു കോളേജ് വിദ്യാർത്ഥി അവന്റെ രണ്ടു കൂട്ടുകാരൊരുമിച്ചു് ഒരിടത്തു സർക്കീട്ടുപോയി. രാവിലെ മൂന്നുപേരുംകൂടി സൊള്ളപറഞ്ഞുപോയതാണു്.

വൈകുന്നേരം ഏതാണ്ടൊരു മൂന്നരമണിക്കു സേവിയറിനെ കൂട്ടുകാർ ഒരു റിക്ഷാവണ്ടിയിൽ കയററി ബോധമില്ലാത്ത നിലയിൽ അയാളുടെ വീട്ടിൽ കൊണ്ടുവന്നു. മണ്ണിൽ വീണുരുണ്ടു ചര്ദ്ദിച്ചു് ദുർഗ്ഗന്ധം വമിക്കുന്ന വസ്ത്രങ്ങളോടെയാണു് സേവിയറിനെ റിക്ഷായിൽനിന്നു് താങ്ങി പുറത്തെടുത്തതു്.

നോക്കണേ! ഇതുവരെ ജീവിതത്തിൽ ഒരു തുള്ളിപോലും മദ്യം കഴിച്ചിട്ടില്ലാത്ത സേവിയറിനെ കൂട്ടുകാർ പ്രേരിപ്പിച്ചു് മദ്യം കുടിപ്പിച്ചു് വഴിയിൽ ബോധമില്ലാതെ ഉരുളാൻ ഇടവരുത്തി. നല്ല പയ്യനെന്നു് അതുവരെ കരുതിയിരുന്നവർ സേവിയറിന്റെ ഈ അവസ്ഥയിൽ അവനേക്കുറിച്ചെന്തു വിചാരിച്ചിരിക്കും?

വെക്കേഷനു് നല്ല ശീലങ്ങൾ നിങ്ങളിൽ നട്ടുവളർത്തുക. സ്വയം ശുദ്ധീകരിക്കാൻ—നല്ല സ്വഭാവഗുണം നിങ്ങളിൽ പ്രകാശിപ്പിക്കാൻ—പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ ശ്രദ്ധിക്കൂ. നല്ലവരായിത്തീരൂ. സ്നേഹപൂർവ്വം നിങ്ങളുടെ സ്വന്തം കുഞ്ഞമ്മാവൻ.



"ഇപ്പഴത്തെ മുനിസിപ്പൽ പ്രസിഡൻറു നമ്മളെ കറൻറു പിടിപ്പിച്ചു കൊല്ലുന്നാ പറയുന്നകേട്ടു്!"

"ഛേയ്! ടൗണിലെ കൊതുകും ഈച്ചേം ഭിക്ഷക്കാരും അവസാനിച്ചിട്ടേ നമ്മടെ കേസെടുക്കോളു. നിയ്യ് ചുമ്മാതിരി!"

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1